ശ്രീരാമവർമ്മഗ്രന്ഥാവലി

# ത്രിപുരദഹനം

പ്രബന്ധം.

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മറ്റിയിൽനിന്ന
പ്രസിദ്ധപ്പെടുത്തുന്നതു്.

RAMA VARMA RESEARCH INSTITUTE,
TRICHUR, COCHIN STATE.

ശ്രീരാമവർമ്മഗ്രന്ഥാവലി

# ത്രിപുരദഹനം

## പ്രബന്ധം.

(ടിപ്പണീസഹിതം.)

കൊച്ചി
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നത്.

കോപ്പി ൫൦൦

തൃശ്ശിവപേരൂർ മംഗളോദയം പ്രസ്സിൽ അച്ചടിച്ചതു്.

൧൧൦൮

പകർപ്പവകാശം
കമ്മിററിക്കുമാത്രം

വില അണ ൨.

# പ്രസ്താവന

അമുദ്രിതങ്ങളായ ഭാഷാഗ്രന്ഥങ്ങൾ തേടിപ്പിടിച്ചു് അബദ്ധം കൂടാത്ത വിധത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നതു് ഭാഷാപരിഷ്കരണമാർഗ്ഗങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നായിട്ടാണു് ഭാഷാപരിഷ്കരണക്കമ്മിറ്റി വിചാരിച്ചിട്ടുള്ളതു്. ഭാഷാസാഹിത്യത്തിലെ അമുദ്രിതഗ്രന്ഥങ്ങളിൽവച്ചു് ഒരു പ്രധാനസ്ഥാനം വഹിക്കുന്നവയാണു് ചമ്പൂപ്രബന്ധങ്ങൾ എന്നതിനു സംശയമില്ല. അതിനാലാണു് അല്പകാലത്തിനുമുമ്പു ശൌരിചരിതം മുതലായ ചില അമുദ്രിതചമ്പൂപ്രബന്ധങ്ങൾ കമ്മിറ്റിയിൽനിന്നു പ്രസിദ്ധപ്പെടുത്തുകയുണ്ടായിട്ടുള്ളതു്. അതിനെത്തുടർന്നുകൊണ്ടു്, തൃപ്പൂണിത്തുറ ഈടുവസ്തുഗ്രന്ഥശാലയിലെ ൧൧൦൯-ാം നമ്പർ താളിയോലഗ്രന്ഥത്തിൽനിന്നു പകർത്തി ചില ചമ്പൂപ്രബന്ധങ്ങൾ ടിപ്പണിയോടുകൂടി അച്ചടിച്ചു പ്രസിദ്ധംചെയ്യാൻ കമ്മിറ്റി തയ്യാറാക്കിവരുന്നുണ്ടു്. അവയിലൊന്നാണു് മഹാജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്ന ഈ 'ത്രിപുരദഹനം'.

ഭാഷാസാഹിത്യത്തിന്റെ ചരിത്രകാലത്തെ ഋതുക്കളായി ഭാഗിക്കാമെങ്കിൽ ചമ്പൂപ്രബന്ധങ്ങളുടെ കാലം ഋതുരാജനായ വസന്തം തന്നെയാണെന്നു് പറയാവുന്നതാണു്. ഈ ഋതുവിൽ നാനാപ്രകാരങ്ങളിലുള്ള പ്രബന്ധ

പ്രസൂനങ്ങൾ വിരിഞ്ഞു സാഹിത്യാരാമത്തെ പല പ്രകാരത്തിൽ ശോഭിപ്പിക്കുന്നു. നയനാനന്ദവും ഘ്രാണപ്രീതിയുമുളവാക്കുന്ന സുരഭിലകുസുമങ്ങൾ, ശ്രവണങ്ങളിൽ അമൃതവർഷം ചെയ്യുന്ന കോകിലാലാപം ഭൃംഗഝങ്കാരം മുതലായവ, ത്വക്കിനെ സുധാദ്രവത്തിലാറാടിക്കുന്ന മന്ദമാരുതൻ, രസനയെ ദിവ്യസുഖമനുഭവിപ്പിക്കുന്ന മകരന്ദം മുതലായവ ഈ ഋതുവിലെ അസാധാരണവിഭവങ്ങളത്രെ. ഈ വാസന്തികവിഭൂതികളെ അനുഭവിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടി സാഹിത്യാരാമത്തിൽ സ്വൈരവിഹാരമാരംഭിക്കുന്ന സഹൃദയജനങ്ങൾ അദൃഷ്ടമായ ഏതോ ഒരു ദിവ്യലോകത്തിൽ പ്രവേശിച്ചാലെന്നപോലെ ചമൽകൃതമതികളായിഭവിക്കുന്നു.

മേൽപ്പറഞ്ഞ വാസന്തവാസരങ്ങളിൽ സാഹിത്യാരാമത്തിൽ വികസിച്ച പ്രബന്ധപുഷ്പങ്ങളെ അഴകിലും വാസനയിലുമുള്ള തരതമഭാവം പുരസ്കരിച്ച് ഉത്തമം, മദ്ധ്യമം, അധമം എന്നിങ്ങനെ മൂന്നിനമായി വിഭജിക്കാം. നയനാസേചനകങ്ങളും വാസനാഭാസുരങ്ങളും "മധുമദമണമോലു"ന്നവയുമായിട്ടുള്ളവ ഒന്നാമത്തെ ഇനത്തിലും, ആകൃതിഗുണംകൊണ്ടും വാസനാവൈഭവംകൊണ്ടും അല്പം താഴ്ന്നു നിൽക്കുന്നവയും എന്നാൽ ആകപ്പാടെ വിശ്വശില്പിയുടെ ശില്പകലാനൈപുണ്യത്തെ പ്രകടിക്കുന്നവയുമായിട്ടുള്ളവ രണ്ടാമത്തെ ഇനത്തിലും, ആകൃതിയിലും പ്രകൃതിയിലും അതിലും ഗുണം കുറഞ്ഞവ മൂന്നാമത്തെ ഇനത്തിലും അന്തർഭവിക്കുന്നതാണ്. രാമായണചമ്പു, നൈഷധചമ്പു, കൊടിയവിരഹം, കാമദഹനം, രാജരത്നാവ

ലീയം മുതലായവ ചമ്പൂപ്രബന്ധങ്ങളിൽ ഉത്തമസ്ഥാനത്തെ അർഹിക്കുന്നവയാണെന്നു സഹൃദയജനസമ്മതമാകുന്നു. ശേഷമുള്ളവ നിപുണന്മാരായ നിരൂപകന്മാരുടെ അഭിപ്രായമനുസരിച്ചു യഥാസംഭവം മദ്ധ്യമങ്ങളായോ അധമങ്ങളായോ വിഭജിക്കാവുന്നതാണ്.

ഉത്തമങ്ങളായ എല്ലാ വസ്തുക്കളുടേയും ഉൽപത്തി, ചരിത്രം മുതലായവയെപ്പററി തത്വാഗവേഷണം ചെയ്യുന്നതിൽ മനുഷ്യന്റെ മനസ്സ് നിരപേക്ഷമായ കൌതുകത്തോടും തീവ്രവേഗത്തോടുംകൂടി പ്രവർത്തിക്കുന്നു. മദ്ധ്യമങ്ങളായ വസ്തുക്കളുടെ കാര്യത്തിൽ അതു മദ്ധ്യവേഗത്തോടും പ്രയോജനാപേക്ഷയനുസരിച്ചും മാത്രമേ വ്യാപരിക്കുന്നുള്ളു. അധമവസ്തുക്കളുടെ വിഷയത്തിലാകട്ടെ മനുഷ്യബുദ്ധിയുടെ ജിജ്ഞാസ ശുഷ്കഭൂമിയിലെ പ്രസ്രവംപോലെ വററി വരണ്ടു പോകുന്നു. ജിജ്ഞാസയിലുള്ള ഈ ഭേദം ജ്ഞാനത്തിലും കാണാതിരിപ്പാൻ തരമില്ല. പ്രകൃതമായ സാഹിത്യാരാമത്തിലെ പ്രബന്ധപുഷ്പങ്ങളിലും ഉത്തമങ്ങളായവയുടെ ഉൽപത്തിചരിത്രാദികൾ പരക്കെ പരിജ്ഞാതങ്ങളാണെങ്കിലും, മദ്ധ്യങ്ങളായുള്ളവയിൽ പലതിന്റെയും തത്വം ആരും അറിയാതെയാണു കിടക്കുന്നതു്. അവയുടെ ഉത്ഭവത്തിനു ഹേതുക്കളായ കവിദ്രുമങ്ങളുടെ പേർപോലും ആരും അറിയാതെയാണിരിക്കുന്നതു്. എന്നാൽ ഇതു ജനങ്ങളുടെ ജ്ഞാനവൈകല്യത്തെയല്ലാതെ അവയുടെ ഗുണവൈരള്യത്തെ സൂചിപ്പിക്കുന്നില്ല.

പ്രകൃതമായ ത്രിപുരദഹനം മേൽപ്പറഞ്ഞ രണ്ടാമ

ത്തെ ഇനത്തിൽ മേലേക്കിടയിൽ പെട്ടതാവുന്ന ഒരു ചമ്പൂപ്രബന്ധമാണ്. പുരാണപ്രസിദ്ധമായ ത്രിപുരാസുരദഹനം തന്നെയാണ് ഇതിലെ പ്രതിപാദ്യവസ്തു. ലോകത്രയകണ്ടകനായ താരകാസുരനെ ദേവസേനാപതിയായ ശ്രീസുബ്രഹ്മണ്യസ്വാമി നിഗ്രഹിച്ചതിനുശേഷം ആ താരകാസുരന്റെ പുത്രന്മാരായ വിദ്യുന്മാലി, കമലാക്ഷൻ, താരകാക്ഷൻ എന്നിവർ പരമശിവനെ തപസ്സുകൊണ്ടു പ്രത്യക്ഷനാക്കി അവിടത്തെ തൃക്കയ്യിൽനിന്ന് ആരാലും അഭേദ്യവും അത്യാശ്ചര്യകരവും "അഖിലശസ്ത്രാസ്ത്രദുർഗ്ഗാദിപൂർണ്ണ"വുമായ മൂന്നു പുരങ്ങളെ സമ്പാദിച്ചു. ആ ത്രിപുരങ്ങളിലിരുന്നുകൊണ്ടു് അവർ യഥേഷ്ടം ഭുവനങ്ങളിൽ സഞ്ചരിക്കാമെന്നും, പന്തീരാണ്ടു കൂടുമ്പോളൊരിക്കൽ എവിടെവച്ചെങ്കിലും അവർ തമ്മിൽക്കാണുവാൻ സാധിക്കുമെന്നും, അങ്ങനെ കണ്ടെത്തുന്ന സമയത്ത് ശിവൻതന്നെ ഒരു ശരംകൊണ്ടു് മൂവരേയും ഒരുമിച്ചു കൊന്നുവെങ്കിലല്ലാതെ അവർ മരണം വരികയില്ലെന്നും അവർ വരവും വാങ്ങി. വരലാഭത്താൽ മദാന്ധന്മാരായിച്ചമഞ്ഞ ത്രിപുരന്മാർ ത്രൈലോക്യത്തിലെങ്ങും നിർഭയം സഞ്ചരിച്ചു, സ്വർഗ്ഗഭൂമിപാതാളങ്ങളിൽ വസിക്കുന്ന സകല ജീവികളേയും ദ്രോഹിക്കുവാൻ തുടങ്ങി. ശിവനെ മാത്രം ഒരു വിധത്തിലും മുഷിപ്പിക്കാതെ കഴിക്കുവാൻ വേണ്ടി അവർ ഭസ്മരുദ്രാക്ഷാദികളായ ശിവചിഹ്നങ്ങളെ ധരിച്ചു പതിവായി ശിവപൂജചെയ്തു പോന്നു. അക്കാലത്ത് ത്രിപുരപീഡയാൽ ദേവലോകത്തുനിന്ന് ഭ്രഷ്ടന്മാരാക്കപ്പെട്ട ഇന്ദ്രാദിദേവന്മാർ ത്രൈലോക്യരക്ഷകനും അസുരാന്തകനുമായ മഹാവിഷ്ണുവിന്റെ തിരുമുമ്പിൽ ചെന്നു സങ്കടമുണർത്തി

ച്ച് ത്രിപുരോപദ്രവം തീൎത്തുതരേണമെന്നപേക്ഷിച്ചു. ശിവന്റെ ശരംകൊണ്ടല്ലാതെ ത്രിപുരന്മാൎക്ക് മരണം ഭവിക്കയില്ലെന്ന വാസ്തവം ധരിച്ചിട്ടുള്ള വിഷ്ണുഭഗവാൻ കൈലാസത്തിൽച്ചെന്ന് ശിവനെക്കണ്ടു ദേവന്മാരുടെ കാൎയ്യത്തിൽ ഉദാസീനനെന്ന നിലയിൽ ചിലതു സംസാരിക്കകയുണ്ടായി. അതിൽനിന്ന ശിവന്നു ത്രിപുരന്മാരിലുള്ള വാത്സല്യത്തിന്നു ഹാനിവന്നാലല്ലാതെ ത്രിപുരന്മാരെ നശിപ്പിക്കുവാൻ വഴിയില്ലെന്നും അവരുടെ ശിവഭക്തിക്കു ഹാനിവന്നുവെങ്കിലല്ലാതെ ആ വാത്സല്യം കെട്ടു നശിക്കയുമില്ലെന്നും വിചാരിച്ച് വിഷ്ണുഭഗവാൻ ബുദ്ധമുനിയുടെ വേഷം ധരിച്ച് ബൌദ്ധശാസ്ത്രം നിൎമ്മിച്ച് ഭക്താഗ്രഗണ്യനായ നാരദമുനിയെ ശിഷ്യനാക്കി തന്റെ ഒരുമിച്ചു കൂട്ടി, ത്രിപുരന്മാർ ഒത്തുചേരുന്ന ബോധിവൃക്ഷത്തിന്റെ ചുവട്ടിലിരുന്നു ശിഷ്യനെ പഠിപ്പിക്കുവാൻതുടങ്ങി. അസുരന്മാർ അവിടെ ചെന്നപ്പോൾ അത്ഭുതരൂപനായ ബുദ്ധമുനിയേയും ശിഷ്യനേയും കണ്ടു വിവരങ്ങൾ ചോദിച്ചറിഞ്ഞു. തദനന്തരം ബുദ്ധമുനിയും ദൈത്യന്മാരും തമ്മിൽ ബൌദ്ധശാസ്ത്രത്തേയും ശൈവസിദ്ധാന്തത്തേയും വിഷയീകരിച്ചു ദീൎഘമായ ഒരു വാദം നടത്തി. ബൌദ്ധശാസ്ത്രപ്രകാരം പ്രത്യക്ഷമായി കാണപ്പെടുന്നതു മാത്രമേ സത്യമാകയുള്ളുവെന്നും, ശിവൻ ചാക്ഷുഷപ്രത്യക്ഷവിഷയമല്ലാത്തയാൽ മിത്ഥ്യാകല്പിതനാണെന്നും ബൌദ്ധമുനി വാദിച്ചു. ശിവൻ മാത്രമേ സത്യമായിട്ടുള്ളുവെന്നും തൽഭിന്നമായിട്ടുള്ളതെല്ലാം മിത്ഥ്യയാണെന്നും ത്രിപുരന്മാർ പ്രതിവാദിച്ചു. ഈ ഗംഭീരമായ വാദത്തിൽ ഉഭയപക്ഷക്കാൎക്കും സ്വീകാൎയ്യമാ

യ ഒരു നിൎണ്ണയം വരുത്തുവാൻ പ്രയാസമായപ്പോൾ കാൎയ്യം ഒരുപരീക്ഷകൊണ്ടു തീൎച്ചപ്പെടുത്തണമെന്ന് ബുദ്ധമുനി പറഞ്ഞു. "ഞാൻ ബൌദ്ധശാസ്ത്രത്തിന്റെ പ്രഭാവത്താൽ ഈ ബോധിവൃക്ഷത്തെ ഇല്ലാതാക്കാം. നിങ്ങൾ ശിവപ്രഭാവത്താൽ അതിനെ വീണ്ടും ജനിപ്പിക്കുവിൻ" എന്നു പറഞ്ഞു മായാനിപുണനായ ബുദ്ധമുനി സ്വമായകൊണ്ട് ആ മഹാവൃക്ഷത്തെ അദൃശ്യമാക്കി. ഇത്രയുമായപ്പോൾ ദൈത്യന്മാർ ശിവൻ മിത്ഥ്യാകല്പിതനാണെന്നു സമ്മതിച്ചു ബൌദ്ധമുനിക്കു കീഴടങ്ങി ശൈവചിഹ്നങ്ങൾ വലിച്ചെറിഞ്ഞു ബൌദ്ധമുദ്രകളെ സ്വീകരിച്ചു. ഉടൻതന്നെ കലഹപ്രിയനായ നാരദൻ കൈലാസത്തിൽച്ചെന്നു ത്രിപുരന്മാർ പരമശിവനോടു ചെയ്ത ധിക്കാരത്തെ അറിയിക്കുകയും, അതു കേട്ടു കുപിതനായ ശിവൻ ത്രിപുരസംഹാരത്തിനു മുതിരുകയും ചെയ്തു. തത്സമയം മഹാമേരു വില്ലായി, വാസുകി ഞാണായി, ഭൂമിദേവി തേരായി, സൂൎയ്യചന്ദ്രന്മാർ തേരുരുളായി, ചതുൎവ്വേദങ്ങൾ കുതിരകളായി, വിഷ്ണുഭഗവാൻ അസ്ത്രവുമായി. തത്താദൃശചാപാദികളോടുകൂടിയ രുദ്രൻ തന്റെ ചെന്തിക്കനൽ ചിരപൂന്ന മൂന്നാം തൃക്കണ്ണുകൊണ്ടു് നോക്കി ത്രിപുരങ്ങളെ ദഹിപ്പിക്കുകയും ചെയ്തു.

"രത്നസാനുശരാസനം രജതാദ്രിശൃംഗനികേതനം
ശിഞ്ജിനീകൃതപന്നഗേശ്വരമച്യുതാനലസായകം
ക്ഷിപ്രദഗ്ദ്ധപുരത്രയം ത്രിദശാധിപൈരഭിവന്ദിതം
ചന്ദ്രശേഖരമാശ്രയേമമകിംകരിഷ്യതിവൈയമഃ"

എന്നുള്ള ചന്ദ്രശേഖരസ്തോത്രപദ്യം സുപ്രസിദ്ധമാണല്ലോ.

ഈ കഥാവസ്തു പുരാണകഥാപരിചയമുള്ള വായന

ക്കാക്ക് നയനപ്രീതിയുളവാക്കത്തക്ക പുതുമയൊന്നുമില്ലാത്തതാണ്. എന്നാൽ, പഴയ കഥാവസ്തുവിലും കവി പറയത്തക്ക പുതുമ വരുത്തീട്ടുണ്ട്. വാസനാശാലികളായ കവികൾ കേവലം ജരൽപിണ്ഡകല്പമായ കഥാശരീരത്തിൽകൂടി വർണ്ണനാവൈചിത്ര്യത്താൽ പുതുതായ ഒരു "നീരോട്ടം" വരുത്തി, കഥാശുഷ്കാസ്ഥികളെ വാഗ്വൈചിത്ര്യംകൊണ്ടു മാംസളമാക്കിത്തീർക്കുവാൻ മതിയായവരാണല്ലോ. പലപ്പോഴും കേട്ടു പരിചയമുള്ള ഒരു കഥ വെറും ആഖ്യാനകഥനരൂപേണ നീട്ടിപ്പറയുമ്പോൾ ശ്രോതാക്കൾക്കതിൽ അസ്വാരസ്യം തോന്നും. പക്ഷേ സന്ദർഭമനുസരിച്ച് വർണ്ണന, ആശയവിശേഷം, ശബ്ദാർത്ഥചാതുര്യം മുതലായവയെ വിന്യസിച്ചാൽ അതുതന്നെ സഹൃദയന്മാർക്ക് ആഹ്ലാദപ്രദമായിച്ചമയും. ഇപ്രകാരമുള്ള വൈചിത്ര്യാധാനംകൊണ്ടാണ് വാസ്തവത്തിൽ ചമ്പൂപ്രബന്ധകാരന്മാർ വിജയം നേടിയിട്ടുള്ളത്. ഈ വിഷയത്തിൽ ത്രിപുരദഹനത്തിന്റെ കർത്താവ് ചമ്പൂപ്രബന്ധകാരന്മാരുടെ മുന്നണിയിൽ നില്ക്കുന്നില്ലെങ്കിലും പിന്നണിയിലല്ല നില്ക്കുന്നതെന്നു നിസ്സംശയം പറയാം.

ത്രിപുരന്മാർ പരമശിവനെ ധ്യാനദൃഷ്ടികൊണ്ടു കണ്ടതിനെ വർണ്ണിക്കുന്നു

"പാടീരാഭം പ്രബോധപ്രസരമണിവിള-
ക്കിൻപ്രകാശം നിറച്ചു-
ള്ളൂടേ മായാതമസ്സുഞ്ചയമറുതിപെട-
ത്താനന്ദരൂപ്യം തരാനീം

ശ്ശുദ്ധം കണ്ടാർ നറുംകൊഞ്ചനാനെറി കവരും
കാന്തിപൂൎണ്ണാ സുഷുമ്നാ-
നാഡീമദ്ധ്യത്തിലേതേ പരമശിവമയം
കണ്ടിതാശ്ചൎയ്യപുഞ്ജം.”

എന്നും, അവർ ശിവനെ പ്രത്യക്ഷമായിക്കണ്ടതിനെ വൎണ്ണിക്കുന്നു

“പ്രത്യക്ഷീഭൂയ സാക്ഷാലമരകടാംബൈരുമാ-
മഗ്രതോ വന്നനേരം
ചിത്രം വാഴ്ത്താവതോ മേ ഗുണതരതപസാം
മാനവാധീശ്വരാണാം
സദ്യോ മല്പൂണ്ട രോമോദ്ഗമമിടനിറ-
ഞ്ഞങ്ങു കാണായിതപ്പോ-
ളുദ്യൽസൂൎയ്യാഗ്നികോടിപ്രതിമതടവിനി-
ല്ലോര തേജോവിശേഷം”

എന്നും

“കാണപ്പെട്ടു സമക്ഷം തദനു തെളിവെഴും
തേജസസ്തസ്യ മദ്ധ്യേ
ചേണെത്തും കാളമേഘോഗീശ്വരകലിതജടാ-
നദ്ധമുഗ്ദ്ധേന്ദുരേഖം
ദീനത്രാണൈകദീക്ഷം മനസി കിമപി കൊ-
ള്ളാനന്ദം തള്ളിക്കടക്കൺ-
കോണിൽ പാടെ പടൎന്നീടിനഘനകരുണം
പാൎവ്വതീഭാഗധേയം.”

എന്നും, ദേവന്മാൎക്കു വിഷ്ണുഭഗവാൻ പ്രത്യക്ഷീഭവിച്ചതിനെ വൎണ്ണിക്കുന്നു

“മുന്നിൽക്കാണായിതപ്പോളമരപരിഷദാം
ഇക്കടക്കൺവിലാസം–
തന്നെക്കൊണ്ടേ ജഗദ്രക്ഷണകലവിവള്ള–
ക്കന്നാമുഖ്യാനുഭാവം
സന്നാഹേ ഭോഗിതല്പേ തെളിവിനൊടുസമാ–
സീനമാരേസ്വമാനാൻ
മന്ദസ്മിത്യാ സനന്ദാദികളെ നവസുധാ–
സ്യന്ദയാനന്ദയന്തം”

എന്നും,

“ധങ്കാരോല്ലാസിപൊന്നിൻതരിവള മുരളും–
മാറു വൈകുണ്ഠനല്ലാർ
ഭംഗ്യാ വീശുന്ന വെഞ്ചാമരമൃദുപവനാ–
ധൂതപീതാംബരാഗ്രം
അങ്കേമേവുന്ന ലക്ഷ്മീഭഗവതിമുകറ്റംമൻ–
കൊങ്ക മീതേ തലോടി–
ത്താൻകൈക്കൊണ്ടന്തരാ ബന്ധുരരുചിവദനം
പേർത്തു മാമോദമാനം”

എന്നും, മൂന്നാം തൃക്കണ്ണിൽനിന്നുൽഗമിച്ച അഗ്നിയെ വർണ്ണിക്കുന്ന

“കല്പാന്താദ്ദീപ്തവൈശ്വാനരതുലനാകുല–
ന്നാളു് രോമോന്തരാളം
കത്തിക്കാളിച്ച മൂളെന്നതികഠിനമിര–
ച്ചുപ്പൈകജ്വാലാതമാ

കെല്പേറും മുപ്പുരംചെന്നഴകൊടുപിടിപെ-
ട്ടൊക്കെ ദഗ്ദ്ധ്വാ ത്രിലോകം
ഭസ്മീകൎത്തും ജഗൽഘസ്മരമുഖരശിഖഃ
കൃഷ്ണവൎത്മാ ദിദീപേ"

എന്നും മററുമുള്ള പദ്യങ്ങൾ 'മണിയും പ്രവാളവും' തമ്മിലുള്ള സംശ്ലേഷവിശേഷത്താൽ ശ്രവണാനന്ദകരമായ രചനാവൈഭവംകൊണ്ടും മനോഹരമായ ശബ്ദാൎത്ഥാലങ്കാരപുഷ്ടികൊണ്ടും നിരതിശയമായ ഭക്തിരസത്തിന്റെ പരിസ്ഫൂൎത്തികൊണ്ടും സമാനസന്ദൎഭങ്ങളിലുള്ള ഏതു കവിയുടെ പദ്യങ്ങളോടും കിടപിടിക്കത്തക്കവിധം ഉൽകൃഷ്ടങ്ങളാകുന്നു.

വിഷ്ണുഭഗവാൻ ബുദ്ധമുനിയുടെ വേഷം ധരിച്ചു ബോധിവൃക്ഷമൂലത്തിൽ ചെന്നിരിക്കുന്നതിനെ വൎണ്ണിക്കുന്ന "തദനു പരമപുണ്യഘോഷസ്സു" എന്നാദിയായ ഗദ്യം അസാധാരണമായ ശബ്ദാൎത്ഥഭംഗികൊണ്ടു് അത്യന്തം ഹൃദ്യമായിട്ടുണ്ടു്. കവി ഒരു വശ്യവാക്കാണെന്നുള്ളതിനു "ജയജയതാരേന്ദ്ര ഹന്ത കൃതാരേന്ദ്ര ജാതാശങ്ക രഘുപതി ശശാങ്ക സവിതരി ദേവേ കൃതപരിദേവേ വഹ്നൗ ഭഗവതി നിഹതവിദ്ധ്വേ പവമാനേ പുരന്ദരമാനാദൎത്ത വരുണചരിത്രേ കരുണാപാത്രേ കിന്നരരാജേ ച്ഛിന്നതരാശേ" ഇത്യാദി ഭാഗങ്ങൾ മകുടോദാഹരണങ്ങളാണു്.

ബുദ്ധമുനിയും ത്രിപുരാസുരന്മാരും തമ്മിലുള്ള സംഭാഷണവും വാദപ്രതിവാദവുമാണു് ഈ ഗ്രന്ഥത്തിൽ ഏററവും മനോഹരമായ ഭാഗം. ബുദ്ധമുനിയുടെ ചോദ്യത്തിനു ഭക്തിപൂൎവ്വം തല കുനിച്ചു ശിരസ്സിൽ കൂപ്പുകൈ

വച്ച് പഞ്ചാക്ഷരം ജപിച്ച് ശിവനാമങ്ങളെ ഉച്ചത്തിലുച്ചരിച്ചുകൊണ്ടും പരമശിവന്റെ അപദാനങ്ങളെ പുകഴ്ത്തിക്കൊണ്ടും മറുവടി പറയുന്ന അസുരന്മാരുടെ ഭക്തിസ്ഥൈര്യം വിഷ്ണുഭഗവാന്റെ ആന്തരമായ പ്രശംസയ്ക്കു പാത്രീഭവിക്കുന്നു. ശിവപ്രഭാവത്തെ നിരസിച്ചുംകൊണ്ടു ഭഗവാൻ സോൽപ്രാസമായിട്ട് "ശിവനെന്നു പറയപ്പെടുന്ന നിങ്ങളുടെ ഈശ്വരൻ ആര്, അദ്ദേഹമാണോ ഈരേഴു ലോകങ്ങൾക്കും നാഥൻ, അദ്ദേഹത്തിനു പ്രായമെന്ത്, ദേഹമെങ്ങനെ, ഗൃഹമെവിടെ, ജനനം ഏതു വംശത്തിൽ" എന്നു തുടങ്ങിയ ചോദ്യങ്ങൾ ചോദിക്കുന്നതിലുള്ള ഹാസ്യരസത്തിന്റെ പരിസ്ഫൂർത്തി സർവ്വരേയും രസിപ്പിക്കുന്നതാണ്.

ബുദ്ധമുനിയുടെ പരിഹാസത്തിനെത്ര ശക്തിയുണ്ടോ അതിൽ കൂടുതലായ ശക്തി ത്രിപുരന്മാർക്ക് പരമശിവനിലുള്ള ഭക്തിക്കും ഉണ്ട്.

"സ്വാതന്ത്ര്യമീശം ഭജതാം വിധേയം
ജഗൽപ്രഭും വാങ്മനസാതിദൂരം
നിതാന്തരമ്യം നിഗമാന്തഗമ്യം
ജാനന്തി നോ മന്ദധിയോ മദാന്ധാഃ"

എന്നാദിയായ പദ്യങ്ങൾ ഭക്തിഭരംകൊണ്ടു തുലോം ഹൃദ്യതരങ്ങളാകുന്നു. അതിനെ ഖണ്ഡിച്ചു ബുദ്ധമുനി വേദം ഉന്മത്തവാക്യമാണെന്നും, ശിവന്റെ വിഷയത്തിൽ സർവ്വപ്രമാണങ്ങൾക്കും ഭംഗമുണ്ടെന്നും പറഞ്ഞിട്ട് "നിങ്ങളുടെ ഈശ്വരന് സ്വാതന്ത്ര്യമുണ്ടെങ്കിൽ അദ്ദേഹം യജ്വാവായ ഒരുവനു നരകവും മഹാപാപിയായ ഒരുവ

ന്നു് സാപത്ന്യവും നല്കുമോ" (പദ്യം ൭൭) എന്നു ന്യായം പറഞ്ഞു,

"സ്നാനസ്യ ശക്യം മൃഗതൃഷ്ണികാംഭോ
ജപസ്യ സംഖ്യാപ്യധികാ പരാർദ്ധാൽ
ശിവാർച്ചനായാം വിഹിതം ഖപുഷ്പം
ശശസ്യ ശൃംഗം ഭവതാം ഹി ലിംഗം"

എന്നിങ്ങനെ പരിഹാസത്തിനു താഴികക്കുടംവെച്ചു്,

"അപ്രത്യക്ഷമരൂപമക്രിയമഹോ
ജന്മാനപായനേനാപിതം
മിഥ്യാർത്ഥം പരതന്ത്രമീശമനിശം
വിശപസ്യ സേവാഭൃതാം
യുഷ്മാകം കിമുഗൗരവേണ തപസാ
ജ്ഞാനേന മൗനേന കിം
ഭൂയിഷ്ഠശ്രമനിഷ്ഫലാഃഖലുനൃണാം
തത്താപത്യജാം പ്രക്രമാഃ"

എന്ന അത്യുജ്ജ്വലമായ പദ്യംകൊണ്ടു് സഗൗരവം സ്വപക്ഷത്തെ സ്ഥാപിക്കുന്നു. ഇതിനു തക്കതായ സമാധാനമാണു് അസുരവചനത്തിലുള്ള

"യതസ്സത്യാവാചസ്സഹ ചമനസാപ്രാപ്യവിഷയാ
നിവർത്തന്തേയസ്മിൻസ്ഫുരതിഭുവനാംഭപ്പ്ലവ ഇവ
യദർച്ചിഃപതംഗേന്ദുജ്വലനമയതേജസ്ത്രയമിദം
സദാഖദ്യോതാഭാം വഹതി കലയാമസ്സമനഘം"

എന്നു തുടങ്ങിയുള്ള നിസർഗ്ഗോജ്ജ്വലങ്ങളും ഭക്തിമസൃണങ്ങളുമായ പദ്യങ്ങളെന്നു പറയാതെ കഴികയില്ല.

ബാണാനന്തരം ത്രിപുരന്മാർ പരീക്ഷയിൽ തോററു

ശൈവചിഹ്നങ്ങളെ ഉപേക്ഷിച്ചതിന്നു ശേഷം കലഹപ്രിയനായ നാരദമുനിയുടെ പ്രവൃത്തിയെപ്പറയുന്ന

"ഉദ്ധസംഭ്രമകുതൂഹലതാഡിത–
ചംക്രമപ്രസരലോളിത–
സ്ഫാടികാക്ഷമണിമാലികോന്മനിജ–
വാളപേത്ര്യരജതാചലം"

എന്നാദിയായ പദ്യത്തിലെ സന്ദർഭോചിതമായ രചനാവിശേഷം കൈലാസത്തിലേക്കോടിപ്പോകുന്ന നാരദമുനിയെ നമ്മുടെ കണ്ണിൽ കാണിച്ചുതരുന്നതുപോലെ തോന്നുന്നു.

ത്രിപുരദഹനാനന്തരം പരമശിവന്റെ ക്രോധം ശമിപ്പിക്കുവാൻവേണ്ടി ദേവന്മാർ ചെയ്യുന്ന "ജയ ജയ സജ്ജനപരിവൃഢശങ്കര" എന്നു തുടങ്ങി ഗദ്യരൂപേണയുള്ള സ്തുതി ഏതൽപ്രബന്ധകർത്താവിന്ന് സംസ്കൃതഭാഷയിലുള്ള അഗാധമായ പാണ്ഡിത്യത്തിന്നും അസീമമായ കവിതാവൈദഗ്ദ്ധ്യത്തിന്നും ഉൽകൃഷ്ടോദാഹരണമാകുന്നു. ഇതിനെ അതിശയിക്കുന്ന ഒരു ഗദ്യം സംസ്കൃതചമ്പുക്കളിൽ പോലും കാണുന്നില്ല.

ത്രിപുരദഹനം ഇന്ന കവിയുടെ കൃതിയാണെന്ന് പറയുവാൻ തക്ക തെളിവുകൾ ഈ ഗ്രന്ഥത്തിൽനിന്നു കിട്ടുന്നില്ല. പണ്ടൊരു കാലത്ത് കേരളീയ കവികൾക്ക ചമ്പൂപ്രണയനത്തിൽ വലിയ 'ഭ്രമ' മുണ്ടായിരുന്നുവെന്നും, അന്ന് കവികളുടെ ഉൽകർഷാപകർഷങ്ങളെ നിർണ്ണയിക്കുന്നതിന്നുള്ള നികഷോപലം ചമ്പൂപ്രബന്ധമായിരുന്നുവെന്നും പ്രസിദ്ധമാണ്. അക്കാലത്ത് പല കവികളും ചമ്പൂ

നിൎമ്മാണത്തിൽ ഏൎപ്പെട്ടിട്ടുണ്ടായിരിക്കണം. കവി തന്നെ പ്രബന്ധത്തിൽ തന്റെ ഊരും പേരും എഴുതിവയ്ക്കുക പണ്ടു പതിവുണ്ടായിരുന്നതുമില്ല. ഈ സ്ഥിതിക്കു കവിയാരെന്നു നിൎണ്ണയിക്കുന്നതിന്നു മാൎഗ്ഗാന്തരങ്ങളെ അവലംബിക്കുകയേ നിൎവ്വാഹമുള്ളൂ.

ത്രിപുരദഹനത്തിലെ ചില ശ്ലോകങ്ങൾ ചെല്ലൂർനാഥോദയത്തിൽ കാണുന്നുണ്ടു്. ത്രിപുരതപോവൎണ്ണനഘട്ടത്തിലുള്ള

“ധമ്മില്ലചിത്രകവലിത്രയഹാരവക്ഷോ-
ജന്മാംശുകാദിലസദൎദ്ധവപുൎദ്ധരായ
ശുംഭൽകപൎദ്ദനയനാഗ്നിവിഷാഹിമാലാ-
ചൎമ്മാപരാൎദ്ധഗഹനായ നമശ്ശിവായ”

എന്ന ശ്ലോകം ചെല്ലൂർനാഥോദയത്തിൽ ശതസോമതപോവൎണ്ണനത്തിലും, കിരാതത്തിൽ അൎജ്ജുനകൃതശിവസ്തോത്രത്തിലും കടന്നുകൂടീട്ടുണ്ടു്. ചെല്ലൂർനാഥോദയത്തിൽ പ്രസ്തുതഘട്ടത്തിലുള്ള

“അൎദ്ധേന്ദുലാഞ്ഛിതജടാപടലാഞ്ചിതായ
ബ്രഹ്മേന്ദ്രപാവകമയോജ്ജ്വലലോചനായ
ബദ്ധാമലസ്മിതമുഖായ നവേന്ദ്രനീല-
സ്നിഗ്ദ്ധാലകോമളഗളായ നമശ്ശിവായ”

എന്ന മറ്റൊരു ശ്ലോകവും കിരാതത്തിലുണ്ടു്. അതിന്നു പുറമെ

“മുഗ്ദ്ധേന്ദുശേഖരപിശംഗജടാധരായ
സ്നിഗ്ദ്ധേന്ദ്രനീലമണിനീലഗളാന്തരായ
ദുഗ്ദ്ധോദഫേനധവളാമലഭസ്മധൂളീ-
ദിഗ്ദ്ധായ ദഗ്ദ്ധമദനായ നമശ്ശിവായ” എന്നും

"വ്യാനദ്ധവൈധസശിരസ്സ്രക്സ്ഥലായ
പാണിസ്ഫുരത്ഭുജഗകാരവരാൎയ്യായ
ആനമ്രദേവദനുജേന്ദ്രകിരീടരത്ന-
ശ്രേണിപ്രസാധിതപദായ നമശ്ശിവായ"

എന്നും രണ്ടു വസന്തതിലകശ്ലോകങ്ങൾകൂടി കിരാതത്തിൽ കാണുന്നു.

തപോവൎണ്ണനാഘട്ടത്തിൽത്തന്നെയുള്ള

"ചണ്ഡാൎച്ചിട്ടും തപസ്യാനിതപമഹിമാ-
ഡംബരം കണ്ടു തോഷാം
ക്ഷീണപ്രായം ചമഞ്ഞു സകലമപി ഭയ-
വ്യാകുലം ജീവലോകം
കാണക്കാണപ്പതപ്പു വയറു ദിവിഷദാ-
മത്രയല്ലിത്രിലോകീ-
മാണിക്യത്തിന്നു ഗൌരീരമണന്നു തിരുവു-
ള്ളത്തിലേറി വിശേഷം"

എന്നാ ശ്ലോകം, ചെല്ലൂർനാഥോദയത്തിലുള്ള

"അത്യന്തം വിസ്മയിച്ചു മുനിജനമഖിലേ
കണ്ടു ശേലാരം തപസ്യാ-
വിസ്താരം ദേവതാനാമിടനില മനകാ-
ബിന്നു തട്ടീ നിഗ്ഗൂഢം
എത്തീ സംഭ്രാന്തി മുപ്പാരിന്നുമവശമതെ-
ന്നല്ല സാക്ഷാൽത്രിലോകീ-
ഭൎത്താവിന്നദ്രികന്യാരമണന്നു തിരുവു-
ള്ളത്തിലൊട്ടു വിശേഷം"

എന്നീ ശ്ലോകവും ഏകദേശം ഒന്നുപോലെയിരിക്കുന്നു.

ശ്രീപരമേശ്വരൻ പ്രത്യക്ഷീഭവിക്കുന്ന ഘട്ടത്തിൽ ഒരു പദ്യത്തിന്റെ ഉത്തരാർദ്ധം

"സദ്യോ മുൽപ്പാട്ടമോരോവിവരമിടനിറ-
ഞ്ഞങ്ങു കാണായിതപ്പോ-
ളുള്ളിൽ സൂര്യാഗ്നികോടിപ്രതിമതടവിനി-
ല്ലോരു തേജോവിശേഷം"

എന്നു ത്രിപുരദഹനത്തിലും

"ദൃഷ്ട്വാമോല്ലാസിരോമസ്ഥലമിടനിറയും-
മാറു കാണായിതപ്പോ!
ളപ്പാൽ സൂര്യാഗ്നികോടിപ്രതിമതടവിനി-
ല്ലോരു തേജോവിശേഷം"

എന്നു ചെല്ലൂർ മാഹാത്മ്യത്തിലും കാണ്മാനുണ്ട്. അതിന്റെ അടുത്തായിട്ടു "കാണപ്പെട്ടു സമക്ഷം തിങ്ങു തെളിവെഴും തേജസ്സസ്യ മദ്ധ്യേ" എന്നു തുടങ്ങുന്ന പദ്യം രണ്ടു ചമ്പുക്കളിലും അഭിന്നമായിത്തന്നെ സ്ഥലം പിടിച്ചിരിക്കുന്നുമുണ്ട്.

ചെല്ലൂർ നാഥോദയത്തിന്റെ കർത്താവ് കൊല്ലം എട്ടാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ജീവിച്ചിരുന്ന കാശിക്കെഴുന്നള്ളിയ കൊച്ചി രാമവർമ്മത്തമ്പുരാന്റെയും അദ്ദേഹത്തിന്റെ അനന്തരവനായ വീരകേരളവർമ്മത്തമ്പുരാന്റെയും സദസ്യനായിരുന്ന നീലകണ്ഠൻനമ്പൂരിയാണെന്നുള്ളതിനു തെക്കെകൂലനാഥോദയത്തിന്റെ ഉപോൽഘാതത്തിൽ ഒരു കവിതയു

“വിദ്യാവല്ലഭ! നീലകണ്ഠ! സുകവേ!
ചെല്ലൂരനാഥോദയം
ചിത്രം പണ്ടു കൃതം പുനശ്ച രചിതം
നാരായണീയം ത്വയാ
അദ്യൈവാരഭതാം ഗിരാ മമ ഭവാൻ
തൈകൈലനാഥോദയ-
പ്രത്യഗ്രാഖ്യകലന്ന ബന്ധുരഗുണം
ബന്ധും പ്രബന്ധോത്തമം”

എന്ന പദ്യത്തിൽ ചെയ്തിട്ടുള്ള പ്രസ്താവന തെളിയിക്കുന്നു. ചെല്ലൂർനാഥോദയത്തിലെ

“ശ്രീകൈലാസാദ്രിശൃംഗേ കനകമയമഹാ-
മന്ദിരേ തോഴരെല്ലാ-
ന്നാകശ്രീംഗീമെടുത്തത്തിരുമടിയിൽ നിജ-
പ്രേയസീമദ്രികന്യാം
ലോകാനാം നാഥനാകാംക്ഷയൊടണിമുഖവും
പാർത്തു പേർത്തും പുണർന്ന-
ങ്ങേകാന്തേ വാണിരുന്നു പുരഹരഭഗവാൻ
ഭൂരികാരുണ്യധാമാ”

എന്ന പദ്യം ദക്ഷയാഗത്തിൽ

“ശ്രീകൈലാസാദ്രിശൃംഗേ കനകമയമഹാ-
മന്ദിരേ തുമരന്ദം
തൂകീടുംകല്പവാടീബഹളപരിമളാ-
മോദിതാശാന്തരാളേ
നീലകണ്ഠോഡുമൌലി ദക്ഷാത്മജയെ മടിയിലാ-
ആരോപ്യചേർത്തണയുന്നാ-

ഭേകാന്തേ വാണിരുന്നു പുരഹരഭഗവാൻ
ഭൂരികാരുണ്യധാമാ”

എന്ന പദ്യത്തിനു സജാതീയമായിരിക്കുന്നു. പുനത്തിന്റെ രാമായണചമ്പുവിലെ “ഗൌരീസൌഭാഗ്യരാശേ! ജയജയ തൊഴുതേനമ്പിലെൻ തമ്പിരാനേ” എന്നു തുടങ്ങിയുള്ള രണ്ടു പദ്യങ്ങൾ ചെല്ലൂർനാഥോദയത്തിൽ അതുപടി തന്നെ പകർത്തി കാണുന്നുണ്ട്. രാമായണചമ്പുവിലെ സീതാസ്വയംവരഘട്ടത്തിലെ

“കടകൾ തഴകളോരോന്നൊക്കെനീളെപ്പിടിച്ചി-
ച്ചിടയിലിടയിൽവീയപ്പിച്ചുവെൺചാമരൌഘം
ഉടനുടനുപയാതസ്സ്വാംപുരീം രാജസിംഹഃ
പടുപടഹനിനാദൈഃ പൂരയന്തോ ദിഗന്താൻ”

എന്ന പദ്യം, അതിനു യാതൊരു വൈശിഷ്ട്യവുമില്ലെങ്കിലും, അന്യകവികളുടെ പദ്യങ്ങളെ ചേർക്കാത്ത മഴമംഗലത്തു നമ്പൂരിയുടെ നൈഷധചമ്പുവിൽപോലും കയറിയിരിക്കുന്നു. ഈ സ്ഥിതിക്ക് ഏതാനും ചില ഭാഗങ്ങളിൽ ത്രിപുരദഹനത്തിനും ചെല്ലൂർനാഥോദയത്തിനും തമ്മിൽ ഐക്യമോ സാദൃശ്യമോ ഉണ്ടെന്നു കരുതി മാത്രം രണ്ടും ഒരു കവിയുടെ കൃതികളാണെന്നു സ്ഥാപിക്കുവാൻ പാടുള്ളതല്ല; എങ്കിലും വേറെ തെളിവുകൾ കിട്ടുന്നതുവരെ നീലകണ്ഠൻനമ്പൂരിതന്നെയാണ് ത്രിപുരദഹനത്തിന്റെയും പ്രണേതാവ് എന്നൂഹിക്കുന്നതിൽ വലിയ അസാംഗത്യമുണ്ടെന്നു തോന്നുന്നില്ല. ‘വാടീടായ്യും’, ‘പതച്ചു’, ‘മുകൾമേൻ’, ‘മനസിജമിടയിട്ടു’, ‘പത്മാകാന്തനൊടപ്പുബന്ധുവൊട്’, ‘പറവാൻ മുട്ട്’, ‘ഇതുവരമിതുവാരാത

തെന്നുള്ള ബോധം,’ ‘പാട്ടപാടേ,’ തികതില’, ‘ദാനവക്കൂർ’ മുതലായ പ്രയോഗങ്ങൾ ചമ്പൂപ്രബന്ധങ്ങൾക്കു വളരെ പ്രചാരമുണ്ടായിരുന്ന കൊല്ലം എട്ടാംശതകത്തിന്റെ ഉത്തരാർദ്ധത്തിലെ ഒരു കൃതിതന്നെയാണ് ത്രിപുരദഹനമെന്നു വിളിച്ചുപറയുന്നുണ്ട്. നീലകണ്ഠൻനമ്പൂരി പെരിഞ്ചെല്ലൂർ ശിവന്റെയും തൃപ്പൂണിത്തുറ വിഷ്ണുവിന്റെയും ഭക്തനാണെന്നു “ചെല്ലൂരപ്പൂർണ്ണത്രയീശശ്രീമൽകാരുണ്യപാത്രം കവിം” എന്നു തെങ്കൈലനാഥോദയത്തിൽ പ്രസ്താവിച്ചിട്ടുള്ളതിൽനിന്നു വിശദമാകുന്നു. ത്രിപുരദഹനം ശിവന്റെ അപദാനങ്ങളിൽ അതിപ്രധാനമായ ഒന്നാകയാൽ അതിനെ വിഷയീകരിച്ച് അദ്ദേഹം ഒരു ചമ്പു നിർമ്മിച്ചു എന്നു വരുവാൻ പാടില്ലായ്കയില്ല. മങ്ഖമഹാകവിയുടെ ശ്രീകണ്ഠചരിതത്തിലെ വിഷയവും ഇതുതന്നെയാണല്ലൊ.

സംസ്കൃതത്തിൽ സാക്ഷാൽ മേല്പുത്തൂർ നാരായണഭട്ടപാദരാൽ പ്രണീതമാണെന്നു പറയുന്ന ഒരു ത്രിപുരദഹനചമ്പുവുണ്ട്. അതിൽ പതിനൊന്നു പദ്യങ്ങളും ഒരു ഗദ്യവുമേയുള്ളൂ. ചാക്യാന്മാർ കൂത്തിനും പാഠകക്കാർ പാഠകത്തിനും ധാരാളമായി അതു ഉപയോഗിക്കുന്നുണ്ട്.

“വിധിം സാധിം ശക്രം ദ്രുമിണമലസഞ്ചാനലമപാം
പതിം ഭീതം രക്ഷസ്സമനമപി സഞ്ജാതശമനൌ
സഹസ്രാക്ഷം സാസ്രം മരുതമൃതതാപം ഫണിപതിം
ഫ്ലൈണന്ത്രാനഞ്ചക്രുർദ്ധനദമധനാഞ്ചാപി ദനുജാഃ”

ഇത്യാദിപദ്യങ്ങൾ അതിലുള്ളതാണ്. ആ ചമ്പുവിലെ ആശയമൊന്നും ഭാഷാചമ്പുവിൽ സംക്രമിച്ചിട്ടില്ലെന്നു

മാത്രമല്ല അതിനെ അപേക്ഷിച്ചു ഭാഷാചമ്പു ഗുണോത്തരമാണെന്നുള്ളതും പ്രസ്താവയോഗ്യമാകുന്നു.

ഭാഷാചമ്പുക്കൾ വായിച്ചു രസിക്കുവാൻ കഴിയാത്ത ഒരു കേരളീയനെ സഹൃദയനെന്നു പറവാൻ നിവൃത്തിയില്ല. കൈരളീസാഹിത്യത്തിലെ അനർഘമായ ഒരംശമാണ് ഈ ചമ്പുക്കളാൽ അലങ്കരിക്കപ്പെടുന്നത് എന്നുള്ള വസ്തുത ഭാഷാഭിമാനികൾ സാഭിമാനം സ്മരിക്കേണ്ടതുണ്ട്.

"യസ്യ ചക്രീകൃതേ ചാപേ
സ്വർഗ്ഗപാതാളവാസിനഃ
ചക്രുരന്യോന്യസല്ലാപം
നാഗസ്ത്രൈണ്യ പുരദ്വിഷേ"

ഉള്ളൂർ എസ്. പരമേശ്വരയ്യർ

തിരുവനന്തപുരം,
൯—വൃ—൧൧൧൧

പ്രസിഡന്റ്,
ഭാഷാപരിഷ്കരണക്കമ്മിററി.

# ത്രിപുരദഹനം.

# ത്രിപുരദഹനം

## പ്രബന്ധം.

കുന്നിൻപെണ്ണിൻ തടംകൊങ്കയിലിഴുകിന നൽ-
ക്കുങ്കുമാലേപശ്ര്യാ
മിന്നുംദോരന്തരാളേ വിലസിന വിധിമു-
ണ്ഡാവലീമാലാകലാപം
അന്നന്നെന്നും വിഷാദത്തോൽക്കരമുരുതിപെട്ടു-
ത്തീട്ടുവാനിത്രിലോകീ-
വന്ദ്യം മന്ദാകിനീജാതനെ മമ മനമേ!
ചന്ദ്രചൂഡം ഭജേഥാഃ. ൧

എന്താവൂ ശങ്കരലോകാനപി മനസി കരു-
ത്തേതാവ: നിന്ദാപ്രസംഗം
ചിന്തുമ്പോൾ കൊന്നൊട്ടക്കം പ്രിയസഖ! കളിയ-
ല്ലേതുമേ കാലവൈരീ
എൻതോഴ! കേൾക്കപ്പെട്ടിതു ചെറുതവമാ-
നിക്കകൊണ്ടീശനെന്നാം-
ചെന്തീക്കണ്ണിൽ പ്രണാശം ത്രിപുരദനുസുത-
ന്മാർക്ക പണ്ടാശ്രിതാനാം. ൨

ശ്രീമൽകൈലാസശൈലേ തിരുമടിയിലെഴു-
    ന്നള്ളുമദ്രീന്ദ്രകന്യാം
പൂമെയ്യിൽ ചേർത്തണെച്ചും മുഖമലർ വിമലം
    പാർത്തു പേർത്തും തെളിഞ്ഞും
സാമർത്ഥ്യപ്പെണ്ടെഴും താരകമഥനഗണാ-
    ധീശചാരൌ സർവ്വകാലം
പ്രേമപ്പൂണ്ടോമലിച്ചും ഗജരിപുഭഗവാൻ
    മംഗലാത്മാ ന്യവാത്സീൽ. ൧

ശക്ത്യാ തത്ര ഷഡാസ്യപഞ്ചവദന-
    പ്രൌഢേന യുധാങ്കണേ
സദ്യസ്താരകകഞ്ചുകേ വിനിഹതേ
    ഖേദാഭിമാനാകുലാഃ
വിദ്യുന്മാലിയുമക്ഷണേന കമലാ-
    ക്ഷൻ താരകാക്ഷോപി തൽ-
പുത്രാ ദൈത്യവരാസ്ത്രയോഗ്ര തപസേ
    കൈലാസമാസേദിരേ. ൨

"കെല്പേറും മാനഹാനിം പിതൃനിധനവിധാ-
    നേന നിർമ്മൂലമല്ലോ
ദിക്പാലൈരാഹിതാം തീർപ്പതിനു കഴലിൽ വീ-
    ണാശ്രയാമോ ഭവന്തം"
ഇപ്രായം പ്രാർത്ഥയന്തസ്ത്രിഭുവനമഖിലം
    പൊറു പാലിച്ചൊട്ടകം
ചിൽപ്രാകാശ്യപ്രഭാവം മിളിതമഗജയാ
    ഇഷ്ടവൃഷ്ടീശനാഥം. ൩

ധമ്മില്ലചിത്രകവലിത്രയഹാരവക്ഷോ-
ജന്മാംശുകാദിലസദർദ്ധവപുർദ്ധരായ
ശുംഭൽകപർദ്ദനയനാഗ്നിവിഷാഹിമാലാ-
ചർമ്മാപരാർദ്ധഗഹനായ നമശ്ശിവായ. ൩

ഗദ്യം. ഹ:—കോടീരഭാരമൊരുഭാഗേ ചുരുണ്ടു നെറിത്തേടുന്നാകുന്തൽ മറുഭാഗേ കനൽമിഴിയൊരേടം തൊടുകുറിയൊരേടം കുഹചിദപി മഹിതരുചി മെവിനയനമതിലഖിലമൃഗമിതൻമിഴിയുമൊരുഭാഗേ. ഫണധരാംശുകണ്ഡലമിതേകത്ര രത്നമയതാടങ്കമംസി മറുഭാഗേ ഗരളമൊരുഭാഗേ വലികൾ മറുഭാഗേ വിധിതലകളൊരുപുറമിതണികനകമണികലിതമതുലഭൂഷണമണിവു മറുഭാഗേ. ശൂലം കപാലമൊരുഭാഗേ കരാഗ്രമപി പാശാങ്കുശങ്ങൾ മറുഭാഗേ ശുഭമൃഗകാഞ്ചീഭൂഷണമിതൊരുഭാഗേ കുഹചിദപി മണിരശനാപുലിയുരിയുമൊരുപുറമിതമലമൃദുവസനമൊരുഭാഗേ. സന്നാഹപാടകമിതേകത്ര മിന്നുമൊരു പൊന്നിൻചിലമ്പു മറുഭാഗേ.... ... ... ... ... ... ... ... ...

കുററക്കോടീരഭാരംമുതൽ മലരടിയോ-
ളം മഹാദേവരൂപം
മാറിക്കൂടുന്ന കൃത്യാ മനതളിരിലുറ-
പ്പിച്ചു നിഷ്പന്ദരായാഃ
തൊറിപ്പാകാതവണ്ണം ദിനകരനിൽ നിബ-
ദ്ധേക്ഷണം നിന്നു ഭൂമ്യാ-
മൊററക്കാലമ്മേലമി മെന്നയൊടരിയ തപ-
സ്സേപിരേ ദീർഘകാലം. ൧

വാടീടായ്വും പ്രബോധപ്രസരമണിവിള-
　　ക്കിൻപ്രകാശം നിറച്ചു-
ങ്ങുടേ മായാതമസ്സഞ്ചയമറുതിപെട്ട-
　　ത്താത്മദൃഷ്ട്യാ തദാനീം
ഗൂഢം കണ്ടാർ നറുങ്കാഞ്ചനനിറികവരം
　　കാന്തിഭ്രഷ്ടാ സ്വഷ്ടാ-
നാഢീകല്പത്തിലത്രേ പരമശിവമയം
　　കണ്ടിതാലോഷ്യപുഞ്ജം. ൮

ആനന്ത്യാൽ മാരിപെയ്യും ജലധരസമയേ
　　കേവലാകാശശേഷാ
നീണ്ടാളുകണ്ഠമഗ്നാജ്ജിശിരസമയേ
　　ശീതളേ വാരിപൂരേ
വേനൽക്കാലത്തു പഞ്ചാഗ്നികൾനടുവിലുമീ
　　സന്തതം ചന്ദ്രചൂഡ-
ധ്യാനം മെന്മേലുറച്ചുള്ളതപസി തതാ
　　ജജ്ഞേ പൃഥ്വീജരാംഗാഃ. ൯

ചേണാറീടും തപസ്യാനിരുപമമഹിമാ-
　　ഡംബരം കണ്ടു തേഷാം
ക്ഷീണപ്രായം ചമഞ്ഞൂ സകലമപി ഭയ-
　　വ്യാകുലം ജീവലോകം
കാണക്കാണപ്പുതച്ചു വയറു ദിവിഷദാ-
　　മത്രയല്ലിത്രിലോകീ-
മാണിക്യത്തിന്നു ഗൗരീരമണനു തിരവു-
　　ള്ളത്തിലേറീ വിശേഷം. ൧൦

പ്രത്യക്ഷീഭൂയ സാക്ഷാൽഭഗവദകഠംപേതമാ-
മഗ്രതോ വന്നനേരം
ചിത്രം വാഴ്ത്താവതോ ദാരുണതരതപസാം
ദാനവാധീശ്വരാണാം
സദ്യോ മുല്ലാസഭേദോചിതമിടനിറ-
ഞ്ഞങ്ങു കാണായിതപ്പോ-
ളുദ്യൽസൂര്യാഗ്നികോടിപ്രതിമതടവിനി-
ല്പോരു തേജോവിശേഷം. ൧൧

കാണപ്പെട്ടു സമക്ഷം തദനു തെളിവെഴും
തേജസസ്തസ്യ മദ്ധ്യേ
ചേണെത്തും കാളഭോഗീശ്വരകലിതജടാ-
നദ്ധമൂർദ്ധേന്ദുരേഖം
ദീനത്രാണൈകദീക്ഷം മനസി കിമപി കൊ-
ള്ളാത്തൊരു തള്ളിക്കടക്കൺ-
കോണിൽ പാടേ പടർന്നീടിന ഘനകരുണം
പാർവ്വതീഭാഗധേയം. ൧൨

അപ്പോളാകീർണ്ണ പുഷ്പാഞ്ജലിമണിചരണേ
ദീശംമാനമ്യ മെന്നേ-
ല്പം പ്രീത്യാ കൈവണങ്ങും ദനുജപരിവൃഢ-
ന്മാരൊടമ്മൂവരോടും
അല്ലന്യൂനാനനോ ദപ്പ്കരിപൂഭഗവാൻ
ശ്രീകാരുണ്യസിന്ധു
കെല്പോടാരാട്ടമാലോകനസുഭഗമുഖോ
വാചമുച്ചൈ മനോജ്ഞാം. ൧൩

“സ്വസ്ത്യസ്തു ഹന്ത മുദിതോസ്മി സുരാരിവീരാ
ഭക്ത്യുദ്ഗതേന ഭവദീയതപോമഹിമ്നാ
യദ്യദ്വരം വൃണുത വാഞ്ഛിതമേഷ സദ്യ-
സ്തത്തൽ പ്രസദ്യ വിതരാമിതരാമിദാനീം.” ൧൪

ശ്രുത്വാ തദ്ഗിരമേതാം തൊഴുതവരുമുണ-
ർത്തീടിനാർ “തമ്പിരാനേ!
സത്യം ഞങ്ങൾക്കു സമ്പ്രാർത്ഥിതമിഹ പലവു-
ണ്ടെങ്കിലും മംഗലാബ്ധേ!
അത്യാശ്ചര്യം പുരാണാം ത്രിതയമമിതശ-
സ്ത്രാസ്ത്രരത്നാദിപൂർണ്ണം
നിത്യാവാസായ ദേയം നിരവധി വിഭവ-
പ്രൗഢിരസ്തു ത്വൽപ്രസാദാൽ. ൧൫

ദുർദ്ധർഷാമായസന്നദ്ധതമഥ പുരാ-
ണാം ത്രയീം സംഭരാമോ
നിത്യം ലോകേഷു നാഥ! ത്രിഭുവനജയിനോ
നിർഭയാസ്ത്വൽപ്രസാദാൽ
യത്രക്വാപി പ്രതിഭടസമമവലോ-
ക്യ നസ്സംഗമസ്സ്യാൽ
തച്ചൈതാന്യസ്തുനോ മൃത്യുസ്സബല്യുഗപാദ-
കേഷ്വണാ യോഗകാലേ.” ൧൬

ഇത്യൂചുഷസ്താൻ ദനുജാധിരാജാൻ
മുഖസ്മിതശ്രീമധുരാനനോസൌ
സത്യം തഥൈവാസ്തു സമസ്തമേതാ-
നുക്ത്വാ ഹരോ ദത്തവരസ്തിരോഭൂൽ ൧൭

ഗദ്യം. പ:— തദനു ദനുജവരന്മാർ ഭുവനമഴകിലനു
നതനുനപദജ്വലശിവലിംഗാനി ജടാപടലങ്ങളുമുദ്ഗ
തരുദ്രാക്ഷാഭരണങ്ങളുമതിസിതഭസിതവിലേപവുമംഗേ നീ
ളെച്ചേർത്തതിമേളംപൂണ്ടെഴുമായസരാജതസൗവർണ്ണങ്ങളു
ത്പുരദുർഗ്ഗത്രയകല്പിതവാസാ നിഖിലജഗത്സു മദേന ചര
ന്തോ നാനാജനപദനഗരഗ്രാമക്ഷേത്രാദീനി തകർത്തു ക
ളഞ്ഞും തീർത്ഥജലാനി മലസ്ഥലമാക്കിയുമാർത്തുതിമിർത്തു ഗ
താവരപീഡേ സപ്തദ്വീപക്രോഡേ ഗത്വാ തത്രത്യജ
നാൻ കൊന്നു സഹേലം പലനാളവിടെപ്പരിചിലിരുന്നും
ജാതാടോപം പാതാളേ ചെന്നളവിലൊരുനാളുരഗബ
ലൈസ്സമമറിയാതാനാമഷ്ടമഹാഭുജനിഷ്ഠുര കാകോളാഗ്നി
ജ്വാലാഹേലാകമ്പളനമാരചയന്തോ വിദ്രാവ്യാശുനാഗ
സ്ത്രീകളെ വന്ദിഗ്രാഹം ഝടിതിഗൃഹീത്വാ താസാം മേ
വിനപാട്ടുംകളിയും കണ്ടു സുഖിച്ചും പരിഭവമുൾക്കൊണ്ടു
മരാവത്യാം ദേവകളോടു പടയ്ക്കാൻ മുട്ടിയടുക്കുംനേരം ഭയ
ഭരിതാന്തേ ഹന്തകൃതാന്തേ ജാതാശങ്കേ ഝടിതിശശാങ്കേ
സവിതരി ദേവേ കൃതപരിദേവേ വഹ്നൗ ഭഗവതി നിഹ്നു
തവീര്യേ പവമാനേ പുനരവമാനാർത്തേ വരുണചരിത്രേ
കരുണാപാത്രേ കിന്നരരാജേ ഛിന്നതരാശേ മോചിതവ
ജ്രേ വജ്രധരേ ച പരിഭ്രമമാർന്നടനമുവല്ലഭകേകലേ ഹി
ത്വാ ബദ്ധവിഷാദം ധാവതി ദൂരം നാരായണനും പോർ
ചെയ്യാവല്ലാരാരാതേർവ്വരമഹിമാനം ബ്രഹ്മണപാദാന്നേരി

തിപയോധി നടന്നൊരുനേരം ദൃഷ്ടപൂൎവ്വയാ ഭുവനങ്ങളു ലസ്സുകൎമ്മാഭോഗപ്രാപ്യേ മഹിതസുധൎമ്മാസദസി നിരം മേവീടിന സിംഹാസനവരമുകളിൽ ഞെളിഞ്ഞങ്ങുൎവ്വശി മേനകരംഭതിലോത്തമയെന്നുതുടങ്ങിന ദിവ്യവധൂനാമതു ലമിയലിന നൃത്തവിലാസം കണ്ടുരസിച്ചും ഗംഗാപയസി കളിച്ചുമവേലം ഭംഗ്യാ കല്പിതമലർനിരകൊണ്ടേ ലിംഗാരാധന നിയതം ചെയ്തും ത്രിഭുവനലക്ഷ്മീകടാക്ഷീണാം മു ഖ്യതരങ്ങളുയാമീ ദനുജവീരാ മുറവിളികൊള്ളിച്ചുലകീരേഴിലു മുല്ലാസേന തിമിൎത്തുനടന്നാർ.

അക്കാലം ദേവലോകാൽ പിഴകിവിപശരാ-
    യങ്ങുമിങ്ങും കിടക്കും
ശക്രാദ്യാ ദേവസംഘാ വ്യസനമനനള്ളേ-
    തം പ്രഭൂതം പ്രപന്നാഃ
ഭക്തത്രൈപുരത്തൊത്തരിനിധനവിധാ-
    നായ ധാത്രാ സമേതം
ദക്ഷാപാരൈകശിക്ഷം പുനരപി ശരണം
    പ്രാപുരംഭോദ്ഭവാഖ്യം. ൧൭

മുന്നിൽ കാണായിതപ്പോളമരപരിവൃഢം
    തൃക്കടക്കൺവിലാസം-
തന്നെക്കൊണ്ടേ ജഗദ്രക്ഷണകലവിവള-
    ക്ഷന്ന മൂൎദ്ധ്യാനുഭാവം
സന്മേധ ഭോഗിതല്പേ തെളിവിനൊടുരസമാ-
    സീനമാസേവമാനാൻ
മന്ദസ്മിത്യാ സനന്ദാദികളെ നവസുധാ-
    സ്യന്ദയാനന്ദയന്തം. ൧൮

ധ്വങ്കാരോല്ലാസിപൊന്നിൻതരിവളമുരളും-
        മററു കൈകണ്ടൊനല്ലാർ
ഭംഗ്യാവീയുന്നവെഞ്ചാമരമൃദുപവനാ-
        ധൂതപീതാംബരാഗ്രം
അങ്കേ മേവുന്ന ലക്ഷ്മീഭഗവതി മുകുന്ദമൻ-
        കൊങ്കമീതേ തലോടി-
ത്തൻകൈകൊണ്ടന്തരാ ബന്ധുരരുചിവദനം
        പാർത്തുമാമോദമാനം. ൨൦

സ്വേച്ഛാശക്ത്യാ ചരസ്ഥാവരഭുവനതലം
        പെററു പാലിച്ചുടക്ക-
ന്നാശ്ചര്യക്രീഡകൈക്കൊണ്ടരുളുമൊരു മഹാ-
        യോഗമായാനുഭാവം
ആശാപാശം മുക്തിഭാജാം കനിവുകടലിൽ നീ-
        ന്തിക്കളിച്ചാത്തരക്ഷാ-
താല്പര്യം നിത്യമെന്നും തിരുനയനകലാ-
        ലംകൃതം പങ്കജാക്ഷം. ൨൧

കണ്ടന്നേരത്തുതന്നേ കലിതകുതുകമാ-
        ധായ ദീർഘപ്രണാമം
വാരേ ർപാളി വണങ്ങിത്തരുതരെ വിധിവി-
        ഷ്ണ്വാദിമുഖ്യാസ്തദാനീം
താനേ സംസ്തൂയ ബാഷ്പപ്രസരഘനരുജാ-
        വിക്ലബൈഃ സ്തോത്രജാതൈ-
ർദ്ദീനാ മേന്മേലുണർത്തിച്ചിതു പുരദനുജാ-
        പദ്രവം ദുർന്നിവാരം. ൨൨

“കേൾക്കേണം തമ്പിരാനേ! ദുരിതമിതു വശ-
ക്കേട്ടുകൊണ്ടത്രേ തിക്കി-
ക്കൂട്ടം ഞങ്ങൾക്ക പാർപ്പാനിലുമൊരിടമിരി-
പ്പാനുമില്ലെന്നവണ്ണം.
സാക്ഷാലാധാരമിന്നിത്തിരുവടിവിഷമാ-
പത്തിലെന്നുള്ളതിന്നും
നീക്കംവന്നു പിഴച്ചു ഗാഢമമരതയും
ദുർഗ്ഗാനാമിദാനീം ൨൩

ദുഃഖാവേശാൽ വിശന്നാവതു മലിനകൃശ-
ക്ലിഷ്ടഗാത്രാനിതൊക്കെ-
ത്തൃക്കൺപാർക്കേണമസ്മാൻ വ്യസനമൊരളിനം
കീഴിലെത്തീലിവണ്ണം
ഉഗ്രാത്മാ കാലഘന്താവിതിനു മറുപുറം
നില്ക്കുമത്രേ വിഭോ! കേൾ
ത്തൃക്കാൽമൂലംപ്രപന്നാ വയമസുരരിപോ!
സർവ്വലോകൈകബന്ധോ!” ൨൪

ഇത്ഥം വാനോർജ്ജനാനാം കരുണഗിരമുപാ-
കർണ്ണ്യ പണ്ടേതിലേറ്റം
മെത്തും കാരുണ്യമുദ്രാതരളിതഹൃദയഃ
ശാർങ്ഗധന്വാ തദാനീം
പുത്തന്മന്ദസ്മിതശ്രീതടവിനചടുലാ-
പാംഗമംഗ്യാ സലീലം
ത്തൃക്കണ്ണേറ്റമ്പിലെല്ലാരെയുമതിസുഖയ-
ന്നാബഭാഷേ ഗഭീരം. ൨൫

“പോരും പീഡാവിശേഷം വിബുധപരിവൃഢാ
 നിങ്ങളൊന്നിച്ചശങ്കം
ഗൌരീശം ചെന്നു സേവിച്ചരുളുക ഭഗവാ-
 ന്തം മുദാ ഭക്തിയുക്താഃ
വീരോടും മുപ്പുരത്തിൻ മുടിവിനുമഴൽ പൂ-
 ണ്ടോരു മുപ്പാരിൽ നീളെ
സ്വൈരം വന്നീടുവാനും കഴിവുകരുതിനാ-
 ലിന്നിതേ മാറുമുള്ളൂ. ൨൩

എന്നും നന്നാകയില്ലീശ്വരനെമറുപുറ-
 ത്താക്കിനാലാധിമേലേ
വന്നീടും നിത്യമെന്നും മനഃസിജമിടയി-
 ട്ടിന്നരം ചൊററിഞ്ഞു
എന്നാലൊന്നുംപെടാതത്തടവിന്നിലകൊ-
 ണ്ടിന്നു നമ്മോടു നിങ്ങൾ-
ക്കന്ന്യായം കാട്ടുമേററം വിഷമമിതൊരുമി-
 ച്ചോർത്തിതിൽകൃത്യമെന്നാൽ.” ൨൪

ഇത്ഥം ചൊല്ലിത്രിലോകീതിലകമണി സന-
 ന്ദാദിദേവർഷിവൃന്ദം
ഭക്തം മാനിച്ചയച്ചങ്ങഹിശയനതലാ-
 ദുത്ഥിതസ്സുസ്ഥിതാത്മാ
സ്മിതാമന്ദം മലർത്തന്വിയോടു സരസം
 ചൊല്ലിയങ്ങമ്പർപാളി-
മദ്ധ്യേ കൈലാസയാത്രാംകലിതരുചികരി-
 ക്കൊണ്ടു ഭദ്ര്യാ ഖഗേന്ദ്രം. ൨൫

അന്നേരം ഭക്തികൈക്കൊണ്ടണികഴൽപണിയും
പക്ഷിരാജസ്യ കണ്ഠേ
നിന്നിട്ടാത്മാ കരേറിത്രിഭുവനമഹിതം
പ്രാപ്യ രൌപ്യാചലേന്ദ്രം
മന്നിൽ ചൊല്ലാരൊന്നൊഴും കാപടികമണി പുരത്തു-
ടവസ്ഥാപ്യ ദേവാൻ
വന്ദിച്ചാശിഷ്ടവർത്മാ സപദി പരിജനൈഃ
പ്രാപ ശംഭോസ്സകാശം. ൨൯

അപ്പോളങ്ങെഴുന്നീറ്റു സംഭ്രമവശാൽ
മാനിച്ചു തൃക്കൈപ്പിടി-
ച്ചുല്ലസ്സ്മേരമുഖഃ സ്മരാരിഭഗവാൻ
മാണിക്യസിംഹാസനേ
ഒപ്പം തന്നോടു ചേർത്തിരുത്തി മനസാ
സൌജന്യമുദ്രാഞ്ചിതാം
പത്മാകാന്തനൊടാപ്തബന്ധുവൊടഴി-
ഞ്ഞൂചേ മനോജ്ഞാം ഗിരം. ൩൦

“ധന്യാത്മൻ! കേൾക്കതാനേ വരവിതെവിടെനി-
ന്നെന്നതഭിപ്രായമുൾക്കൊ-
ണ്ടിന്നേരം പോന്നുവന്നീടിനതൊഴിൽ കമലാ-
ജീവനാലംബമേ! കേൾ
വന്ദ്യേ വൈകുണ്ഠലോകേ വസതിതടവുമെ-
ല്ലാർക്കും സൌഖ്യമല്ലീ!
നന്നായ്‌ കണ്ടതിപ്പോൾ കഥയകഥയ സ-
ർവ്വം മമാശിഷ്ടബന്ധോ!” ൩൧

ശ്രുത്വാ സാനന്ദസാന്ദ്രം പരമശിവഗിരം
    പത്മനാഭഃ സ്മിതാർദ്രം
പ്രത്യൂചേ "ശൈലപുത്രീസുചരിതഫലമേ!
    കേൾക്ക വാക്യം മദീയം
അത്യന്തം കഷ്ടലേശ്ശാതരളിതമതയാ
    നിത്യവും വന്നു ദേവാ
നിദ്രാഭംഗം വരുത്തുന്നിതു മമ സഹിയാ
    ഹന്ത ശാഠ്യം ജളാനാം. ൩൨

കേൾക്കേണം മോഹമേഷാം ത്രിപുരദനുജരാം
    നിഗ്രഹം നിർവ്വഹിപ്പാ-
നാക്കം പാർത്താലസാദ്ധ്യം തൊഴിലിതുപറവാൻ
    മുട്ടു നമ്മോടു മേന്മേൽ
ദാക്ഷിണ്യംകൊണ്ടുവല്ലോ നഭിമതമിതുസാ-
    ധിക്കയില്ലെന്നു ചൊൽവാൻ
നീക്കം ചൊറില്ലശക്യം നിധനമിതൊരു-
    നാളും ഭവൽസേവകാനാം ൩൩

അശ്രാന്തായാസവശ്യം ഭക്തിയുമരിയതപ-
    സ്സിദ്ധിയും വിദ്ധി ശംഭോ-
ർവിശ്വാസക്കേടുമാർക്കും പുരദനുജവര-
    ന്മാരൊരുമം വന്നുകൂടാ
അച്ഛോ കേൾ തദ്വിരോധം വിബുധപരിഷകൾ-
    ക്കെത്രയും കഷ്ടമത്രേ
ഇഷ്ടം മന്ദാശയന്മാരിതു വരുമിതു വാ-
    ദാതാവെന്നുള്ള ബോധം." ൩൪

ഇത്ഥം നിശമ്യ ദനുജാധിപതിം കരാഗ്രേ
കൈത്താർ നിവേശ്യ നിജഗാത്ര പിനാകധന്വാ
"എന്താ പുരൈകരസുഖം ഭൃശമാം ദുരാശാ
മകേതവ്യവിശേഷസിദ്ധി ചെയ്യാനാളമേശാ ൩൭

ഉണ്ടോ ഭവത്സു സുരരേഷു ഭയാനുകമ്പാ
ഹീ പാരമേരുഗ്രഹം
പണ്ടേ നാകസമാജതിന്നവരെ-
ന്താനേ വരുന്ന ദുഃഖം
മിണ്ടാതെ ഹതകാ വസന്തു കഥ ചിൽ
കോണ്ടേ ഞങ്ങൾ ദ്വിഷന്മോ
ബന്ധം ചെയ്തിരിക്കാരിടത്തൊരുത്തനവരിൽ
ചെയ്യുന്നതെന്തും പരാ" ൩൮

ഭക്താരേ: സ്നേഹബന്ധം ദുഃഖമനവധിമാ-
ന്നാസ്ഥയാ യാത്ര ചൊല്ലി
പ്രസ്ഥായ ക്ഷീണരാഗാന്നതിസരസമയാ-
ച്ഛാദിതേയാൻ വിധേയാൻ
ബുദ്ധ്യാ കല്പിച്ചു സർവ്വം മധുരിപു കപട-
പ്രക്രിയാദേശികോസൌ
ധൃത്വാ ബുദ്ധർഷിരൂപം നിരുപമമഹിമാ
നിർമ്മമേ ബൌദ്ധശാസ്ത്രം ൩൯

ഗദ്യം. ന:—തദനു പരമപൂരുഷോസൌ മഹാശ്ചര്യ
ബുദ്ധർഷിവേഷം ധ്യാനസ്ഥമാ വൈദികാദ്ധ്വാന്ത
രാദ്ധാന്തസാരോദ്ധൃതം നാസ്തിവാദപ്രഗൽഭം മഹാശാസ്ത്ര

മന്ദപോട്ട് നിൎമ്മായ ശാഖാശതസ്സ്വീതപത്രാന്തപത്രാഞ്ചിതേ ബോധിവൃക്ഷസ്യ മാണിക്യവേദീമണിപ്രാംഗണേ സന്നിഷണ്ണഃ സ്തുതിപ്രക്രിയാഗോചരം നാരദം ഭ്രമവിഭ്രാന്ത ഭൃംഗൈകരവശ്രേണികാശോഭേന്ദുനിതസ്യാന്യഭാവം പൂൎസ്സ്വാന്തനിവേശ്യാഖിലം പാടുപാടേമുദാ പാഠയന്നാടൽകൂടാത മായാമഹില്ലാ ദൃശം മോഹിതാശേഷലോകസ്ത്രിലോകീമണിപ്പൂൎണ്ണൎച്ച ചെയ്യുന്നകാലം പുരന്ദ്രാത്മജക്ഷാമതപ്പാസ്സ്മഭ്യേത്യ തന്ദ്വൈവ സംവിൽക്രമംകൊണ്ടകല്യാണഭാവം മുനിം സാധു ബൌദ്ധാഗമവ്യാഖ്യ ചെയ്യുന്നതമശിഷ്യം വിശിഷ്യ സമ്പ്രായം ബോധയന്തം മഹാബോധിമൂലേ സമാസീനമാനാസികാമൂലലഗ്നോല്ലോലച്ഛപുണ്ഡ്രാങ്കിതം ഭൂരിതേജോഭരം കൊണ്ടു വിദ്യോതിതാശേഷദിഗ്ഭാഗമാഗം പ്രകാമംകണതം മുന്നിലാമ്മാറു കണ്ടാശ്ചൎയ്യം വിസ്മയം പൂണ്ടു നിന്നീടിനാർ.

അനന്തരം കണ്ടു മുപ്പാടസുരപതിവൃന്ദാ-
ലല്പൈകെതജപാലാംഗാ-
നന്ദിപ്രൌഢിമാ സൌഗതമുനി മനസാ
തത്ര കൊണ്ടാടി മെന്നേൽ
"ഇന്നിങ്ങഥോദ്ഭരതുപദേശം നിലയനമെവിടം
കസ്യ പുത്രാ വിചിത്രം
നന്നത്രേ വേഷമാകെല്ലൈത്തു കഥയത നാ-
മോടു നിങ്ങളെല്ലാം"

സം

ഇത്ഥം നിശമ്യ വചനം പുരദാനവേന്ദ്രാഃ
സ്തുത്വാ മുനിം നിജഗൃഹംഗതനന്തരന്തേ
ഭക്ത്യാ നതേ ശിരസി ക്ലിപ്തി നമസ്ക്രിയായേ-
ത്യുക്ത്വാ ദൃശോദിതപരസ്തുതനാമഘോഷാഃ ൩൯

"കേൾക്കേണം ഭോ മഹാത്മൻ! വയമഖിലജഗൽ
സദ്രക്ഷാന്തദീക്ഷാ-
ദാക്ഷിണ്യം പൂണ്ട സാക്ഷാൽ പരമശിവവിഭോ-
രാശ്രിതാ ഭക്തലോകാഃ
ഉൾക്കാരും തൽപ്രസാദാപ്തിതപുരനിലയാ-
സ്താരകപ്രൗഢദൈത്യ-
ദ്യാഭ്യാചാരാസ്ത്രിലോക്യാമവിഹതഗതയ-
സ്സാർത്ഥികാ ദൈത്യവീരാഃ ൪൦

ബാലത്വേ ഞങ്ങളേതേ വിബുധകുസൃതികൊ-
ണ്ടാപ്തതാതപ്രണാശാ-
ത്രൈലോക്യാധീശ്വരം ഭീഷണതരതപസാ
തോഷയിത്വാ മഹേശം
മേലേ ലബ്ധ്വാ പുരാണാം ത്രയമമിതവരൌ-
ഘത്തെയും ബിഭ്രതസ്സ-
ദ്വേഷം രുദ്രാക്ഷമാലാധരമനുദിനമാ-
ശ്ചേഹേ ലിംഗേപ്യജസ്രം. ൪൧

ത്രൈലോക്യസ്വാമി സാക്ഷാൽപശുപതിഭഗവാൻ
നൂനമെപ്പോഴുമെങ്ങും—
കാലംപോം കാണിനേരം മനതളിരിൽ നിന—
പ്പീല നാമന്യദൈവം
ലീലാക്രാന്തത്രിലോകാ വയമധികമുദാ
സൎവ്വതോ നിൎവ്വിചിക്കാ
നിങ്ങളെപ്പാടേ നടപ്പുണ്ടു പരമശിവ—
പ്രാഭവം വിശ്വവന്ദ്യം ൪൨

നേത്രാനന്ദായ നസ്സംപ്രതി പരമശിവ—
ധ്യാനമാജ്ഞാം പുരസ്താൽ
പ്രാപ്താഃ കേവാ ഭവന്തഃ സകലഭുവനസം—
മോഹനാംഗസ്വഭാവാഃ
ശാസ്ത്രത്തിൻ നാമമേതൊന്നിതിലിതവിധ സി—
ദ്ധാന്തമെന്തെന്നിതെല്ലാം
പ്രീത്യാ ശുശ്രൂഷമാണാ വയമഖിലമിതാ—
ഖ്യാഹി വിദ്യാപയോധേ!" ൪൩

ഭദ്രാണീശപ്രസാദത്തിന്നസുരമഹാ—
വീരഭക്തിക്കുമേറ്റം
മെത്തും നൽവൈദഗ്ദ്ധ്യസാരം തിരുമനസി പരി—
ശ്ശോഭമാനോ നിഗൂഢം
സ്മിത്വാ മന്ദം ബഭാഷേ പരമശിവപദേ
ഭക്തിയും നിത്യസേവാ—
വൃത്തിം പ്രേക്ഷ്യൈവ തേഷാം ചെറുതു പരിഹസൻ
ബുദ്ധനാഥോ മഹാത്മാ ൪൪

"ധന്യാഃ ശൃണ്വന്തു കോവാ ശിവ ഇതി ഭവതാ-
മീശ്വരഃ കീർത്ത്യമാനോ
മന്ദിരേഴിന്നു സാക്ഷാൽ പരിവൃഢനവനോ
കേട്ടതില്ലിത്രനാളും
എന്നാലെപ്രായമുള്ളോനുടൽവടിവെവിടം
തസ്യ ഗേഹം പലർക്കും
തന്നെക്കാണാവതോ ജന്മമിതു ഹഹ കുലേ
കുത്ര കീദൃക്പ്രഭാവം ൪൩

ലോകാനാം നിഗ്രഹാനുഗ്രഹനിപുണതയും
യുഷ്മദീയേശ്വരൻതൻ
മാഹാത്മ്യോല്ലാസവും ചൊല്ലിന നിഗമമതു-
ണ്ടെങ്കിലാകർണ്ണനീയം
ഏകാന്തേ ജംഗമസ്ഥാവരമയജഗതാം
നാസ്തിപാരപ്രശർമം
വ്യാകർത്താ വൈരശാന്ത്യം മഹിതമിതു വയം
കേപി ബുദ്ധാ മുനീന്ദ്രാഃ ൪൪

ദൃഷ്ടിസ്ഥൽക്കണ്ടതെല്ലാം ഫണനണിയുശത്രു-
ർണ്ണാപമം വിശ്വമെന്നാൽ
നഷ്ടഭ്രാന്തന്നു സാക്ഷാലറിക ശിവനു മി-
ഷ്ട്യാധിപത്യപ്രബോധം
പട്ടാണങ്ങൾക്കു നിത്യം തടവിന ശിവലിം-
ഗാർച്ചനാരമ്യലേപം
കഷ്ടം നാശത്തിനല്ലാതനിശമനുചിതാ-
രംഭമത്യന്തഘോഷം. ൪൫

ശംഖേ പൂരിച്ചു തോയൈർവ്വിഹിതമിറിയ ലിം-
    ഗാർച്ചനം പൂതമല്ലീ
ശങ്കേ സതാംശമാവാത്തദപി നരകപാ-
    ലം വിശുദ്ധേന്ദ്രിയാനാം
സംക്ഷാളം ഗോമയാംഭസ്സൃതിഭിരവനിമേൽ
    കർമ്മണാം ശുദ്ധിമൂലം
സങ്കല്പം നന്നു ജന്തോർമ്മലമധികവിശു-
    ദ്ധിക്ക ഹീഹീ വിമോഹം.” ൪൮

നിശമ്യ മുനിനോദിതം വിഹിതകർണ്ണരന്ധ്രാസ്സദാ
വിധായ പുരദാനവാശ്ശിവശിവേതി സംഭാഷണം
കൃതാഞ്ജലിപുടാ ഗിരം നിജഗദുസ്ത്രിലോകീശ്വരേ
നിവിഷ്ടഹൃദയാ ഹരേ സകലകിൽബിഷാച്ഛിദേ ൪൯

“സ്വതന്ത്രമീശം ജഗതാം വിധേയം
ജഗൽപ്രസൂം വാങ്മനസാതിദൂരം
നിതാന്തരമ്യം നിഗമാന്തഗമ്യം
ജാനന്തി നോ മന്ദധിയോ മദാന്ധാഃ ൫൦

വ്യാഹാരം വിഷമമിതോഽഖിലാക്ഷ തേറാം
മാഹാത്മ്യം പരമശിവസ്യ വിശ്വമൂർത്തേഃ
യേ കേചിൽ കമപി ശിവദ്വിഷോ വിലാപം
മോഹാന്ധാ വിദധതി തത്ര നോത്തരം നഃ. ൫൧

സത്തിൽബ്രഹ്മസ്വരൂപാനഭിജ്ഞജഗതി-
    വ്യാപ്പ്യധാരേ്ലാ മുനീനാം
നിശ്ചിന്താനാമലക്ഷ്യാൻ ക്ഷയജനനവിഹീ-
    നാനമേയാനമേയാൻ
അച്ചോ നിശ്ശേഷവിശ്വസ്ഥിതിജനനമിലാ-
    സാക്ഷിണസ്സ്വാമിനോ നഃ
സ്വപ്നാ വേദാന്തവാണീ കഥയതി മഹിമാ-
    ഭോഗമുൽഘോഷയന്തീ.” ൫൨

“യുഷ്മാകം വേദമാർഗ്ഗം വിതഥമിഹ സുരാ-
    പാനഃ മദ്യം നിഷിദ്ധം
സൌത്രാമണ്യാം വിധിച്ചൊന്നിതു ബത നിതരാം
    ഭേദശ്ശുദ്ധ്യൈ വിശേഷാൽ
ഓർത്താലും ബന്ധമില്ലെന്നുയുക്തിഭരിതം
    പ്രാണിഹിംസേതി കേൾക്കാം
സാധ്വാചാരം പശ്വാലഭനമിതു മഖേ
    വേദമുണ്ടന്തവാക്യം. ൫൩

ഉക്തം നൈവാക്ഷഗമ്യഃ സ്വയമിഹ ശിവനെ-
    ന്നാകയാലൊക്ക നീകം
പ്രത്യക്ഷത്തിന്നു സത്യം കലയത സുഖമേ
    വന്നിതോർക്കും ദശായാം
സിദ്ധം പ്രത്യക്ഷബാധാദനധിഗതമിത-
    ന്നേവം നിർണ്ണീതമെന്നാ-
ലബ്ധിതാം ഷൾപ്രമാണങ്ങളിലുമുദിതമം-
    ഗം ശിവസ്യ പ്രസംഗേ. ൫൪

സ്വതന്ത്രതാ ചേന്നരകം പ്രയച്ഛേൽ
സ യജ്വനേ കിം ഭവതാമധീശഃ
ദിവം മഹാപാതകിനേഥവാ കിം
തച്ഛിവഃ കർമ്മവിധേയ ഏവ. ൧൨

വേഷം ഭാഷണപാത്രമീദൃശമഹോ
    ഭസ്മാക്ഷമാലാജടാ-
ഭൂഷഞ്ചിൽപ്രകൃതേശ്ശിവസ്യ ച ഭയം
    കാണായതിവണ്ണമോ?
ഭോഷന്മാർ പരമാത്മതത്ത്വമറിയാ-
    തേകണ്ടേടുക്കും തൊഴിൽ-
ക്കീഷൽ സ്മേരമുഖാ ഭവന്തി സുധിയോ
    ഘോഷിക്കമന്യേ ജനാഃ ൧൩

സ്നാനസ്യ ശക്യം മൃഗതൃഷ്ണികാംഭോ
ജപസ്യ സംഖ്യാപ്യധികാ പരാർദ്ധാൽ
ശിവാർച്ചനായാം വിഹിതം ഖപുഷ്പം
ശശസ്യ ശൃംഗം ഭവതാം ഹി ലിംഗം ൧൪

അപ്രത്യക്ഷമരൂപമക്രിയമഹോ
    ജന്മാനപായാനന്വിതം
നിത്യാത്മം പരതന്ത്രമീശമനിശം
    വിശ്വസ്യ സേവാദൃതാം
യുഷ്മാകം കിമു ഗൗരവേണ തപസാ
    ജ്ഞാനേന മൌനേന കിം
ഭൂയിഷ്ഠശ്രമനിഷ്ഫലാഃ ഖലു നൃണാം
    താദാത്മ്യജാം പ്രക്രമാഃ.” ൧൫

ഇതി ഗിരമുപകർണ്ണ്യ കർണ്ണരൂക്ഷാം
പ്രസൃമരഭക്തിനിരസ്തകോപസൌമ്യാഃ
മദനരിപുവിഭവപ്രവർണ്ണനാഢ്യം
പ്രതിവചനം ജഗദുഃ പുരാസുരേന്ദ്രാഃ ൧൯

''ചടുലാതരളീയശക്തികലയാ
ഭ്രമന്ത്യാ ജഗന്മണ്ഡലേ
യത്ര സ്പന്ദനമാത്രമപ്യസുലഭം
ന്യക്ഷിപ്ത പാർശ്വേവിധൌ
കഷ്ടം കഷ്ടമപാരതിം ഭഗവതോ
ദൃക്ശക്തിഭിസ്സാധിതം
പട്ടാങ്ങാസ്ത്വവും മദ്ധ്യേശരവദിഭോർ.
ദൃഷ്ട്വാ യതന്തേ ജനാഃ ൨൦

യതസ്സ്തുത്യാ വാചസ്സഹ ച മനസാസംപ്രാപ്യവിഷയാ
നിവർത്തന്തേ യസ്മിൻ സ്ഫുരതി ഭുവനം ബുദ്ബുദ ഇവ
യദിച്ഛാവിഷ്ടാർക്കേന്ദുജ്വലനമയതേജസ്ത്രയമിദം
സദാ ഖദ്യോതാഭാം വഹതി കലയാമസ്തമനഘം ൨൧

സൃഷ്ട്വാ ജഗത്സകലമംബുജയോനിമൂർത്ത്യാ
സമ്യഗ്വിധായ ഭരണം കരുണാകരാത്മാ
രൌദ്രം വപുർഭുവനമേതദ്ഗ്രസിതസ്സമസ്തം
സംഹൃത്യ ഖേലതി പരഃ പുരുഷോഽദ്വിതീയഃ ൨൨

സ വൈ ന ദേവാസുരമർത്ത്യതിര്യ-
ങ്ന സ്ത്രീ ന ഷണ്ഡോ ന പുമാൻ ന ജന്തുഃ
നായം ഗുണഃ കർമ്മ ന സന്ന ചാസ-
ന്നിഷേധശേഷോ ജയതാദശേഷഃ ൨൩

ഭൂതാനി ശംഭുർഭുവനാനി ശംഭു-
ർവ്വർണാനി ശംഭുസ്ത്രിതയശ്ച ശംഭുഃ
സ ഏവ സർവ്വന്ന തതോതിരിക്ത-
സ്തതസ്സ്വ ഏകഃ പരമാത്മമേതൽ ൩൪

ശിവപ്രസാദേന വിനാ ന മുക്തയഃ
ശിവപ്രസാദേന വിനാ ന ഭുക്തയഃ
ശിവപ്രസാദേന യതസ്സ്വയം ശിവഃ
ശിവപ്രസാദസ്തു ശിവപ്രസാദതഃ ൩൫

ഇജ്യശ്ച യജ്ഞൈരയമേവ ശംഭു-
ർദ്ദേയശ്ച ദാനൈരഖിലൈസ്തഥൈവ
ജപ്യശ്ച മന്ത്രൈരഖിലൈർവ്വിശിഷ്ടൈ-
സ്സ്തുത്യശ്ച ദേവൈർവ്വിധിവിഷ്ണുപൂർവ്വൈഃ ൩൬

കാണ്മാനക്ഷണ്ടെങ്കിലും മംഗലപരമശിവോ-
ച്ഛ്രോത്രമില്ലെങ്കിലും കേൾ
കാര്യം വാ കശ്മലം വാ ശിവശിവ പരത-
ന്ത്രഃ സ്വതന്ത്രോഥവാ കിം
ചെണ്മേവും ശക്തികൈകൊണ്ടവരവർപുകഴ്-
ന്നാകിലും ദോഷശക്ത്യാ
മെന്മേൽ നിന്ദിക്കിലും ശ്രീക്ഷണമൊഴിയെ നിനാ-
പ്പീലമീ കാൽക്ഷണം നാം ൩൭

പശുപകജനതക്ശ്രാവകദ്വേഷ്ടൃശാരൈന്ത്യ
പരശിവതിരുനാമാന്യുച്ചകൈരുച്ചരന്തഃ
മനസി വചസി കായേ കർമ്മണി ബ്രഹ്മ സത്യം
ദിനമനു നിദധാനാഃ സൈപരമദ്ധ്യാസ്മഹേ നാം.” ൫൮

കേല്പേറും വ്യവസായമുത്തുതതരം
തേഷാം ചെവിക്കൊണ്ടൊരു
വിസ്മേരോ വചനം ജഗാദ ഭഗവാൻ
ധ്യാത്വാ മുഹൂർത്താന്തരം
“യുഷ്മാകം പരമേശ്വരേ പരമൈശ്യം
ഭക്തിക്ഷമാസ്മാകമാം
സിദ്ധാന്തത്തിനുമുള്ള സത്യമഹിമാ
സദ്യഃ പരീക്ഷാസ്പദം. ൫൯

സത്യത്വം വേദവാക്യത്തിനുമിഹ ശിവമാ-
ഹാത്മ്യവാഗ്ഗിനുമുണ്ടേ-
നർത്ഥത്തിങ്ങീടും ദൃഢം മാമകനിഗമയോലേ-
നാപനേഷ്യാമി ദൂരം”
ഇത്ഥംവിശേഷശഃ സൌഗതനതിവിതതം
മായയാ ബോധിവൃക്ഷം
പ്രഫുല്ല്യാശേഷമുണ്ടാക്കുക ശിവമഹസാ
സ്സ്വയമെന്നാണവാദീൽ. ൬൦

അഥ തേ ബൌദ്ധസിദ്ധാന്തസത്യവ്യത്യസ്തബുദ്ധയഃ
ആനീശ്വരം ബുബുധിരേ ഉവാം പുരദാനവാഃ ൬൧

ഇഷ്ട്വാ ചെന്നുവണങ്ങി മംഗലനിധിം
ബുദ്ധേശ്വരം വഞ്ചിതാഃ
കഷ്ടാളീകശിവപ്രതീതികലയാ
സൎവ്വം ക്ഷമിക്കേണമേ
പട്ടാങ്ങേ തവമാൎഗ്ഗമേവ ശരണം
ഞങ്ങൾക്കിതെന്നഞ്ജസാ
ദിഷ്ട്യാവാപ്യമഹാസിദ്ധ്യസ്സമഖിലം
നിൎഗ്ഗുണമൈശാങ്കനം. ൭൨

തൽക്ഷണേസുഗതനാഥനാൽ നിഭൃത-
മക്ഷിവിഭ്രമണചോദിതോ
മുഖ്യദേവമുനി ചെന്നമന്ദമവ-
രോധസത്മനി മഹാമനാഃ
കൈക്കെ വൃത്തമറിയിച്ചു ധൎമ്മക-
ലെക്കളുതെന്നുരയോഷിതാം
ബുദ്ധവേഷമചിരാൽ വളൎത്തു നിര-
ഗാദസൌ കലഹകൌതുകീ. ൭൩

ഉദ്ധസംഭ്രമകുതൂഹലത്വരിത-
ചംക്രമപ്രസരലോളിത-
സ്ഫാടികാക്ഷമണിമാലികോ മുനി ര-
നാളുപേത്യ രജതാചലം
നിടേശം ത്രിഭുവനൈകനായകമഭി-
വന്ദ്യ ദുഷ്ടപുരദാനവ-
പ്രൌഢധിക്കൃതികഥാവിശേഷമറി-
യിച്ചിതാസ്ഥയൊടശേഷവും. ൭൪

"കേൾക്കേണം പാർവ്വതീവല്ലഭ പരമവിഭോ!
 താവകാ ദൈത്യവീരാഃ
ദുർവ്വൃത്താത്മാനം ഭവന്തം ത്രിപുരവസതയോ
 ദൂരമുത്സൃജ്യ മേന്മേൽ
സാക്ഷാൽ പാഷണ്ഡമാർഗ്ഗം ധൃതകുതുകമിയ-
 ന്നാസ്ഥിതാ ദൈഗ്ഗുവമുദ്രാ-
മാക്ഷിപ്യ ക്ഷുദ്രബുദ്ധ്യാ കനകമുടലിലണി-
 ഞ്ഞുദ്ധതാ ബുദ്ധവേഷാഃ. ൧൮

ജടാ ലുനീഥാ ക്ഷപയാക്ഷമാലികാഃ
ക്ഷണേന ചൂർണ്ണീകൃത ലിംഗമുത്തമം
കിമത്ര ചക്രേ ന പുരാസുരത്രയം
പ്രസാദമുച്ചൈരവധീച്ച താവകം." ൧൯

ശ്രുത്വാ ശ്രീനാരദോക്ത്യാ പുരദനുജകൃതാം
 ന്യക്കൃതിം മേൽക്കുമേലേ
മെത്തും കോപാന്ധചേതാഃ കപൃനാരതിഖലാ
 ദാനവക്കൂട്ടരെന്നോ
വെട്ടെന്നതറായ ദുർവ്വാദപ്രവികട
 ഭ്രൂകുടീഭീമവക്ത്രഃ
സദ്യോ ദൈത്യാൻ നിഹന്തും പ്രകടിതമഹിമാ
 സമ്പ്രതസ്ഥേ പിനാകീ. ൨൦

ഗദ്യം. ൪:— ഹരഹര ശിവശിവ വിശ്വാധീശൻ തല മൂടേറിന കോപാവേശാൽ മുപ്പുരമെഴുകിലെരിപ്പാനാശ്ശൂണ്ടെഴുന്നള്ളിനപൊഴുതത്ഭുതകലവി പുകണ്ണീടാമോ. കനകമഹാഗിരി പോർവില്ലായീ ഭുജഗവരൻതാൻ ഞാണായ്തീർന്നൂ ധാത്രീദേവി മണിത്തേരായീ തേരുരുളായീ ചന്ദ്രാർക്കന്മാർ വേദംനാലും കുതിരകളായീ ചാരുതകോലിന മാരുതപക്ഷം പൂണ്ടു സഹേലം ദഹനം മുനമേലാക്കി മഹാത്മാ നാരായണനും നാരാചാകൃതി കൈക്കൊണ്ടഗ്രേ മാരാരാതിവലത്തൈയ്യിൽ ചേൎന്നു സമക്ഷം വീക്ഷാമാസെ. തദനു ജഗത്രയഭീഷണവേഷോ ഉദ്ധതരകല്പിതപരികരബന്ധസ്തുംഗശതാംഗമലങ്കുർവ്വാണഃ സജ്യശരാസനസംഹിതബാണോ ജൃംഭിതരഭസവിശൃംഖലചംക്രമസംഭ്രമകമ്പിതഭുവനകടാഹമിതുടനടനതിരും കടുകനൽചിതറിന രൂക്ഷതരേക്ഷണപാതവിലോലദലാതകലാപജ്വലിതദിഗന്തസ്ഫുൽക്ഷണസമുദിതകൌതുകഹൎഷം കൌസുമവർഷം ചെയ്തുപുകഴ്ത്തും ദിവ്യജനാനാം ഭവ്യജനോക്തീഃ ശ്രാവം ശ്രാവം ത്രിപുരാസുരകൃതധിക്കൃതിമുച്ചൈഃ സ്മാരം സ്മാരം തൽഗതകരുണാം ഹാരം ഹാരം കോപവികാരം കാരം കാരം ത്രിഭുവനചക്രം മുട്ടവിറച്ചും പരിചുവളൎന്നൊഴുമട്ടഹസദ്ധ്വനിദാരുണവദനാഭ്യുരംഗോദ്ധതസേനാകലുകളമുല്ലസിതകേതനമുച്ചനികേതനമുഗ്രമഹാസുരപുരവരമഗ്രേ ലക്ഷീകുർവ്വന്നക്ഷീണാത്മാ നിന്നരുളീ ബത സംഹൃതിരൂപീ ധൂർജടി കപാലീ.

പ്രേക്ഷ്യാമം വിശ്വചക്രപ്രമഥനമുടനേ
കേട്ടു വേഗാൽ പുറപ്പെ-
ട്ടുഗ്രാടോപാലതിക്ഷ്ണം ദനുജപരിവൃഢാൻ
വീക്ഷ്യപാഷണ്ഡവേഷാൻ
ഉദ്യൽക്കോപം മേൽക്കുമേലേതികതിലപിടിപെ-
ട്ടമ്പുബാണാരി ബാണം
മുഷ്ട്യോടാകൃഷ്യ നിൽക്കേ നിടിലമിഴിയിൽ നി-
ന്നുത്ഥിതോ ജാതവേദാഃ ൭൮

കല്പാന്തോദ്ദീപ്തവൈശ്വാനരതുലനകല-
ന്നാശു ദോഷാന്തരാളം
കത്തിക്കാളിച്ചു മൂലന്നതികഠിനമിര-
ച്ചുച്ചൈരുജ്ജ്വലാത്മാ
കേല്പേറും മുപ്പുരം ചെന്നഴകൊടു പിടിപെ-
ട്ടൊക്കെ ദഗ്ദ്ധ്വാ ത്രിലോകം
ഭസ്മീകർത്തും ജഗൽപ്രസ്തുതമുഖരശിഖഃ
കൃഷ്ണവർത്മാ ദിദീപേ. ൭൯

ദഗ്ദ്ധ്വാദഗ്രം പുരാണാം ത്രയമഥ നിമിഷം-
കൊണ്ടെരിച്ചഗ്നിദേവേ
മുപ്പാരെപ്പുതമൊപ്പം ഗ്രസിതുമതിതരാം
ദിക്കിൽ ജാജ്വല്യമാനേ
ഉൽഭ്രാന്താസ്തത്ര ദേവാ ദ്രുഹിണഹരിമുഖാഃ
ക്ഷിപ്രമാവിർഭവന്തഃ
സപ്രീത്യൈ തുഷ്ടുവുസ്തേ ദിവി ചാദിവി ചരാ
വർഷുകാഃ പുഷ്പപാളീം. ൮൰

ഗദ്യം. ൩:—ജയജയ സുരജനപരിവൃഢ ശങ്കര പദസരസിജനതിരതജനശങ്കര സകലസുരാസുരഭാസുരകിങ്കര സാക്ഷാദ്ദുർജ്ജനസംഘഭയങ്കര ഭസിതവിലേപസ്ഫുടരുചിബന്ധുര ഭുവനജനിസ്ഥിതിനാശധുരന്ധര ഭീഷണഗരളശ്യാമളകന്ധര ഭീമഭവാപഹ കരുണാമന്ഥര ചണ്ഡദ്യുതിശശിപാവകലോചന മുണ്ഡപ്രകരവിരാജിതഭൂഷണ ഗണ്ഡപ്രതിഫലിതോരഗമണിസ്ഫുവികണ്ഡല്യപഹിതകണ്ഡലമണ്ഡിത മന്ദസ്മിതരുചിനിർമ്മലിതാംബര ദന്തിപ്രതിനവചർമ്മകൃതാംബര സന്തർപ്പിതമുനിപരമകൃപാലയ കന്ദർപ്പാന്തക പാലയപാലയ—പുഷ്പസായകദർപ്പമോചന കല്പപാദപ ഭക്തിശാലിഷു സൽപ്പദതികട്ടനയനാഹുതവഹദൃപ്തസുരരിപുനികരവിമഥന. ജയജയ വിഹിതസകലലോകരക്ഷണ കരക്ഷണചലിതശൂലമർദ്ദിതകൃതാന്തകൃതാന്തരായപുരരിപുപുരന്ധ്രീമദാമോദ ദാമോദരഹിതമകരകേതുശരാതോദരീബാഷ്പധുനീപ്രവാഹജീമൂതായമാനതായമാനകിന്നരകിമ്പുരുഷഗണസ്തൂയമാന യമാനനനിവേശിതസുരാധിപാരിജാത പാരിജാതപല്ലവപാടല്യപാടച്ചരകോടീരകാന്താര കാന്താരമണീയവാമാങ്കദേശപ്രകാശമാന കാശമാനശമനകശലതരാകാര രാകാരമണശീതളസ്മിവികടാക്ഷ വികടാക്ഷയകർമ്മാണ്ഡിച്ചുളകീകാരകലശീകുമാര കുമാരപ്രിയജനക യജനകർമ്മകർമ്മഠദക്ഷക്ഷപണാഹൃതഘോരവിരഭദ്രരൂപ പരശുവിലസൽകഠോരകരസാരസ സാരസമധികശ്രീപ്രമണിസംഘോരഘോരഗരളകബളന കബളനനിരസ്തസമസ്തഭുവനസാധ്വസ സാധ്വസാധാരണധാരാളദശനരുചിധരാധര ധരാധരാത്മജാ

പുണ്യപൂരവിവൎത്ത രവിവൎത്തമാനതേജഃപ്രാചണ്ഡ്യഖണ്ഡനചതുര ചതുരാസ്യാദ്യവിരചിതനുതേ നമോസ്തുതേ നമോസ്തുതേ.

ഇത്ഥം ഭക്ത്യാ വണങ്ങും ത്രിദശനുതിജയ
    ശ്ലാഘനാം കേട്ടു താനേ
സദ്യോമാറ്റൊരു കോപജ്വലനപരിഭവ-
    സ്സാന്ദ്രകാരുണ്യഭദ്രം
ഉൾത്തിങ്ങീടും പ്രസാദം തടവിന വചസാ
    ദേവസംഘാൻ വിസൃജ്യ
സ്വസ്ഥാത്മാ മേരുധന്വാ തെളിവിനൊടെഴുന-
    ള്ളീതു കൈലാസശൈലേ    വൃഷ

കൈലാസാധിത്യകായാം കനകമണിമഹാ-
    മന്ദിരേ ബന്ധുരശ്രീ
കോലും മാണിക്യതല്പേ തിരുമടിയിലെടു-
    ത്താദരാലദ്രികന്യാം
ലീലാലോലം പുണൎന്നും വദനമലർ മുക-
    ൎന്നും പരാനന്ദസിന്ധൗ
മേലേ മുങ്ങിക്കളിച്ചും പുരരിപുഭഗവാൻ
    പൂൎണ്ണസൌഖ്യം ന്യവാത്സീൽ    വൃഷ

സമാപ്തം.

# ത്രിപുരദഹനം

## ടിപ്പണി.

---

പദ്യം ൧. മംഗളാചരണം. ൧൧ നാകെ ചന്ദ്രചൂഡം ഭജ ഹേ = എന്റെ മനസ്സേ, നീ ശിവനെ ഭജിച്ചാലും. അന്നന്നുണ്ടാം...... ......അതിരപെടുത്തീടുവാൻ എന്നുള്ള ഭജനത്തിന്റെ ഫലം. ശേഷമെല്ലാം ചന്ദ്രചൂഡന്റെ വിശേഷണം. മൌല്യന്തരാളം = മുടിയിടം. വിധികൃണം = ബ്രഹ്മകപാലം, അഹി = സൎപ്പം, കലാപം = ഭൂഷണം. വിലസിന..................കലാപം = വിലസുന്ന ബ്രഹ്മകപാലമാലയും സൎപ്പമാലയുമായ ഭൂഷണത്തോടുകൂടിയവൻ എന്നു ബഹുവ്രീഹി. ഭജ കിന്നിജാനനെ എന്ന പ്രതിഗ്രഹീകരണത്തിനും ചന്ദ്രചൂഡം എന്ന ദ്വിതീയാന്തത്തിനും തമ്മിൽ വികൃതിപ്രായത്താം കണ്ടിപ്പവരുമില്ലി തിസിദ്ധം. മ—ര—ഭ—ന—യ—യ—യ എന്നീ ഗണങ്ങളും ഏഴേഴക്ഷരങ്ങളിൽ യതിയുമായിരിക്കയാൽ സ്രഗ്ദ്ധരാവൃത്തം, "ഏഴേഴായ് മൂന്നുഖണ്ഡം മരഭനയയയം സ്രഗ്ദ്ധരാവൃത്തമാകും" എന്നു ലക്ഷണം.

൨. ചാരുപ്രബന്ധങ്ങളുടെ രീതിയനുസരിച്ച് ഒരു തോഴനോടു സംസാരിക്കുക എന്ന നിലയിൽ കഥാവസ്തുവിനെ നിർദ്ദേശിക്കുന്നു:— ഹന്തഭോ കാൻ അയി = കേതനങ്ങളേ ഏഷ. മനസി = മനസ്സിൽ, സിന്ദൂരപ്രസംഗം = സിന്ദൂരപ്രസക്തി, കലയ നയവദി = ശിവാ൪. ൟരശ്ശന്നാലെവൻതിരുമുടിയിൽ = ശിവന്റെ തലതി

യെരിയുന്ന മൂന്നാംതൃക്കണ്ണിൽ. ത്രിപുരദഹനോദ്യതനായ് എന്നു വിശേഷ്യം; ആശ്രിതാനാം എന്നു വിശേഷണം. വൃത്തം സ്രഗ്ദ്ധരതന്നെ.

൫. കഥാരംഭം. ശ്രീമൽകൈലാസശൈലേ=ശ്രീമത്തായ കൈലാസപർവ്വതത്തിൽ. അദ്രീന്ദ്രകന്യാം=ശ്രീപാർവ്വതിയെ. താരകമഥനഗണാധീശപുത്രൌ=താരകാന്തകനെ (സുബ്രഹ്മണ്യനെ) യും ഗണപതിയെയും. ശശിചൂഡശാലൻ=ശിവൻ. ന്യവാത്സീൽ=നിവസിച്ചു. ശ്രീകൈലാസത്തിൽ ശിവൻ ശ്രീപാർവ്വതിയെ ആശ്ലേഷിച്ചും ബാലന്മാരെ ലാളിച്ചും വസിച്ചുകൊണ്ടിരുന്നു എന്നു സാരം. വൃത്തം സ്രഗ്ദ്ധര.

൬. ത്രിപുരന്മാർ തപസ്സിന്നായി കൈലാസത്തിൽ വന്നതിനെപ്പറയുന്നു:— ശക്ത്യാ=വേൽകൊണ്ട്. ഷഡാസ്യപ്രബലമൃഗേന്ദ്രേണ=ഷൺമുഖനാകുന്ന സിംഹവർയ്യനാൽ. താരകകരേ വിനിഹതേ=താരകനാകുന്ന ഗജം കൊല്ലപ്പെട്ടപ്പോൾ. ശോകാഭിമാനാകുലാഃ=ശോകംകൊണ്ടും അഭിമാനംകൊണ്ടും പരവശന്മാരായി, തൽപുത്രാഃ=അവന്റെ പുത്രന്മാരായിരിക്കുന്ന. വിദ്യുന്മാലിയും കമലാക്ഷൻ താരകാക്ഷഃ അപി=വിദ്യുന്മാലിയും കമലാക്ഷനും താരകാക്ഷനുംതന്നെ. ത്രയഃ ദൈത്യവരാഃ=മൂന്നസുരവീരന്മാർ. തപസേ............ആസേദിരേ=തപസ്സുചെയ്വാൻ കൈലാസത്തെ പ്രാപിച്ചു. പാദങ്ങളിൽ യതിയും മ—സ—ജ—സ—ത—ത എന്നീ ഗണങ്ങളും അന്ത്യഗുരുവും വന്നിരിക്കയാൽ വൃത്തം ശാർദ്ദൂലവിക്രീഡിതം. "പന്ത്രണ്ടാൽ മസജം സതംതഗുരുവും ശാർദ്ദൂലവിക്രീഡിതം" എന്നു ലക്ഷണം.

൭. പിതൃനിധനവിധാനേന=അച്ഛനെ കൊന്നതുകൊണ്ട്. ദിക്പാലകൈഃ ആഹിതാം=ദിക്പാലന്മാരാൽ ചെയ്യപ്പെട്ട. മാനഹാനിം=മാനക്കേടിനെ. ഭവന്തം ആശ്രയാമഃ=അങ്ങയെ ഞങ്ങൾ ആശ്രയിക്കുന്നു. ഇത്ഥം=ഇപ്രകാരം. പ്രാർത്ഥയന്തഃ=പ്രാർത്ഥിച്ചുംകൊണ്ട്. ത്രിഭുവന............ദ്യോതകം=മൂന്നുലോകങ്ങളെ സൃഷ്ടിച്ചു രക്ഷിച്ചു സംഹരിക്കുന്നവനായി, ചിൽപ്രാകാശ്യപ്രദം=ചിത്തിന്റെ പ്രകാശാവസ്ഥയുടെ പ്രദാതാവായി, അഗജയാ മിളിതം=ശ്രീ

പാൎവ്വതിയോടുകൂടിയുള്ളവനായിരിക്കുന്ന. വിശ്വനാഥം=വിശ്വനാഥനെ. ഇഷ്ടവൃഃ=സ്തുതിച്ചു. പൂൎവ്വാൎദ്ധാകാരമായവിധം പ്രാൎത്ഥിച്ചുകൊണ്ട് അൎദ്ധനാരീശ്വരനായ ശിവനെ സ്തുതിച്ചു എന്നൎത്ഥം. വൃത്തം സ്രഗ്ദ്ധര.

൩. ധമ്മില്ല...............ൎദ്ധവപുൎദ്ധായ=ധമ്മില്ലം (തലമുടിക്കെട്ട്) പത്രകം (തിലകം) വലിത്രയം (ത്രിവലികൾ) ഹാരം (മുത്തുമാല) വക്ഷോജരേഖകൾ (സ്തനങ്ങൾ) മുതലായവയെക്കൊണ്ടു ലസിക്കുന്ന അൎദ്ധദേഹത്തെ ധരിക്കുന്നവനായി, ശുംഭൽ...........ഗൗരനായ=ശോഭിക്കുന്ന കപൎദ്ദം (ജടക്കെട്ട്), നയനാഗ്നി (കണ്ണിലെ തീ), വിഷം, അഹിമാല (സൎപ്പമാല), ചൎമ്മം (തോൽ) എന്നിവയോടു കൂടിയ അപരാൎദ്ധം (മറ്റേ അൎദ്ധം) കൊണ്ടു ഗൗരനൻ (അധൃഷ്യൻ) ആയിരിക്കുന്ന, ശിവായനമഃ (ശിവനു നമസ്കാരം.) പൂൎവ്വാൎദ്ധംകൊണ്ടു വിശേഷിപ്പിക്കപ്പെട്ട അൎദ്ധവപുസ്സ പാൎവ്വതിയുടേയും ഉത്തരാൎദ്ധംകൊണ്ടു വിശേഷിപ്പിക്കപ്പെട്ട അപരാൎദ്ധം ശിവന്റേയുമാകുന്നു. അൎദ്ധനാരീശ്വരനായ ശിവനു നമസ്കാരമെന്നൎത്ഥം. നാൎയ്യൎദ്ധത്തിലെ ധമ്മില്ലപത്രകാദികൾക്കും തക്ക പ്രതിയോഗികളായി പറയപ്പെട്ട പുരുഷാൎദ്ധത്തിലെ കപൎദ്ദനയനാഗ്ന്യാദികൾക്കും ക്രമവിവക്ഷയുണ്ടെന്ന് അറിയേണ്ടതാണ്. ത—ഭ—ജ—ജ എന്നീ ഗണങ്ങളും രണ്ടുഗുരുക്കളും വന്നിരിക്കയാൽ വൃത്തം വസന്തതിലകം. "ചൊല്ലാം വസന്തതിലകം തഭജംജഗംഗം" എന്നു ലക്ഷണം.

ശ്ലോകം ൪. അൎദ്ധനാരീശ്വരനായിട്ടുതന്നെ ശിവനെ വൎണ്ണിക്കുന്നു:—കോടീരഭാരം=ജടക്കെട്ട്. "കോടീരസ്സംയതാജടാ" എന്നു അമരം. നെറ്റിത്തടങ്ങളുള്ള. ഒരു ഭാഗത്തു ജടക്കെട്ട്, മറുഭാഗത്തു പുരികുഴൽ; കനൽമിഴി=തീക്കനൽക്കണ്ണ്. ഒരു ഭാഗത്തു തിക്കണ്ണ്, മറുഭാഗത്തു തിലകം; [illegible]. രമിതരുചി=രമിത (രഞ്ജിത) യായ രുചി (കാന്തി)യോടുകൂടിയ. രവിനയനം=സൂൎയ്യനാകുന്ന നേത്രം. അതിലളിതമധുരം=അത്യന്തം ലളിതവും മധുരം (മനോഹര)വുമായ. കുവലയമിഴി=കുവലയനിറമായ (കറുത്ത) കണ്ണ്. ഒരു ഭാഗത്തു സൂൎയ്യനേത്രം, മറുഭാഗത്തു നീലനയനം; ഭുജഗാംഗുലിക [illegible] ഭുജഗാംഗുലി (സൎപ്പം) യാകുന്ന കങ്കണം. കങ്കണീഭുജഗാംഗുല [illegible]

കണ്ഠശ്രുവാഃ എന്നകരം. രത്നമയതാടങ്കഭംഗി=രത്നമയമായ താടങ്കത്തിന്റെ (കാതിലയുടെ) ഭംഗി. ഒരു ഭാഗത്തു സർപ്പകുണ്ഡലം, മറുഭാഗത്തു രത്നകുണ്ഡലം; ഗരളം=വിഷം. വലികൾ=ത്രിവലികൾ. ഒരു ഭാഗത്തു വിഷം, മറുഭാഗത്തു ത്രിവലികൾ; വിധിതലകൾ=ബ്രഹ്മാവിന്റെ തലയോടുകൾ. അണി=അലങ്കാരം. കനകമണികലിതം=കനകമണികളും രത്നങ്ങളും ഉണ്ടാക്കപ്പെട്ട. അതുലഗുണം=അതുലം (അതുല്യം) ആയ ഗുണം (മാല). അണിവ്=അലങ്കാരം. ഒരു ഭാഗത്തു ബ്രഹ്മകപാലമാല, മറുഭാഗത്തു സ്വർണ്ണമണിമാല; കരാഗ്രഭുവി=കരാഗ്രപ്രദേശത്തിൽ. ഒരു ഭാഗത്തു കരാഗ്രത്തിൽ ശൂലവും കപാലവും, മറുഭാഗത്തു പാശവും അങ്കുശവും; ശുഭം=നല്ലതായ. ഉരഗകാഞ്ചീഗുണം=ഉരഗം (സർപ്പം) ആകുന്ന അരഞ്ഞാണ്. മണിരശന=മണിമയമായ അരഞ്ഞാണ്, ഒരു ഭാഗത്തു സർപ്പകാഞ്ചി, മറുഭാഗത്തു രത്നകാഞ്ചി; പുലിയുരി=പുലിത്തോല്. അമലതരവസനം=നിർമ്മലവും ശുഭ്രവുമായ വസ്ത്രം. ഒരു ഭാഗത്ത് പുലിത്തോല്, മറുഭാഗത്തു ശുഭ്രവസ്ത്രം; സന്നാഗപാദകം=നല്ല പാമ്പാകുന്ന ചിലമ്പ്. ഒരു ഭാഗത്തു നാഗച്ചിലമ്പ്, മറുഭാഗത്തു പൊൻചിലമ്പ്.

൬). കററക്കാരിരുളാരം=കറുത്ത ജടക്കെട്ട്. മലരടി=പൂവുപോലെ ശുഭ്രമായ കാലടി. മുററിക്കുന്ന=സമ്പൂർണ്ണമായി ഭവിക്കുന്ന. നിശ്ചലരായഃ=ഇളക്കമില്ലാത്ത ധ്യാനത്തോടുകൂടിയവരായി. ദിനകരനിൽ=സൂര്യനിൽ. നിബദ്ധാക്ഷണം=ബന്ധിക്കപ്പെട്ട കണ്ണുകളോടു കൂടിയവണ്ണം (ക്രി. വി) ഉച്ച്യാം=ഉച്ചിയിൽ. അമീ=ഇവർ. തപഃ തേപിരേ=തപസ്സിനെ ചെയ്തു. പാദമലരുകളെന്തും മനസ്സിലുറപ്പിച്ച് അതിൽനിന്നു തെററാതിരിക്കത്തക്കവിധം കണ്ണുകൾ സൂര്യനിൽ ബന്ധിച്ച് ഒററക്കാലിന്മേൽനിന്ന് ഉഗ്രമായ തപസ്സു ചെയ്തു. തെററിപ്പോകയുമില്ലെന്നും ഇത്യാദിയിൽ, ചഞ്ചലമായ ഒരു വസ്തുവിനെ ഒരിടത്തു നിർത്തിയാൽ അവിടെനിന്നു തെററാതിരിപ്പാൻ മറെറാന്നിൽ ചേർത്തുകെട്ടുന്നതുപോലെ എന്ന് ഉപമാലങ്കാരം ധ്വനിക്കുന്നു. വൃത്തം സ്രഗ്ധര.

൭. വാരിദയൂഥം=വാരിദത്തെ (മേഘത്തെ). പ്രബോധപ്രസരമണിവിളക്ക്=പ്രബോധപ്രസരം (ഉണർവ്വിന്റെ വ്യാപ്തി) ആകുന്ന മ

താദീപം. അത്യുദാരം=അതിപൃഥു. മായാതമസ്സഞ്ചയം=മായയാകുന്ന ഇരുൾക്കൂട്ടം. ആത്മദൃഷ്ട്യാ=അന്തർദൃഷ്ടികൊണ്ട്. നാകകാഞ്ചനമണികയോടും കാന്തിയുള്ള=വിശേഷപ്പെട്ട പൊന്നിന്റെ പ്രഭയെ അതിശയിക്കുന്ന പ്രഭാതിശയത്തോടുകൂടി. സുഷുമ്നാനാഡീമദ്ധ്യം=സുഷുമ്നനാഡിയുടെ നടു. ഏതേ=ഇവർ. പരമശിവമയം=പരമശിവനാകുന്ന. കണ്ടില്ല ആത്മജ്യോതി പുഞ്ജം=ഒരു ആശ്ചര്യരാശിയെ. ബോധമാകുന്ന വാടാവിളക്കിന്റെ വെളിച്ചത്താൽ മായയാകുന്ന ഇരുളിന്റെ നിശ്ശേഷം നീങ്ങിയപ്പോൾ, കാഞ്ചനത്തെക്കാൾ കാന്തിയേറുന്ന പരമശിവനാകുന്ന അത്ഭുതരാശിയെ, സുഷുമ്നാനാഡിയുടെ മദ്ധ്യത്തിൽ ശുദ്ധമനസ്സോടുകൂടി കണ്ടു. ഇഡ, പിംഗള എന്നു രണ്ടു നാഡികളെ നിയന്ത്രിക്കുന്ന യോഗികൾക്കു സുഷുമ്നനാഡിയിൽ പരമാത്മജ്യോതിസ്സ് പ്രത്യക്ഷമായി ഭവിക്കുമെന്ന് ധ്യാനയോഗികളുടെ ഇടയിൽ പ്രസിദ്ധം. വൃത്തം സ്രഗ്ദ്ധര.

൫൮. ആനന്ത്യാത്=ആനന്ത്യത്തെ ആശ്രയിച്ചിട്ട് (അവസാനമില്ലാതെ). അപയാവസാനേ=മേഘകുലത്ത് (മഴക്കാലത്ത്). കേവലാകാശഗേഹാഃ=കേവലാകാശം (മേൽപ്പുരയില്ലായ്കയാൽ ഇതാണ് സ്ഥലം) ഗൃഹമായവരായും, ശിശിരസമയേ=ശിശിരകാലത്തിന്റെ ഉദയത്തിൽ. ശീതാംബുവാസിപൂരേ=തണുത്ത ജലപ്രവാഹത്തിൽ. ആകണ്ഠമഗ്നാഃ=കഴുത്തോളം മുങ്ങിയവരായും, പഞ്ചാഗ്നികൾ നടുവിൽ=പഞ്ചാഗ്നികളുടെ മദ്ധ്യത്തിൽ സ്ഥിതന്മാരായും, ശംഭുധ്യാനാം=ശിവധ്യാനം, അത്ഭുത.........രതാഃ=അത്ഭുതമായ തപസ്സിൽ നിരതന്മാരായി, വിതതപരിതാപഃ=ചൂട് (താപം) ഇല്ലാത്ത അംഗമുള്ളവരായിട്ട്. അമീ=ഇവർ. ജജപുഃ=ജപിച്ചു. വർഷത്തിൽ ഇതാണ് സ്ഥലമത്രേ ശിശിരത്തിൽ കണ്ഠജലത്തിലും ഗ്രീഷ്മത്തിൽ പഞ്ചാഗ്നിമദ്ധ്യത്തിലും നിന്നു കഠിനതപസ്സു ചെയ്തിട്ട് അവർ ജപിച്ചു. നാലു ഭാഗത്തും അഗ്നിയും മുകളിൽ സൂര്യനും ജ്വലിക്കുന്നതിന്റെ മദ്ധ്യത്തെയാണ് പഞ്ചാഗ്നിമദ്ധ്യമെന്നു പറയുന്നത്. "പഞ്ചാഗ്നീനാം മദ്ധ്യേ പഞ്ചതപാസ്തപസ്വീ ജാതവേദസാം" എന്ന ശിശുപാലവധം. വൃത്തം സ്രഗ്ദ്ധര.

൭൦. ചെണ്ട് = അഴക്, തപസ്യാ = തപസ്സ്, നിരുപമം = അതുല്യം, ആഡംബരം = മോടി. ക്ഷീണപ്രായം = അതിക്ഷീണം. ഭയവ്യാകുലം = ഭയപരവശം. ജീവലോകം = ജീവിസമൂഹം. കാണക്കാണെ = കണ്ടുംകൊണ്ടിരിക്കെ (പ്രതിനിമിഷം). ദിവിഷദാം = ദേവകൾക്ക്. ത്രിലോകീമാണിക്യം = മൂന്നു ലോകങ്ങൾക്കും മാണിക്യമല്ലൻ. ത്രിലോകീമാണിക്യത്തിനു എന്നു ശംഭോർമ്മനഃ എന്നതിന്റെ വിശേഷണം. അസുരന്മാരുടെ തപസ്സിലുള്ള അതുല്യമഹിമാതിശയം കണ്ടു സകല ജീവികളും ഭയപ്പെട്ടു പരവശരായിച്ചമഞ്ഞു. ദേവകൾക്കു പ്രതിനിമിഷം വയറു പതച്ചു. ത്രൈലോക്യാലങ്കാരമായ ശിവന്റെ തിരുവുള്ളത്തിലും ഈ വിശേഷം ഭവിച്ചു. വൃത്തം സ്രഗ്ദ്ധര.

൭൧. പ്രത്യക്ഷീഭൂയ = പ്രത്യക്ഷീഭവിച്ചിട്ട്. അമരകൾക്കൊപ്പമാർ = ദേവേശ്വരൻ (ശിവൻ) അഗ്രതഃ = മുൻപിൽ. ദാരുണതരതപസാം = ഏറ്റവും ദാരുണമായ തപസ്സോടുകൂടിയ. ദാനവാധീശ്വരാണാം = അസുരന്മാർക്ക്. സദ്യഃ = പെട്ടെന്ന്. രോദോവിവരം = രോദസ്സുകളുടെ (ദ്യാവാപൃഥിവികളുടെ) മദ്ധ്യഭാഗം. ഇടനിറഞ്ഞ് = ഇടതിങ്ങി. ഉദ്യൽ............കോടിപ്രതിമ = ഉദിക്കുന്ന സൂര്യന്മാരുടെയും അഗ്നികളുടെയും കോടികളോടു (കോടിസൂര്യാഗ്നികളോട്) സാദൃശ്യം. മഹാദേവൻ പ്രത്യക്ഷീഭവിച്ചു മുമ്പിൽ വന്നപ്പോൾ തീവ്രതപോനിഷ്ഠന്മാരായ അസുരന്മാർക്കെല്ലാമെ ആശ്ചര്യം അവർണ്ണനീയമായ്, പെട്ടെന്നു മുമ്പിൽ ആകാശവും ഭൂമിയും നിറഞ്ഞതും കോടിസൂര്യാഗ്നിതുല്യവുമായ ഒരു തേജഃപുഞ്ജം കാണപ്പെട്ടു. വൃത്തം സ്രഗ്ദ്ധര.

൭൨. തേജസസ്സസ്യ മദ്ധ്യേ = ആ തേജസ്സിന്റെ നടുവിൽ. കാളഭോഗീ............ഭോഗേന്ദ്രഭൂഷം = കൃഷ്ണസർപ്പേന്ദ്രന്മാരാൽ ഭൂഷയായ ജടയിൽ നവ (ബാല) മായ ബാലചന്ദ്രകലയോടുകൂടിയത്. ദീനത്രാണൈകദീക്ഷം = ദീനരക്ഷണമെന്ന ഒരേ വിഷയത്തിൽ ദീക്ഷയോടുകൂടിയത്. മനസി............ലനകരുണം = മനസ്സിൽകൊള്ളാതെ തള്ളി കടക്കണ്ണുകളുടെ കോണിൽ നിറഞ്ഞ സാന്ദ്രകരുണയോടുകൂടിയത്. പാർവ്വതീഭാഗധേയം = ശ്രീപാർവ്വതിയുടെ ഭാഗ്യം

(ശിവൻ). ആ തേജസ്സിന്റെ മദ്ധ്യത്തിൽ കൃഷ്ണസർപ്പങ്ങളെക്കൊണ്ടു കെട്ടിയ ജടയിൽ ബാലചന്ദ്രകല തിളങ്ങിയും, മീനാക്ഷീസൗന്ദര്യവും പൂണ്ടും, മനസ്സിൽ കൊള്ളാതെ കരുണ പുറത്തേക്കുന്തി കടക്കണ്ണുകളുടെ കോണിൽ പരിസ്ഫുരിക്കുന്ന ശ്രീപാർവ്വതീസൗന്ദര്യമൂർത്തിയായ ശിവൻ കാണപ്പെട്ടു. മനസി കിമപി കൊള്ളാതെ ഇത്യാദി സ്ഥലത്ത് ഉൽപ്രേക്ഷ ശങ്ക്യ. പാർവ്വതീസൗന്ദര്യത്താൽ ലക്ഷിക്കപ്പെട്ട ശിവനെ തൽസൗന്ദര്യം തന്നെയായി കല്പിച്ചിരിക്കയാൽ ഭേദേ അഭേദരൂപാതിശയോക്തി. വൃത്തം സ്രഗ്ദ്ധര.

൮൩. ആകീര്യ=വിതറിയിട്ട്. പുഷ്പാഞ്ജലിം=പുഷ്പാഞ്ജലിയെ. അണിചരണൌ=ഭംഗിയുള്ള കാൽകൾ. ഭീശ്ശബ്ദം (ക്രി. വി.) ആനമ്യ=ഭീതിയോടുകൂടെ വണങ്ങി നമസ്കരിച്ചിട്ട്. അല്പസ്മേരാനനഃ=കുറഞ്ഞൊന്നു സ്മേരമായ (സ്മിതം പൂണ്ട) മുഖത്തോടുകൂടിയ. സ്മരരിപുഃ=കാമവൈരി. ശ്രീകാരുണ്യാംബുധൌ=വലിയ കരുണയാകുന്ന സമുദ്രത്തിൽ. ആലോകനസുഭഗമുഖഃ=ആലോകനം (ദർശനം)കൊണ്ടു സുന്ദരമായ മുഖത്തോടുകൂടിയവൻ; അഥവാ ദർശനീയമായ മുഖത്തോടുകൂടിയവൻ. വാചം=വാക്കിനെ. ഊചേ=പറഞ്ഞു. ദാനവാനാം=ദാനവരുടെ. അപ്പോൾ പുഷ്പാഞ്ജലിചെയ്തു നമസ്കരിച്ച ആ അസുരന്മാരെ കരുണയിലാറാടുംവണ്ണം കടാക്ഷിച്ചു കാമാന്തകൻ അരുളിച്ചെയ്തു. വൃത്തം സ്രഗ്ദ്ധര.

൮൪. സ്വസ്തി അസ്തു=ക്ഷേമം ഭവിക്കട്ടെ. ഹന്ത എന്നതു ഹർഷദ്യോതകം. മുദിതഃ അസ്മി=ഞാൻ സന്തുഷ്ടനായി ഭവിക്കുന്നു. സുരാരിവീരാഃ=ഹേ അസുരവീരന്മാരേ! ഭക്ത്യുഗ്രതേന=ഭക്തികൊണ്ട് അദ്ഭുതമായ. ഭവദീയതപോമഹിമ്നാ=നിങ്ങളുടെ തപസ്സിന്റെ മഹിമയിനാൽ. യത് യത് വരം=യാതൊരു യാതൊരു വരം. വൃണുത=വരിച്ചാലും. വാഞ്ഛിതം=ഇഷ്ടം. ഏഷഃ അഹം=ഈ ഞാൻ. ദ്രാക്=വേഗത്തിൽ. തത് തത്=അതിനെ അതിനെ. പ്രസദ്യ=പ്രസാദിച്ചിട്ട്. വിതരാമി തരാം=അതിശയേന വിതരണം ചെയ്യാം. ഇദാനീം=ഇപ്പോൾ. അല്ലയോ അസുരവീരന്മാരേ! നിങ്ങൾക്കു ക്ഷേമം ഭവിക്കട്ടെ. നിങ്ങളുടെ തപഃപ്രഭാവത്താൽ ഞാൻ സന്തുഷ്ടനായി.

നിങ്ങൾക്കിഷ്ടമായ വരം എന്തോ അതു വരിച്ചാലും. അതു ഞാൻ നിശ്ചയമായും തരാം. വൃത്തം വസന്തതിലകം.

൫൯. ശ്രുത്വാ=കേട്ടിട്ട്. ഭർത്തുഃ=സ്വാമിയുടെ. ഗിരം താം=ആ വാക്കിനെ. സമ്പ്രാർത്ഥിതം=അപേക്ഷിച്ചു. [illegible] പുരാണാം=പുരങ്ങളുടെ. ത്രിതയം=മൂന്ന്. അഭിതശസ്ത്രാസ്ത്രയന്ത്രാദിപൂർണ്ണം=അഭിതങ്ങളായ ശസ്ത്രങ്ങൾ, അസ്ത്രങ്ങൾ, യന്ത്രങ്ങൾ (കോട്ടകൾ) മുതലായവകൊണ്ടു നിറഞ്ഞതു്. നിത്യാവാസായ=നിത്യവാസത്തിന്നായിക്കൊണ്ട്. ദേയം=ദാനംചെയ്യപ്പെടേണ്ടതാണ്. നിരവധിവിഭവപ്രൌഢിനാ=അവധിയില്ലാത്ത ഐശ്വര്യസമൃദ്ധിയോടുകൂടിയ. ത്വൽപ്രസാദാൽ=തിരുവടിയുടെ പ്രസാദത്താൽ. സ്വാമിയുടെ അരുളപ്പാടു കേട്ട് അവർ ഉണർത്തിച്ചു: ഞങ്ങൾക്ക് അഭീഷ്ടങ്ങൾ പലതുമുണ്ടെങ്കിലും തൽക്കാലം അത്യുന്നതവും ശസ്ത്രാസ്ത്രാദികൾ നിറഞ്ഞതുമായ പുരത്രയം നൽകുകയാണ് വേണ്ടതു്. വൃത്തം സ്രഗ്ദ്ധര.

൬൦. ദുർദ്ധർഷം=ആക്രമിക്കപ്പെടുവാൻ കഴിയാത്ത. (ത്രയീം എന്നതിന്റെ വിശേഷണം) ആവസന്തഃ=അധിവസിക്കുന്നവർ. പുരാണാം=പുരങ്ങളുടെ. ത്രയീം=ത്രയത്തെ. സഞ്ചരാമഃ=ഞങ്ങൾ സഞ്ചരിക്കുന്നു. നിത്യം=എല്ലാ കാലവും. ലോകേഷു=ലോകങ്ങളിൽ. നാഥ=അല്ലയോ സ്വാമിൻ! ത്രിഭുവനജയിനഃ=ത്രിലോകങ്ങളെ ജയിക്കുന്നവർ. നിർഭയാഃ=ഭയമില്ലാത്തവർ. ത്വൽപ്രസാദാൽ=തിരുവടിയുടെ പ്രസാദത്താൽ. യത്ര കാപി=യാതൊരേടത്തു്. പ്രതിദശസഹസ്രം=പതിനായിരത്താണ്ടു. അവാപ്തായ=ലഭിക്കുന്നതിന്നായിക്കൊണ്ട്. നഃ=ഞങ്ങൾക്ക്. സംഗമഃ=കൂടിച്ചേർച്ച. സ്യാൽ=ഭവിക്കണം. ത്വത്തഃ അന്യസ്മാൽ=തിരുവടിയെ ഒഴിച്ച് അന്യങ്കൽനിന്ന്. മൃത്യുഃ=മരണമരുതു്. സ ഖലു=അതു (മരണം) ആകട്ടെ. യുഗപൽ=ഏകകാലത്തിങ്കൽ. ഏകബാണാൽ=ഒരു ശരംകൊണ്ട്. യോഗകാലേ=സംയോഗസമയത്തിങ്കൽ. ആക്രമിപ്പാൻ കഴിയാത്ത ആ പുരത്രയത്തിൽ പാർത്തുംകൊണ്ട് ഞങ്ങൾ മൂന്നു ലോകങ്ങളേയും ജയിച്ച് ആരേയും ഭയപ്പെടാതെ സഞ്ചരിക്കണം. പതിനായിരത്താണ്ടു കൂ

യോഗ്യന്മാരിൽ എവിടെവെച്ചെങ്കിലും അങ്ങോട്ടുമിങ്ങോട്ടും തമ്മിൽ കണ്ടു മുട്ടാനിടവന്നാൽ അപ്പോൾ, ഭൂവാക്കുംകൂടി ഒന്നിച്ച്, അല്ലം നിന്നിയ വടിയുടെ ഒരു ശരണംകൊണ്ടു മാത്രമേ മരണം ഭവിക്കാവൂ. വൃത്തം സ്രഗ്ദ്ധര.

൫൦). ഇതി ഉദ്യൽഭൂദ്ര്യൂപ്രകാരം പറഞ്ഞ. താൻ മനുഷ്യാധിരാജാർ=ആ അഭ്യൂദയിക്കോടൊട്ട്. മൃദുമന്ദസ്മിതശ്രീമധുരനാദ=മൃദുവായ മന്ദസ്മിതത്തിന്റെ ശ്രീകൊണ്ട് മനോഹരമായ മുഖത്തോടുകൂടിയ. ഭവസഃ=ഭവൻ (ശിവൻ). സത്യം തഥാ ഏവ അസ്തു സകലം=സത്യമായിട്ടും എല്ലാം അങ്ങിനെതന്നെ ഭവിക്കട്ടെ. ഇത്യാഹ= പറഞ്ഞു. ഭവഃ=ശിവൻ. ഭക്തവരഃ=വരം നല്കിയവനായിട്ട്. തിരോധത്ത=മറഞ്ഞു. ഇങ്ങിനെ അവർ പറഞ്ഞപ്പോൾ ശിവൻ പുഞ്ചിരിതൂകി "എല്ലാം അങ്ങിനെതന്നെ ഭവിക്കട്ടെ" എന്നനുഗ്രഹിച്ചു മറഞ്ഞു. ത, ത, സ. എന്ന ഗണങ്ങളും രണ്ടു ഗുരുക്കളും വന്നിരിക്കയാൽ ഇന്ദ്രവജ്രാവൃത്തം. "കേളിന്ദ്രവജ്രാ തതജംഗഗംഗം" എന്നു ലക്ഷണം.

ഗദ്യം:—൧. തതഃ=അഥാനന്തരം മനുജവരന്മാർ=ഭൂപാലശ്രേഷ്ഠന്മാർ. അനുന..................ലിംഗാനി=അനുനാൻ (പ്രത്യക്ഷനായ) അനുനപാത്ത് (അഗ്നി) പോലെ ഉജ്ജ്വലങ്ങളായ ശിവലിംഗങ്ങൾ. മരാപടലങ്ങൾ=മരക്കൂട്ടങ്ങൾ. അല്ലൂത..........ഗോനങ്ങൾ=ആശ്ചര്യകരങ്ങളായ അലങ്കാരങ്ങളെങ്ങൾ. അതി..........വിശാലം=അതിധവളമായ കല്ലുമറി. അംഗണം=മുറ്റത്തിൽ. ആയതന..........വരേസാഃ=ഉത്തമങ്ങളായിട്ടുള്ളതും വെളുത്തിരിക്കുന്നതുമായ സകലതും കൊണ്ടു ശ്രേഷ്ഠമായ അത്യുന്നതമായിരിക്കുന്ന പുരദ്വാരത്തിങ്കൽ (പുരങ്ങളാകുന്ന ദ്വാരങ്ങളുടെ ദ്വാരത്തിൽ) വാസം ചെയ്യുന്നവരായി. നിഖിലജഗത്സു=എല്ലാ ലോകങ്ങളിലും. കീർത്തിക്കൊത്തതായ്ക്കുറി. ചരന്തഃ=സഞ്ചരിക്കുന്നവരായിട്ട്. നാനാ..........ക്ഷേത്രാദീനി=പല നാടുകൾ, നഗരങ്ങൾ, ഗ്രാമങ്ങൾ, ക്ഷേത്രങ്ങൾ മുതലായവയെ. തീർത്ഥജലാനി=തീർത്ഥജലങ്ങളെ. ഗതാഗതമാപാദം=അപായരഹിതം (അന്യോന്യാപായം) ഇല്ലാതെയായ. സമ്പൂർണ്ണപ്രക്രിയാപ്രകാരമുള്ള ഗീതങ്ങളുടെ ഇടയിൽ.

[സപ്തദ്വീപങ്ങൾ:— ജംബൂദ്വീപം, പ്ലക്ഷദ്വീപം, ശാല്മലദ്വീപം, കുശദ്വീപം, ക്രൌഞ്ചദ്വീപം, ശാകദ്വീപം, പുഷ്കരദ്വീപം] തത്രത്യജനാൻ = അവിടെയുള്ള ജനങ്ങളെ. സഭയം (ക്രി. വി.) = ഭീതിയോടുകൂടി. ജാതാടോപം (ക്രി. വി) = അഹങ്കാരത്തോടുകൂടി. പാതാളേ = പാതാളത്തിൽ. ഉരഗവരൈഃ സമം = സർപ്പശ്രേഷ്ഠന്മാരോടുകൂടി. അഭിയാതാനാം തേഷാം = അഭിയാനം ചെയ്തു (എതിരിട്ടു) അവരെ (പാതാളവാസികളെ) അനാദരിച്ച് (അനാദരത്തിൽ ആക്കി) അഷ്ടമഹാ.........കബളനം = അഷ്ടമഹാനാഗങ്ങളുടെ നിശ്വാസങ്ങളായ വിഷാഗ്നിജ്വാലകളുടെ കബളനം [അഷ്ടമഹാനാഗങ്ങൾ:— അനന്തൻ, വാസുകി, തക്ഷകൻ, കാർക്കോടകൻ, പത്മൻ, മഹാപത്മൻ, ശംഖൻ, ഗുളികൻ] ആചരന്തഃ = ചെയ്യുന്നവരായിട്ട്. അമൂൻ = ഇവരെ (നാഗങ്ങളെ) വിദ്രാവ്യ = ഓടിച്ച്. ഉരഗസ്ത്രീ...... ......ഗൃഹീതാഃ = നാഗസ്ത്രീകളെ വേഗത്തിൽ വന്ദികൾ (തടവുകാരികൾ) ആയി ഗ്രഹിച്ച് (വന്ദിഗ്രാഹം ഗൃഹീതാഃ എന്നു ണമുല് പ്രയോഗം) താസാം (അവരുടെ) അമരാവത്യാം = ഇന്ദ്രനഗരിയിൽ. ഭയഭര.............കൃതാന്തേ = യമൻ കഷ്ടം ഭയഭരത്താൽ തളർന്നവനായ സമയത്തിൽ. ജാതാ.........ശശാങ്കേ = ചന്ദ്രൻ വേഗത്തിൽ ആശങ്ക ജനിച്ചവനായ സമയത്തിൽ സവി.........പരിദേവേ = സൂര്യദേവൻ പരിദേവം (രോദനം) ചെയ്തവനായ സമയത്തിൽ. വഹ്നൌ .........വിഷണ്ണേ = അഗ്നിഭഗവാൻ വിഷണ്ണം കൊള്ളപ്പെട്ടവനായ സമയത്തിൽ. പവമാന.......................നാർത്തേ = വായുവാകട്ടെ അവമാനത്താൽ ആർത്തനായ സമയത്തിൽ. വരുണ.................പ്രത്രേ = വരുണന്റെ കഥ ദയനീയമായ സമയത്തിൽ. കിന്നര........... ......ലോകേശേ = കിന്നരരാജൻ (വൈശ്രവണൻ) ഏറ്റവും ഖിന്നനായ സമയത്തിൽ. കോപിതവജ്രേ = വജ്രത്തെ ഉപേക്ഷിച്ച. വജ്രധരേ = ഇന്ദ്രൻ. അദ്രിവല്ലഭം = ഹിമവാനെ. ഹിത്വാ = ത്യജിച്ച്. ബഹുവിഷാദം (ക്രി. വി) = ഉണ്ടായ വിഷാദത്തോടുകൂടി. ധാവതി = ഓടുന്നവനായ സമയത്തിൽ. നാരായണഃ = വിഷ്ണു. മാരാരാതേഃ = ശിവന്റെ. മഹിമാനം = മാഹാത്മ്യത്തെ. ബഹുമന്വാനഃ = ബഹുമാനിക്കുന്നവനായിട്ട്. നീതിപാഥോധിഃ = നീതിസമുദ്രമായ (നാരായണ

വിശേഷണം). ഉന്മദസ്മരാ:=ഉന്മദമുള്ള സ്മരനോടുകൂടിയ. അതുല............പ്രാപ്യം=അതുല്യങ്ങളായ സുകൃതങ്ങളുടെ ആവേശം (വിസ്താരം)കൊണ്ടു പ്രാപ്യമായ. മഹിത..........സദസി=പൂജിതമായ സുധർമ്മയെന്ന ദേവസഭയിൽ. ദിവ്യവധൂനാം=ദേവസ്ത്രീകളുടെ. ഗംഗാപയസി=ഗംഗാജലത്തിൽ. അനവരതം=അനുക്ഷണം. കല്പിതമലർനിര=കല്പകപ്പൂനിര. ലിംഗാരാധന=ശിവലിംഗപൂജ. ത്രിഭുവനലക്ഷ്മിം=ത്രൈലോക്യശ്രീയെ (ത്രൈലോക്യാധിപത്യത്തെ) അക്ഷീണാം=ക്ഷീണയല്ലാത്ത. മുഹു: അനുഭൂയ=വീണ്ടും വീണ്ടും അനുഭവിച്ചിട്ട്. അതി.......... ശ്രവീരാ:=ഈ അസുരവീരന്മാർ. ഈ ത്രിപുരാസുരന്മാർ ശിവലിംഗാദികളെ ധരിച്ച്, ആയസാദികളായ മൂന്നു പുരങ്ങളിൽ വസിച്ചുംകൊണ്ട് സർവ്വലോകങ്ങളിലും സഞ്ചരിച്ച്, നാനാജനപദാദികളെ തകർത്തും തീർത്ഥജലങ്ങളെ ഇളക്കിയും നടന്ന്, സപ്തദ്വീപങ്ങളിൽചെന്ന് അവിടെയുള്ളവരെക്കൊന്ന്, പാതാളത്തിൽ പോയി അഷ്ടമഹാനാഗങ്ങളെ തോല്പിച്ച്, നാഗസ്ത്രീകളെ തടവിൽ പിടിച്ച്, അമരാവതിയിൽചെന്ന് പോർ ഇളക്കിയപ്പോൾ കൃതാന്താദികൾ ഓടിയൊളിക്കുകയും, അപ്പോളവർ സുധർമ്മസഭയിൽ സിംഹാസനാരൂഢന്മാരായിട്ട് അപ്സരസ്ത്രീകളുടെ നൃത്തം കണ്ടു രസിച്ചും, ഗംഗയിൽ കുളിച്ച് കല്പകപ്പൂക്കൾകൊണ്ടു ശിവലിംഗാരാധനചെയ്തും ത്രൈലോക്യാധിപത്യം നടത്തുകയും ചെയ്തു.

൧൬. ദേവലോകാൽ=ദേവലോകത്തിൽനിന്ന്. പരിഭ്രംശിച്ച്. ശക്രാദ്യാ:=ഇന്ദ്രൻ ഇടങ്ങിയ. ദേവസംഘാ:=ദേവഗണങ്ങൾ. വ്യസന.......... പ്രപന്നാ:=മുൻപനുഭവിച്ചിട്ടില്ലാത്തതും അപൂർവ്വമായ ദുഃഖത്തെ പ്രാപിച്ചവരായിട്ട്. അരിനിധനവിധാനായ=ശത്രുനിഗ്രഹം ചെയ്യുന്നതിന്നായി. ധാത്രാ=ബ്രഹ്മാവിനോട്. സമേതം (ക്രിവി)=കൂടി. ക്ഷീരാപാരാവാരകടീരം=ക്ഷീരസമുദ്രമെന്ന കുന്നിൽ അഥവാ ദൈത്യന്മാരുടെ അപായം (നാശം) എന്ന കുന്നിൽ ദീക്ഷയോടു കൂടിയ. ശരണം പ്രാപു:=ശരണമായി പ്രാപിച്ചു. അംഭോരുഹാക്ഷം=താമരക്കണ്ണനെ (വിഷ്ണുവിനെ). അക്കാലത്ത് സ്വർഗ്ഗത്തിൽനിന്നു ഭ്രംശിച്ച് അങ്ങുമിങ്ങും അലഞ്ഞുതിരിയുന്ന ഇന്ദ്രാദിദേവഗണങ്ങൾ അതുല്യമായ ഘോരദുഃഖത്തിൽ അകപ്പെട്ടിട്ട് ശത്രുവധത്തിനുവേണ്ടി

ബ്രഹ്മാവിനോടുകൂടി അസുരാന്തകനായ വിഷ്ണുവിനെ ശരണം പ്രാപിച്ചു വൃത്തം സ്രഗ്ദ്ധര.

൧൯. അമരപരിഷദാം = ദേവഗണങ്ങൾക്കു, ജഗദ്രക്ഷണകലവി = ലോകരക്ഷാകൃത്യം. മുഖ്യാന്തരായം = പ്രധാനമായ തേജോവിശേഷത്തെ (വിഷ്ണുവിനെ). സന്നദ്ധം = സന്നദ്ധനം ചെയ്യപ്പെട്ട (ശയ്യാകൃതിയിൽ വിന്യസിക്കപ്പെട്ട). ഭോഗിതല്പം = സർപ്പമെത്തമേൽ. സമാസീനം = സ്ഥിതനായ ആസേവകാനാം = അടുത്തുനിന്നു സേവിക്കുന്ന (സനന്ദാദികളുടെ വിശേഷണം) മന്ദസ്മിതൈഃ = മന്ദസ്മിതംകൊണ്ട്, നവസുധാസ്യന്ദൈഃ = പുതിയ അമൃതസ്യന്ദത്തോടുകൂടിയ, നന്ദയന്തം = ആനന്ദിപ്പിക്കുന്ന (മുഖ്യാന്തരായം എന്നതിന്റെ വിശേഷണം) അപ്പോൾ ദേവഗണങ്ങൾക്ക്, കടാക്ഷമാത്രംകൊണ്ടു ലോകരക്ഷ ചെയ്യുന്നവനും അടുത്തു സേവിച്ചുനില്ക്കുന്ന സനന്ദാദിമഹർഷിമാരെ അമൃതു പൊഴിയുന്ന മന്ദസ്മിതത്താൽ ആനന്ദിപ്പിച്ചുംകൊണ്ടു് സർപ്പമെത്തമേൽ കിടക്കുന്നവനുമായ വിഷ്ണുവിനെ മുമ്പിൽ കാണായ്വന്നു. സനന്ദാദികൾ = സനന്ദൻ, സനകൻ, സനൽക്കുമാരൻ മുതലായവർ. വൃത്തം സ്രഗ്ദ്ധര.

൨൦. ധമ്മാരവം............മുരളികാമധുഝങ്കാരംകൊണ്ടുല്ലസിക്കുന്ന പൊന്നിൻതരിവള കിലുങ്ങുമെന്നും, വൈകുണ്ഠനല്ലാർ...... ......പീതാംബരാഢ്യം = വൈകുണ്ഠസുന്ദരിമാർ ഭംഗിയിൽ വീശുന്ന വെൺചാമരങ്ങളുടെ ചെറുകാറ്റിനാൽ ഇളകപ്പെട്ട പീതാംബരത്തോടുകൂടിയ. അങ്കേ = മടിയിൽ. മുകർന്നകൊങ്കം = മുകുളാകാരമായ സ്തനം. അന്തരേ = ഇടയിൽ. ഭാസ്വരശ്രീ = മനോഹരകാന്തിയോടുകൂടിയ. തുഷ്യദാനനം = സന്തോഷിക്കുന്ന (പാർശ്വകം എന്നതിനോടു ഉത്തരത്തോടന്വയം.) വൈകുണ്ഠസ്ത്രീകൾ പൊന്നിൻതരിവള കിലുങ്ങുമാറു വീശുന്ന ചാമരങ്ങളുടെ ചെറുകാറ്റേറ്റു മഞ്ഞപ്പട്ടാടയുടെ അഗ്രം ചലിച്ചുകൊണ്ടും, മടിയിൽ ഇരിക്കുന്ന ലക്ഷ്മീദേവിയുടെ സ്തനങ്ങളെ തലോടിക്കൊണ്ടും, എന്നു ദേവിയുടെ തിരുമുഖം നോക്കി രസിച്ചുംകൊണ്ടിരിക്കുന്ന വിഷ്ണുഭഗവാനെ കാണുമാറായി. "മുകർന്ന കൊങ്കം" എന്നപോലെ "വിഭ്രമദ്ദേവമങ്കപ്പുരൻ

ഷ്കർമ്മൈകമന്യം നൽപ്പാളുവിനതി'' എന്ന ലീലാതിലകത്തിലും പ്രയോഗിച്ചിട്ടുണ്ട്. വൃത്തം സ്രഗ്ദ്ധര.

൬൫. സ്വേച്ഛാശക്ത്യാ=തന്റെ ഇച്ഛാശക്തികൊണ്ടു. ചരാചരാത്മവനതലം=ജംഗമവും സ്ഥാവരവുമായ ലോകം. ആശ്ചര്യക്രീഡ=അത്ഭുതലീല. കലാ..................കലാതിയായ യോഗമായയുടെ അനുഭാവം (തേജോവിശേഷം) ആയ. ആശ്വാസം കൃതിഭാജാം=കൃതികളായവർക്ക് ആശ്വാസപ്രദനായ. ആർത്തരക്ഷാദീക്ഷിതം=ആർത്തന്മാരുടെ രക്ഷയിൽ ദീക്ഷിതം (സ്ഥിരശീലത.) പക്ഷിരാജേക്ഷം=വിഷ്ണുവിനെ (മുന്നിൽ കാണായിട്ടു എന്നു പൂർവ്വേണാന്വയം.) തന്റെ ഇച്ഛാശക്തികൊണ്ടു ചരാചരപ്രപഞ്ചത്തെ സൃഷ്ടിച്ചു രക്ഷിച്ചു സംഹരിക്കുകയെന്ന അത്ഭുതലീല ചെയ്തുംകൊണ്ടിരുന്ന യോഗമായാനുഭാവമായും കൃതികൾക്ക് ആശ്വാസപ്രദനായും കൃപാസമുദ്രത്തിൽ നിന്നിറങ്ങി ആർത്തരക്ഷ ചെയ്യുന്ന ദീക്ഷാവ്രതത്തോടുകൂടിയവനായുമിരിക്കുന്ന വിഷ്ണുവിനെ ദേവകൾ കണ്ടു. ഭഗവാനെ, യോഗമായാനുഭാവനായും ആശ്വാസദായം പറഞ്ഞതിൽ ഹേത്വതിശയോക്തി. വൃത്തം സ്രഗ്ദ്ധര.

൬൬. കലിതകുതുകം (ക്രി. വി.)=കൗതുകത്തോടുകൂടി. ആധായ=ചെയ്തിട്ട്. ദീർഘപ്രണാമം=ദീർഘനമസ്കാരം. വാനോർപ്പാളി=ദേവസമൂഹം. വിധിവൃത്രാരിമുഖ്യാഃ=ബ്രഹ്മാവു ദേവേന്ദ്രൻ ഇത്യാദിയവർ (വിധി..............മുഖ്യരായ വാനോർപ്പാളി എന്നു യോജന.) സംസ്തുത്യ=വഴിപോലെ സ്തുതിച്ചിട്ടു. ബാഷ്പ...............വിസ്രൈഃ=ബാഷ്പപ്രസരംകൊണ്ടും വലിയ ദുഃഖംകൊണ്ടും വിസ്രങ്ങൾ (ഇടറിയവ) ആയ, സ്തോത്രജാലൈഃ=സ്തോത്രസമൂഹങ്ങളെക്കൊണ്ട്. ദീനാഃ=ദീനന്മാരായിട്ട്. പുരജനജോപദ്രവം=പുരജനങ്ങൾ അസുരന്മാരിൽനിന്നുള്ള ഉപദ്രവത്തെ. ഉന്നിവാരം=തടുപ്പാൻ വയ്യാതെ. ബ്രഹ്മേന്ദ്രാദിദേവന്മാർ ഭഗവാനെ കാണുമ്പോഴേയ്ക്കു ദീർഘനമസ്കാരം ചെയ്തു കണ്ണീർകൊണ്ടും ദുഃഖംകൊണ്ടും വിക്കുന്ന അക്ഷരങ്ങളോടെ സ്തോത്രങ്ങളാൽ സ്തുതിച്ചു ത്രിപുരോപദ്രവത്തെ ഉണർത്തിച്ചു. വൃത്തം സ്രഗ്ദ്ധര.

൨൩. ദുരിതം=പാപം. വിഷമമാപത്തിൽ=വിഷമമായ ആപത്തിൽ. അമരത=മരണമില്ലാത്തവർ (ദേവന്മാർ) എന്ന അവസ്ഥ. ദുർഗ്ഗതാനാം=ഭാഗ്യഹീനന്മാരായ (ഞങ്ങൾക്ക എന്നതിന്റെ വിശേഷണം.) വൃത്തം സ്രഗ്ദ്ധര.

൨൪. ദുഃഖാവേശാൽ=ദുഃഖപ്രാപ്തിനിമിത്തം. ആവല്ലു=ആവുന്നിടത്തോളം (ഏററവുമധികം.) മലിനകൃശക്ലിഷ്ടഗാത്രാൻ=മലിനവും കൃശവും ക്ലിഷ്ടവുമായ ഗാത്രത്തോടുകൂടിയ. അസ്മാൻ=ഞങ്ങളെ. ഉഗ്രാത്മാ=ഉഗ്രസ്വരൂപനായ. കാലഹന്താ=ശിവൻ. വിഭോ=ഹേ പ്രഭോ! ത്വക്കാൽ..............വയം=ഞങ്ങൾ പാദമൂലത്തെ ആശ്രയിച്ചിരിക്കുന്നു. അസുരരിപോ=ഹേ ദൈത്യശത്രോ! ദുഃഖിച്ചുമുഷിഞ്ഞു മെലിഞ്ഞു വലഞ്ഞ ശരീരത്തോടുകൂടിയ ഞങ്ങളെ നിന്തിരുവടി രക്ഷിക്കണം. ഇങ്ങനെ ഒരു ദുഃഖം മുമ്പൊരിക്കലും ഉണ്ടായിട്ടില്ല. ഞങ്ങളുടെ കാര്യത്തിൽ കാലാന്തകനായ ശിവൻ എതിരായി നില്ക്കുമത്രേ. ഞങ്ങളിതാ തൃക്കാല്ക്കൽ ശരണം പ്രാപിച്ചിരിക്കുന്നു. വൃത്തം സ്രഗ്ദ്ധര.

൨൫. ഇത്ഥം=ഇപ്രകാരം. വാനോർജനാനാം=ദേവജനങ്ങളുടെ. കരുണഗിരം=കരുണമായ വാക്കിനെ. ഉപാകർണ്ണ്യ=കേട്ടിട്ട്. കാരുണ്യ..............ഹൃദയഃ=കാരുണ്യത്തിന്റെ മുദ്ര (ബന്ധം) കൊണ്ടു തരളമായ്ത്തീർന്ന ഹൃദയത്തോടുകൂടിയ. ശാർങ്ഗധന്വാ=വിഷ്ണു. ചടുലാപാംഗഭംഗ്യാ=ഇളകുന്ന കടക്കണ്ണുകളുടെ ഭംഗികൊണ്ടു. സലീലം (ക്രി. വി.)=ലീലയോടുകൂടി. അതിസുഖയൻ=ഏററവും സുഖിപ്പിച്ചുംകൊണ്ട്. ആബഭാഷേ=പറഞ്ഞു. ഗഭീരം (ക്രി. വി.)=ഗംഭീരമാകുംവണ്ണം. ദേവകളുടെ ദയനീയമായ വാക്കുകേട്ട് പൂർവ്വാധികം ദയതോന്നി ഭഗവാൻ മന്ദസ്മിതത്തോടുകൂടി അവരെ കടക്കണ്ണുകൊണ്ടു കടാക്ഷിച്ചു ഗംഭീരമാംവണ്ണം പറഞ്ഞു. വൃത്തം സ്രഗ്ദ്ധര.

൨൬. പീഡാവിമോഹം=പീഡാകൊണ്ടുള്ള ബുദ്ധിമാന്ദ്യം. വിബുധപരിവൃഢാഃ=ദേവശ്രേഷ്ഠന്മാരേ! അശങ്കം=ശങ്കകൂടാതെ (ക്രി. വി.) ഗൌരീശം=പാർവ്വതീകാന്തനായ. ഭഗവന്തം=ഭഗവാനെ. മുദാ=സന്തോഷത്തോടെ. ഭക്തിയുക്താഃ=ഭക്തിയോടു

കൂടിയവരായിട്ട്. ഗോത്രം=ഗോത്രം. ഹേ ദേവന്മാരെ, നിങ്ങൾ പരമശിവനെത്തന്നെ ചെന്നു സേവിക്കുക. ത്രിപുരസംഹാരത്തിനും ത്രൈലോക്യപാലനത്തിനും ഇതല്ലാതെ വേറെ മാർഗ്ഗമില്ല. വൃത്തം സ്രഗ്ധര.

൨൬. ഈശനെ=ശിവനെ. പ്രതിപക്ഷം=എതിർപക്ഷം. മനസിജം=കാമനെ. ഇടയിട്ട്=ഇടയിലാക്കീട്ട്. ഒന്നും............... നില=ഒന്നിലും പെടാത്ത നില. നമ്മോട്.................അന്യായം=നമ്മുടെ മേൽ നിങ്ങൾക്കുള്ള അന്യായം. കഷ്ടമോറും വിഷമം=കഷ്ടവും വലിയ വിഷമംതന്നെ. കൃത്യം=കർത്തവ്യം. ശിവനെ എതിർഭാഗത്താക്കിയാൽ നന്നാകയില്ലെന്നു കാമൻ മുഖേന (കാമദഹനം നിമിത്തം.) ഇന്നും അറിഞ്ഞിട്ടുണ്ട്. അതിനിടയിൽ ഒന്നിലുംപെടാത്ത നിലയിലിരിക്കുന്നതുകൊണ്ടു നിങ്ങൾ അന്യായം പറകയും ചെയ്യുന്നു. ശിവനെ കോപിപ്പിക്കാതെ കഴിക്കയും നിങ്ങളെ രക്ഷിക്കയും ചെയ്കയെന്നുള്ളതു വിഷമവുമാണ്. എനിക്കിതിൽ എന്തു ചെയ്വാൻ കഴിയും? വൃത്തം സ്രഗ്ധര.

൨൭. ഇത്ഥം=ഇപ്രകാരം. ത്രിലോകീതിലകമണി=ത്രൈലോക്യത്തിനു തിലകമായിട്ടുള്ളവൻ (വിഷ്ണു.) സനന്ദാദി ദേവർഷിവൃന്ദം=സനന്ദൻ ഇടങ്ങിയ ദേവർഷികളുടെ സമൂഹത്തെ. കന്തം=കാന്തിയോടുകൂടിയ (ദേവർഷിവൃന്ദത്തിന്റെ വിശേഷണം.) അനന്തശയനതലാൽ=അനന്തമെത്തപ്പുറത്തുനിന്നു. ഉത്ഥിതഃ=എഴുന്നേറ്റവനായി. സസ്മിതാന്തഃ=ഉൾപ്പുഞ്ചിരിയോടുകൂടിയവനായിട്ട്. ഗൃഹീതപാണിം=പാണിഗ്രഹിച്ച് (കൈസ്ഥിതംചെയ്ത്.) ലോകമാതാവിനോട്=ലക്ഷ്മീദേവിയോട്. ഉ=യാത്രാവചനം. സരസം=രസത്തോടുകൂടി (ക്രി. വി.) ഉഡുപമൗലീസദസ്യ=ദേവസമൂഹത്തിന്റെ കൂട്ടത്തിൽ. കൈലാസയാത്രാം=കൈലാസയാത്രയെ. കലിതകൗതുകം=ഉദ്ദേശിച്ച്. ധൈര്യം=ധ്യാനിച്ചു. ഖഗേന്ദ്രം=ഗരുഡനെ. ഇങ്ങനെ പറഞ്ഞു വിഷ്ണുഭഗവാൻ സനന്ദാദി ദേവർഷികളെ അയച്ച്, അനന്തമെത്തയിൽനിന്നെഴുന്നേറ്റ്, ലക്ഷ്മീദേവിയോട് മന്ദസ്മിതപൂർവ്വം യാത്രപറഞ്ഞ്,

ദേവവൃന്ദത്തിന്റെ മദ്ധ്യത്തിൽ ചെന്ന്, കൈലാസത്തിലേക്ക് പോകേണ്ടതിനെ ഉദ്ദേശിച്ച്, സ്വവാഹനമായ ഗരുഡനെ സ്മരിച്ചു. വൃത്തം സ്രഗ്ധര.

൨൯. മണികഴൽ = ശോഭയുള്ള തൃക്കാൽ. പക്ഷിരാജസ്യ = ഗരുഡന്റെ. കണ്ഠേ = കഴുത്തിൽ. നിസ്തന്ദ്രം = തന്ദ്രയില്ലാതെ (ഉണർന്നിരിക്കുന്ന) മനസ്സോടുകൂടിയവനായിട്ട്. ത്രിഭുവനമഹിതം = മൂന്നു ലോകങ്ങളാലും പൂജിതമായ. പ്രാപ്യ = പ്രാപിച്ചിട്ട്. രൌപ്യാചലേന്ദ്രം = വെള്ളിമലയെ. കാപടികമണി = കപടപടുക്കളിൽവച്ചു രത്നഭൂതൻ (മായാമൂർത്തിയായ വിഷ്ണു). പുരത്രൂടെ = പുരങ്ങളുടെ രാശിക്ക്. അവസ്ഥാപ്യ = നിർത്തിയിട്ട്. ദേവാൻ = ദേവന്മാരെ (അവസ്ഥാപ്യ എന്നതിന്റെ കർമ്മം). ആശ്ലിഷ്ടവർത്മാ = കാണിക്കപ്പെട്ട വഴിയോടുകൂടിയവനായിട്ട്. പരിജനൈഃ = പരിജനങ്ങളാൽ. പ്രാപ = പ്രാപിച്ചു. ശംഭോഃ = ശിവന്റെ. സകാശം = സമീപത്തെ. ലോകത്തിൽ കേൾവിപ്പെട്ട കപടവിദ്യാകോവിദനായ വിഷ്ണു, ഭക്തിപൂർവ്വം വന്ന തൃക്കാൽ വെച്ചുനിന്ന ഗരുഡന്റെ പുറത്തു കയറി, ത്രൈലോക്യപൂജിതമായ വെള്ളിമലയിൽ ചെന്ന്, ദേവകളെ പുറത്തു നിറുത്തി, പരിജനങ്ങളാൽ വഴികാട്ടപ്പെട്ടുംകൊണ്ട് ശിവസമീപത്തെ പ്രാപിച്ചു. വൃത്തം സ്രഗ്ധര.

൩൦. സംഭ്രമവശാത് = സംഭ്രമത്തിന്നധീനനാക നിമിത്തം. അല്പസ്മേരമുഖഃ = മന്ദസ്മിതം തൂകുന്ന മുഖത്തോടുകൂടിയ. സ്മരാരിഃ = ശിവൻ. മാണിക്യസിംഹാസനേ = മാണിക്യമണിമയമായ സിംഹാസനത്തിൽ. മനസഃ = മനസ്സോടുകൂടി. സൌജന്യമുദ്രാങ്കിതാം = സൌജന്യചിഹ്നത്താൽ അലംകൃതയായ (ഗിരം എന്നതിന്റെ വിശേഷണം). പദ്മാ...........ബന്ധവേ = ആപ്തമിത്രമായ ലക്ഷ്മീപതിയോട്. മനോജ്ഞാം = മനോഹരയായ. ഗിരം = വാക്കിനെ. അപ്പോൾ ശിവൻ സംഭ്രമത്തോടുകൂടിയ മന്ദ പുഞ്ചിരിയിട്ടുംകൊണ്ട് ഹരിയെ പിടിച്ചു മാണിക്യസിംഹാസനത്തിൽ തന്നോടൊപ്പം ഇരുത്തി, സൌജന്യപൂർവ്വകമായി വിഷ്ണുവിനോട് പറഞ്ഞു. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൬൪. ധന്യാത്മൻ=ധന്യം (ഭാഗ്യമുള്ള) ആയ ആത്മാവോടു കൂടിയവനേ! കമലാജീവനാലംബകേ=ലക്ഷ്മീപ്രാണനാഥ! വരേണ്യം വരിക്കപ്പെടുവാൻ യോഗ്യമായ. വൈകുണ്ഠലോകേ=വൈകുണ്ഠലോകത്തിൽ. വസതി=വാസം. കഥയ കഥയ സർവ്വം=എല്ലാം പറയൂ പറയൂ. മമ അഭീഷ്ടബന്ധോ=എന്റെ ഇഷ്ടമിത്രമേ! ഹേ ഭാഗ്യവാനായ ഇഷ്ടമിത്രമേ! അങ്ങ് എവിടെനിന്നു വരുന്നു, ഈ വരവ് എന്തുദ്ദേശത്തോടുകൂടിയാണ്, വൈകുണ്ഠവാസികൾക്കെല്ലാം സൌഖ്യമല്ലേ? എല്ലാ വിവരങ്ങളും പറഞ്ഞാലും—എന്നു ശിവന്റെ വാക്യം. വൃത്തം സ്രഗ്ധര.

൬൫. ശ്രുത്വാ=കേട്ടിട്ട്. സാരസ്യസമ്പ്രാം=സാരസ്യംകൊണ്ടു നിറഞ്ഞ. പരമശിവഗിരം=ശിവന്റെ വാക്കിനെ. പദ്മനാഭഃ=വിഷ്ണു. സ്മിതാർദ്രം=മന്ദസ്മിതത്താൽ ആർദ്രമാംവണ്ണം. (ക്രി. വി.) പ്രത്യൂചേ=മറുപടി പറഞ്ഞു. ശൈലപുത്രീപ്രിയതപഃഫല=പാർവ്വതിയുടെ തപസ്സിന്റെ ഫലമായവനേ! വാക്യം മദീയം=എന്നെസ്സംബന്ധിച്ച വാക്യത്തെ. അത്യന്തം=ഏറ്റവും. കശ്മലച്ചുംബിതതയാ=ഖിന്നതയായ ഇച്ഛയാൽ ഇളക്കപ്പെട്ട മനസ്സോടുകൂടിയ. ദേവൈഃ=ദേവന്മാർ. നിർവ്വാസം=നിർവ്വാസനം. മേ=എനിക്ക്. സഹിയാ...........അജ്ഞാനാം=ആ അജ്ഞന്മാരുടെ ശാഠ്യം എനിക്കു സഹിക്കയില്ല. ശിവന്റെ സരസവാക്യം കേട്ട വിഷ്ണുഭഗവാൻ പുഞ്ചിരിതൂകി മറുപടി പറഞ്ഞു. വലിയ ദൌർഗ്ഗത്യത്താൽ മനസ്സിളകിയ ദേവകൾ നിത്യവും വന്ന് എന്റെ നിദ്രാഭംഗം വരുത്തുന്നു. എനിക്ക് ആ അജ്ഞന്മാരുടെ ശാഠ്യം സഹിപ്പാൻ വയ്യാതെയായി. വൃത്തം സ്രഗ്ധര.

൬൬. മോഹം=വ്യാമോഹം. ഏഷാം=ഇവരുടെ. (ദേവന്മാരുടെ) ത്രിപുരമദജുഷാം=ത്രിപുരാസുരന്മാരുടെ. നിഗ്രഹം=വധം. ആർത്തം...........അസാദ്ധ്യം=ആർത്തം അസാദ്ധ്യമായ (നിഗ്രഹത്തിന്റെ വിശേഷണം). ദാക്ഷിണ്യം=ഉദാരത. വല്ലേൻ=ഞാൻ ശക്തനല്ല. നീക്കം=വ്യത്യാസം. വിധനം=നിഗ്രഹം. ഭവത്സേവകാനാം=അങ്ങയുടെ സേവകന്മാരായവരുടെ. കേൾക്കണേ ദേവകളുടെ മോഹം, ശൂരരെക്കൊണ്ടും അസാദ്ധ്യരായ ത്രിപുരാസുരന്മാരെ നിഗ്രഹം ചെ

ണ്ടാനാണ് ഭേദം. ഈ കാര്യം നമ്മോടു പറയാൻ ലജ്ജ തോന്നുന്നു. നാം ക്കാണെങ്കിൽ ദാക്ഷിണ്യംകൊണ്ട് 'കഴിയില്ല' എന്നു തുറന്നു പറയാനും വയ്യ. ദേവശത്രുക്കളായ അവരുടെ വധം ദുഷ്കരം ശക്യമല്ല. വൃത്തം സ്രഗ്ധര.

൯൪. അത്യാദരസേവ=ഉദ്വിഗ്നതയോടുകൂടിയുള്ള സേവ. ഭക്തി=ഈശ്വരവിഷയമായ സ്നേഹം. തപസ്സിദ്ധി=തപസ്സുകളുടെ സിദ്ധി. വിധി=അനുഷ്ഠാനം. ശശ്വദ്വിശ്വാസക്ലൃപ്തി=എല്ലായ്പ്പോഴുമുള്ള വിശ്വാസത്തിന്റെ അതിശയം. പുരദനുജവരന്മാർ=പുരത്തിലെ അസുരവരന്മാർ. അദ്ധ്യാ=അദ്യ (വ്യാക്ഷേപകം). തദ്വിരോധം=അവരോടുള്ള വിരോധം. വിബുധപരിഷകൾ=ദേവഗണങ്ങൾ. ഈഷൽ=അല്പം. മന്ദാത്മനാം=മന്ദബുദ്ധികൾക്ക്. ബോധം=അറിവ്. സേവ, ഭക്തി, തപസ്സിദ്ധി, വിശ്വാസം എന്നിവ ത്രിപുരന്മാർക്കെല്ലാം കുറവില്ല. അവരോടു ദേവകൾക്കുള്ള വിരോധം കഷ്ടമാണ്. ബുദ്ധിഹീനന്മാർക്ക് ഇതു വരും ഇതു വരില്ല എന്ന അറിവില്ല. വൃത്തം സ്രഗ്ധര.

൯൫. ഇത്ഥം=ഇപ്രകാരം. നിശമ്യ=കേട്ടിട്ട്. മധുമഥനഗിരം=വിഷ്ണുവിന്റെ വാക്കിനെ. കരാഗ്രേ=കയ്യിന്റെ അഗ്രത്തിൽ. നിവേശ്യ=വെച്ചിട്ട്. നിജഗദേ=പറഞ്ഞു. പിനാകധനാ=ശിവൻ. എന്താം=എന്തില്ല (വരില്ല). അസുഖം=ദുഃഖം. ത്രിദശാനാം=ദേവന്മാരുടെ. ദുരാശാ=ദുരാഗ്രഹം. ഭക്തേഷു=ഭക്തന്മാരിൽ. വിശ്വസിതി=അങ്ങനെ വിശ്വസിച്ചാലും. ഏശാ=ഫലിക്കില്ല. വിഷ്ണുവിന്റെ വാക്ക് കേട്ടിട്ട് ശിവൻ അദ്ദേഹത്തിന്റെ കയ്യിൽ തന്റെ കൈ വെച്ചു പറഞ്ഞു—പുരന്മാർക്ക് ഒരു ദുഃഖവും വരില്ല. ഭക്തന്മാരായ അവരിൽ ദേവകളുടെ ദുരാഗ്രഹം ഒരിക്കലും ഫലിക്കയില്ല. വൃത്തം വസന്തതിലകം.

൯൬. തേഷു=അവരിൽ (പുരന്മാരിൽ). ശ്രീമത്സു=ശ്രീമാന്മാരായ (ശ്രീമത് എന്നതിന്റെ വിശേഷണം). ലോകകണ്ടകാ=ലോകശല്യം. ധീഃ=ബുദ്ധി. പാരമൈശ്വര്യം=ഈശ്വരന്റെ അനുഗ്രഹം. നാകസദാം=സ്വർഗ്ഗവാസികൾക്ക്. ധ്രുവം=നിശ്ചയം. ഘാതകാഃ=ഘാതകന്മാർ

(ഗുണ്യംപിടിച്ചവർ). വസന്തു=വസിക്കട്ടെ. കഥയിൽ കോണേ=ഒരു കോണിൽ. ഗുണസ്പൃശഃ=ഗുണങ്ങളിൽ സ്പർശമുള്ളവർ. മത്സരം=ശിക്ഷ. അപരിൽ=പുരന്മാരിൽ. നല്ലവരായ പുരന്മാരിൽ മോക്ഷത്തിന്റെ ലേശംപോലുമുണ്ടോ? ദേവകൾക്ക അതിനുകവിഞ്ഞ ഉദാഗ്രഹം പണ്ടെ ഉള്ളതാണ്. അതിന്റെ അനുഭവം താനേ വന്നു ചേരുന്നു. ഗുണങ്ങളിൽ അസൂയാലുക്കളായ ആ ഹതകന്മാർ കിടന്നോട്ടെ കണ്ട് ഒരു കോണിൽ ഇരുന്നുകൊള്ളട്ടെ. ത്രിപുരന്മാരിൽ തെല്ലുപോലും മത്സരം ചെയ്യാൻ ഒരുത്തനും സാദ്ധ്യമല്ല. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൩൬. ദക്ഷാരേഃ=ദക്ഷശത്രുവിന്റെ (ശിവന്റെ). സ്നേഹബന്ധം=സ്നേഹത്തിന്റെ ബന്ധം. ഉദ്ധം=ഉറപ്പുള്ള. അനുഭവമേന്ത്യ=അനുഭവപ്പെട്ടിട്ട. അനുസ്മരം=ആലോചിക്കാതെ. പ്രസ്ഥായ=പുറപ്പെട്ടിട്ട്. ക്ഷീണദേവാൻ=ക്ഷീണരായ ദേവ (ആശയ) ന്മാരോടു കൂടിയ. ആദിതേയാൻ=ദേവന്മാരെ. അശേഷാൻ=എല്ലാവരേയും. ബുദ്ധ്യാ=ബുദ്ധികൊണ്ട്. കല്പിച്ചു=ഉറപ്പിച്ചു. മധുരിപു=വിഷ്ണു. കപടക്രിയാദേശികഃ=കപടവിദ്യകൾക്ക ഗുരുവായ. (മധുരിപുവിശേഷണം) ധൃത്വാ=ധരിച്ചിട്ട്. ബുദ്ധർഷിരൂപം=ബുദ്ധമുനിയുടെ രൂപത്തെ. നിരുപമമഹിമാ=അതുല്യമായ മഹത്വത്തോടുകൂടിയ (മധുരിപുവിശേഷണം). നിർമ്മമേ=നിർമ്മിച്ചു. ബൌദ്ധശാസ്ത്രം=ബൌദ്ധശാസ്ത്രത്തെ. ശിവന്റെ ത്രിപുരന്മാരിലുള്ള ഉറച്ച സ്നേഹത്തെ അനുഭവമറിഞ്ഞതിനു ശേഷം കപടവിദ്യാചാര്യനായ വിഷ്ണു കൈലാസത്തിൽനിന്നു പുറപ്പെട്ടു ക്ഷീണന്മാരായ ദേവകളെയെല്ലാം പറഞ്ഞയച്ച്, അനന്തരകരണീയത്തെ ബുദ്ധികൊണ്ടാലോചിച്ച് ബുദ്ധമഹർഷിയുടെ രൂപം ധരിച്ച് ബൌദ്ധശാസ്ത്രത്തെ നിർമ്മിച്ചു. വൃത്തം സ്രഗ്ദ്ധര.

ഗദ്യം ൩. തതഃ=അതിനുശേഷം. പരമപുരുഷഃ അസൌ=ഈ പരമപുരുഷൻ (വിഷ്ണു). മഹാമഹ്ദ്............വേഷം=ഏററവും അത്ഭുതജനകവും ദുർഗ്രഹവും (അറിയപ്പെടുവാൻ കഴിയാത്തതായതും) ആയ ബുദ്ധമുനിയുടെ വേഷത്തെ. ധാനഃ=ധരിക്കുന്നവനായിട്ട്. തദാ=അപ്പോൾ. വൈദികാ............സമ്പ്രദായം=വൈദി

കൎമ്മത്തിന്റെ അന്തത്തിൽ (വേദാന്തത്തിൽ) ഉള്ള രാദ്ധാന്തങ്ങളെ (സിദ്ധാന്തങ്ങളെ) സാരത്തോടു ഉദ്ധതം (ഗർവിതം) ആയും, നാസ്തികവാദപ്രശമം=നാസ്തികവാദം (ഈശ്വരനും പരലോകവും ഇല്ലെന്നുള്ള വാദം) നശിക്കുന്ന പ്രശമത്തെ ചെയ്യിക്കുന്ന. മഹാശാസ്ത്രം=മഹത്തായ ശാസ്ത്രത്തെ. നിർമ്മായ=നിർമ്മിച്ചിട്ട്, ശാഖാ............ബിതേ=ശാഖാസമൂഹങ്ങളിൽ സ്ഥിതങ്ങളായ (വർദ്ധിച്ച) പത്രങ്ങൾ (ഇലകൾ) ആകുന്ന ആതപത്രം (കുടകൊണ്ട് അലംകൃതനായ. ബോധിവൃക്ഷസ്യ=അരയാൽമരത്തിന്റെ. മണിക്യ............പ്രാംഗണേ=മാണിക്യക്കല്ലുകൊണ്ടു തറ പടുത്ത മണിമുറ്റത്തിൽ സന്നിഷണ്ണഃ=ഇരുന്നവനായിട്ട്, സ്തുതിപ്രക്രിയാഗോചരം=സ്തുതിപ്രക്രിയകൾക്കു വിഷയമായ. നാരദം=നാരദമുനിയെ. ബ്രഹ്മവിദ്യാ............ശരദേന്ദും=ബ്രഹ്മവിദ്യകളാകുന്ന നവകൈരവശ്രേണികൾക്കു (ഭംഗിയുള്ള ആമ്പൽക്കൂട്ടങ്ങൾക്കു) ശരൽക്കാലചന്ദ്രനായ (അതായതു ചന്ദ്രൻ ആമ്പലുകളെ എന്നപോലെ ബ്രഹ്മവിദ്യകളെ പ്രകാശിപ്പിക്കുന്നവനായ എന്നു നാരദവിശേഷണം) നിരസ്താന്യഭാവം (ക്രി. വി.)=അന്യഭാവം വിട്ട്. പുരസ്താൽ=മുമ്പിൽ. നിവേശ്യ=ഇരുത്തിയിട്ട്. അഖിലം=എല്ലാം. പാഠപാഠേ=യഥാക്രമം. മുദാ=സന്തോഷത്തോടുകൂടി. പാഠയൻ=പഠിപ്പിക്കുന്നവനായി, മയൂരമഹിമ്നാ=മയിലിന്റെ മഹത്ത്വത്താൽ. ഊഢം=ഏറ്റവും. രോഹിതാശേഷലോകഃ=സർവ്വലോകങ്ങളെയും രോഹിപ്പിക്കുന്നവനായി. ത്രിലോകീമണിപ്പ്രസ്ഥ്=ത്രൈലോക്യത്തിനു രത്നഭൂഷണം (വിഷ്ണു). പുരന്മാർ=ത്രിപുരന്മാർ. അക്ഷമാദർപ്പാഃ=അക്ഷമം (അസഹ്യം) ആയ ദർപ്പത്തോടുകൂടിയ (പുരവിശേഷണം). സമക്ഷ്യേത്യ=നേരെ മുമ്പിൽ ചെന്നിട്ട്. തത്ര ഏവ=അവിടെത്തന്നെ സംവിൽക്രമം=ജ്ഞാനക്രമം. അകസ്മാന്മദേവം=അകസ്മാരമായ തേജോവിശേഷത്തോടുകൂടിയവനും, സാധു (ക്രി. വി.)=വഴിപോലെ. വേദയോഗവ്യാഖ്യാ=വേദശാസ്ത്രവ്യാഖ്യാനം. ആത്മശിഷ്യം=തന്റെ ശിഷ്യനെ. വിശിഷ്യ=വിശേഷിച്ച്. സ്വയംബോധയന്തം=താൻതന്നെ ബോധിപ്പിക്കുന്നവനും, മഹാബോധിമൂലേ=ബോധിവൃക്ഷച്ചുവട്ടിൽ. സമാസീനം=ഇരിക്കുന്നവനും, ആനാസികാ.........ങ്കിതം=നാസികാമൂലത്തിൽനിന്നു തുടങ്ങി വിരചിക്കപ്പെട്ട ഊർദ്ധ്വപുണ്ഡ്ര

ത്താൽ (ഗോപിക്കുറിയാൽ) അടയാളപ്പെട്ടവനും, ഉരി.........കൊണ്ട് മഹത്തായ തേജോതിശയംകൊണ്ടു. വിദ്യാ......ഭാഗം=എല്ലാ ദിക്കുകളുടെയും ആകാശത്തിന്റെയും ഭാഗങ്ങളെ പ്രകാശിപ്പിച്ചവനുമായ, മുനിം=മഹർഷിയെ. പ്രകാമമെന്ന=ഇപ്പൂടിയൊട്ടുകൂടി. അനന്തരം വിഷ്ണുഭഗവാൻ ബുദ്ധമുനിയുടെ വേഷം ധരിച്ച്, വൈദികമാർഗ്ഗത്തെ എതിർക്കുന്നതിൽ വൈദഗ്ദ്ധ്യമുള്ളതും നാസ്തികവാദപ്രധാനവുമായ ബൌദ്ധശാസ്ത്രം നിർമ്മിച്ച്, നാനാശാഖകളിൽ നിറഞ്ഞ ഇലകളാകുന്ന കുടകളാൽ അലംകൃതമായ ബോധിവൃക്ഷമൂലത്തിൽ മാണിക്യമണിത്തറയിൽ ഇരുന്ന്, ബ്രഹ്മവിദ്യാപ്രകാശകനായ നാരദമുനിയെ ശിഷ്യനാക്കി മുന്നിലിരുത്തി, ബൌദ്ധശാസ്ത്രം മുഴുവൻ യഥാക്രമം പഠിപ്പിച്ചുകൊണ്ടും മായാശക്തിയാൽ സർവ്വലോകങ്ങളെയും മോഹിപ്പിച്ചുകൊണ്ടും ഇരിക്കുന്ന കാലത്ത്, ഗർവ്വോദ്ധതന്മാരായ ത്രിപുരന്മാർ അടുക്കൽ ചെന്ന്, ജ്ഞാനതേജസ്സിനെ പൊഴിച്ചും ബൌദ്ധശാസ്ത്രത്തെ വ്യാഖ്യാനിച്ചു ശിഷ്യനെ പഠിപ്പിച്ചും ബോധിവൃക്ഷമൂലത്തിലിരിക്കുന്നവനും മൂക്കിന്റെ കടക്കൽനിന്നു തുടങ്ങി മേൽപ്പോട്ടു നീളത്തിൽ ഗോപിക്കുറി തൊട്ടവനും തേജോവിശേഷത്താൽ സർവ്വദിക്കുകളെയും ആകാശത്തെയും പ്രകാശിപ്പിക്കുന്നവനുമായ അദ്ദേഹത്തെ മുന്നിൽ കണ്ട് ആശ്ചര്യപരതന്ത്രന്മാരായി ഭവിച്ചു.

൩൭. അസുരപരിവൃഢാൻ=അസുരവീരന്മാരെ, ഉച്ചകൈഃ=ഉയരെ (ഏറ്റവും) ഉജ്ജ്വലദംഗാൻ=ഉജ്ജ്വലിക്കുന്ന അംഗങ്ങളോടുകൂടിയ (അസുരപരിവൃഢവിശേഷണം). ഉന്നിദ്രദർപ്പോദ്ധുരാൻ=ഉന്നിദ്രം (ഉൽബുദ്ധം) ആയ ദർപ്പോദ്ധതയോടുകൂടിയ. സൌഗതമുനി=ബൌദ്ധമുനി. മനസാ=മനസ്സുകൊണ്ടു. വംശം=കുലം. നിലയനം=ഗൃഹം. കസ്യ പുത്രാഃ=ആരുടെ പുത്രന്മാരാണ്. വിചിത്രം=ആശ്ചര്യം. കഥയത=പറയുവിൻ. നിശ്ശങ്കം (ക്രി. വി)=ശങ്കകൂടാതെ. അതിദർപ്പോദ്ധതയുള്ള ആ ബൌദ്ധമഹർഷി അത്യുജ്ജ്വലദേഹന്മാരായ ത്രിപുരന്മാരെ കണ്ടിട്ടു മനസ്സുകൊണ്ടു ബഹുമാനിച്ചു. പിന്നെ, നിങ്ങളുടെ വംശമേത്, ഗൃഹമെവിടെ, ആരുടെ പുത്രന്മാരാണ്, ഈ വേഷം ആരുടെ എന്നിങ്ങിനെ ചോദിച്ചു. വൃത്തം സ്രഗ്ദ്ധര.

൩൯. ഇത്ഥം=ഇങ്ങിനെ. നിശമ്യ=കേട്ടിട്ട്. വചനം=വാക്കിനെ. പുരമനവേശ്മാഃ=പുരാസുരന്മാർ. സ്മിതപാ=ചിരിച്ച്. മുനിം=മുനിയോട്ട്. നിജഗദുഃ=പറഞ്ഞു. ജഗത്ത്രതമാഃ=ലോകത്തില്വെച്ചു ഉത്തമന്മാരായ. തേ=ആ (പുരമനവേശ്മാഃ എന്നതിനോടു യോജന). ഭക്ത്യാ=ഭക്തിയാല്. നതേ=കുനിഞ്ഞ. ശിരസി=ശിരസ്സില്. കൂപ്പി=കൈകൂപ്പി. നമശ്ശിവായ ഇതി ഉക്ത്വാ=നമശ്ശിവായ എന്നു പറഞ്ഞിട്ട്. ഈശ.........ഘോഷാഃ=ഏറ്റവും ജപിക്കപ്പെട്ട പഞ്ചാക്ഷരം (മുതലായ) നാമങ്ങളുടെ ഘോഷത്തോടുകൂടിയവരായിട്ട്. മുനിവചനം കേട്ടപ്പോൾ പുരന്മാർ പുഞ്ചിരിയിട്ട്, ഭക്തിയാൽ കുനിഞ്ഞ തലയില് കൂപ്പുകൈവെച്ച്, നമശ്ശിവായ എന്നു പറഞ്ഞു ശിവന്റെ നാനാനാമങ്ങൾ ഉച്ചത്തില് ജപിച്ചുംകൊണ്ടു പറഞ്ഞു. വൃത്തം വസന്തതിലകം.

൪൦. ഭോ മഹാത്മൻ=അല്ലയോ മഹാത്മാവേ! വയം=ഞങ്ങൾ. അഖില............ദക്ഷിണ്യം=എല്ലാ ലോകങ്ങളുടെ സൃഷ്ടിയും രക്ഷയും നാശവുമെന്ന വൃത്തിയില് ദക്ഷിണ്യം. സാക്ഷാത്.........വിഭോഃ=സാക്ഷാൽ പരമശിവസ്വാമിയുടെ. ആശ്രിതാഃ=ആശ്രിതന്മാരായ. ഭക്തലോകാഃ=ഭക്തജനങ്ങളായി, തത്പ്രസാദ.........നിലയാഃ=അദ്ദേഹത്തിന്റെ പ്രസാദത്താൽ നല്കപ്പെട്ട പുരങ്ങളോടുകൂടിയവരായി, താരക.........ധരാഃ=താരകനെന്ന ദൈത്യാധിപന്റെ ശ്ലാഘ്യമായ ആചാരത്തോടുകൂടിയവരായി, ത്രിലോക്യാം=മൂന്നുലോകങ്ങളില്. അവിഹതഗതയഃ=തടയപ്പെടാത്ത ഗതിയോടുകൂടിയവരായി, സാർത്ഥികാഃ=അന്വർത്ഥനാമങ്ങളായിരിക്കുന്ന ദൈത്യവീരാഃ=ദൈത്യവീരന്മാരാണ്. ഞങ്ങൾ സകലലോകസൃഷ്ടിസ്ഥിതിസംഹാരകർത്താവായ പരമശിവന്റെ ഭക്തന്മാരും, അദ്ദേഹം കല്പിച്ചു തന്ന ത്രിപുരങ്ങളിലിരുന്നു ത്രൈലോക്യത്തിലെങ്ങും തടവുകൂടാതെ സഞ്ചരിക്കുന്നവരും താരകാസുരന്റെ ശ്ലാഘ്യമായ ആചാരത്തെ അനുസരിച്ചു വരുന്നവരുമായ അസുരവീരന്മാരാണ്. ത്രിപുരന്മാർ=ത്രിലോകങ്ങൾ പുരങ്ങളായിട്ടുള്ളവർ (ത്രിലോകവാസികൾ) എന്നു പേരിനു അന്വർത്ഥകത്വം. വൃത്തം സ്രഗ്ദ്ധര.

൪൮. ബാലതേ = ബാല്യത്തിൽ. ഞങ്ങൾ ഏതേ = ഈ ഞങ്ങൾ. വിബുധകദ്രുതി = ദേവകളുടെ കദ്രുതി. ഉരുപിതൃനാശാഃ = പിതൃനാശത്തെ പ്രാപിച്ചവരായിട്ട്. ത്രൈലോക്യാധീശപരം = ത്രിലോകനാഥനായ. തീക്ഷ്ണതരതപസാ = ഏററവും ഭയങ്കരമായ തപസ്സുകൊണ്ട്. തോഷയിത്വാ = സന്തോഷിപ്പിച്ചിട്ട്. ഭവേശം = ശിവനെ. ലബ്ധ്വാ = ലഭിച്ചിട്ട്. പുരാണാം = പുരങ്ങളുടെ. ത്രയം = മൂന്നിനെ. അമിതവരഭവാംശ്ച = അനല്പങ്ങളായ വരങ്ങളുടെ സമൂഹത്തെ. ബിഭ്രതഃ = ഭരിക്കുന്നവരായിട്ട്. തദ്വേഷം = അദ്ദേഹത്തിന്റെ വേഷത്തെ. ഭസ്മാക്ഷമാലാധരം = ഭസ്മത്തെയും അക്ഷമാല (രുദ്രാക്ഷമാല)യേയും ധരിക്കുന്ന (വേഷവിശേഷണം). അനുദിനം = പ്രതിദിനം. ആദധ്വേ = ഞങ്ങൾ ധ്യാനിക്കുന്നു. ലിംഗപൂജ്യം = ലിംഗപൂജ്യനെ (ശിവനെ). ബാല്യത്തിൽ ദേവകളുടെ കപടത്താൽ പിതൃനാശം പ്രാപിച്ച ഞങ്ങൾ ഘോരതപസ്സുചെയ്തു ശിവനെ പ്രസാദിപ്പിച്ചു ത്രിപുരങ്ങളേയും നാനാവരങ്ങളേയും വാങ്ങി. പിന്നെ ഭസ്മരുദ്രാക്ഷാലംകൃതമായ പരമശിവവേഷത്തെ ധരിച്ചു ഞങ്ങൾ ശിവനെ ധ്യാനിച്ചുകൊണ്ടിരിക്കുന്നു. വൃത്തം സ്രഗ്ധര.

൪൯. ത്രൈലോക്യസ്വാമി = മൂന്നുലോകങ്ങൾക്കും നാഥൻ. പശുപതിഭഗവാൻ = ശിവൻ. നഃ = ഞങ്ങൾക്ക്, ആലംബഃ = ആശ്രയം. ലീലാ.........ലോകാഃ = വിനോദംകൊണ്ട് (നിഷ്പ്രയാസമെന്നു സാരം) മൂന്നു ലോകങ്ങളെ ജയിച്ചു. വയം = ഞങ്ങൾ. അധികമുദാ = അതിസന്തോഷത്തോടെ. സർവ്വതഃ = എല്ലാടത്തും. നിർവ്വിചികിത്സാഃ = സംശയമില്ലാത്തവരായിട്ട്. പരമശിവപ്രസാദം = ശിവകാരുണ്യം. വിശ്വവന്ദ്യം = എല്ലാവരാലും വന്ദ്യം. ത്രൈലോക്യനാഥനായ ശിവൻ തന്നെയാണ് ഞങ്ങൾക്കാശ്രയം. അവിടത്തെ ഒഴിച്ചു മറെറാരു ദൈവത്തെ ഞങ്ങൾ പൂജിക്കുന്നില്ല. ഞങ്ങൾ ത്രിലോകങ്ങളെ നിഷ്പ്രയാസം ജയിച്ചു നിർഭയം സർവ്വത്ര സഞ്ചരിക്കുന്നതു ശിവന്റെ പ്രസാദം തന്നെയാണ്. ഹേതുവായ ശിവപ്രസാദത്തിന്നും ഹേതുമത്തായ ത്രിലോകസഞ്ചാരത്തിന്നും അഭേദം പറകയാൽ ഹേത്വതിശയോക്തി. വൃത്തം സ്രഗ്ധര.

൪൩. നേത്രാനന്ദായ = നേത്രങ്ങൾക്ക് ആനന്ദത്തിനായിക്കൊണ്ട്. നഃ = ഞങ്ങളുടെ. സന്നിധിം = മുമ്പിൽ. പരമ..........ജാം = ശിവന്റെ ധ്യാനത്തെ ഭജിക്കുന്നവരായ (നഃ എന്നതിന്റെ വിശേഷണം). പുരസ്താത് = മുമ്പിൽ. പ്രാപ്താഃ = പ്രാപിച്ചവരായ. കേ വാ = ആരാണ്. ഭവന്തഃ = നിങ്ങൾ. സകല..........സമ്പദാഃ = സകല ഭുവനങ്ങളെയും ക്ഷോഭിപ്പിക്കുന്ന അംശത്തോടും സമ്പത്തോടുംകൂടിയ (ഭവന്തഃ എന്നതിന്റെ വിശേഷണം). ഉദിതം = അടങ്ങിയ. സിദ്ധാന്തം = സാരാർത്ഥം. പ്രീത്യാ = പ്രീതിയോടുകൂടി. ശുശ്രൂഷവഃ = ശ്രവിക്കുവാൻ ഇച്ഛിക്കുന്നവരാണ്. വയം = ഞങ്ങൾ. അഖിലം = എല്ലാം. ആഖ്യാഹി = പറഞ്ഞാലും. വിദ്യാപയോധേ = വിദ്യാസമുദ്രമേ! പരമശിവധ്യാനം ചെയ്യുന്ന ഞങ്ങളുടെ കണ്ണുകൾക്കാനന്ദത്തിനു കാരണഭൂതന്മാരായി ഞങ്ങളുടെ മുമ്പിൽ വന്നിരിക്കുന്ന ലോകക്ഷോഭനാംശത്തോടും ലോകസമ്പന്നരായ നിങ്ങൾ ആരാണ്? ഈ ശാസ്ത്രത്തിന്റെ പേരെന്ത്? ഇതിലെ സിദ്ധാന്തമെന്ത്? എന്നു കേൾപ്പാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. എല്ലാം പറയുക. വൃത്തം സ്രഗ്ദ്ധര.

൪൪. ഭവാനീശപ്രസാദഃ = ഭവാനിയുടെയും ശിവന്റെയും പ്രസാദം. അന്യ..........ശക്തി = അന്യദേവന്മാർക്കുള്ള ശക്തി. ഐശ്വ..........സമഗ്രം = വർദ്ധിച്ചതായ ഐശ്വര്യത്തിന്റെ ശക്തി. ചിത്തമനസി = ചിത്തമനസ്സിൽ. പരിസ്ഫുരന്മനാഃ = ഏറ്റവും ശോഭിക്കുന്നവനായിട്ട്. നിർമ്മലം (ക്രി. വി.) = ശുദ്ധമായവണ്ണം. സ്ഥിതപ്രകരം = ഉറസ്ഥിതം ചെയ്തിട്ട്. ശരണേ = പാദത്തെ. പരമശിവപദേ = ശിവന്റെ കാലിൽ. ഭക്തി = സ്നേഹം. നിത്യസേവാവൃത്തിം = നിത്യയായ സേവാവൃത്തിയെ. ശേഷം ച = ശേഷത്തെയും. തേഷാം = അവരുടെ. പരിഹസൻ = പരിഹസിക്കുന്നവനായിട്ട്. ബുധനാഥഃ = ബുധമുനി. മഹാത്മാ = മഹാത്മാവായ (ബുധനാഥവിശേഷണം). പാർവ്വതീപരമേശ്വരന്മാരുടെ പ്രസാദത്തിനും അന്യദേവന്മാരുടെ ശക്തിക്കുമുള്ള വലുതായ ഐശ്വര്യത്തെ മനസാ ശുദ്ധമായി ബഹുമാനിച്ചുംകൊണ്ട് മഹാത്മാവായ ബുധമുനി പുഞ്ചിരിയിട്ട്, അവരുടെ ശിവഭക്തിയെയും നിത്യസേവാവൃത്തിയെയും പരിഹസിച്ചു പറഞ്ഞു. വൃത്തം സ്രഗ്ദ്ധര.

൪൮. ധന്യാഃ=ഭാഗ്യവാന്മാരായ. (ഭവന്തഃ എന്ന് അദ്ധ്യാഹരിക്കണം.) ശൃണ്വന്തു=ശ്രവിച്ചാലും. കോ വാ=ആരാണ്. ശിവഃ ഇതി=ശിവൻ എന്ന്. ഭവതാം=നിങ്ങളുടെ. ഈശ്വരഃ=ഈശ്വരൻ. കീർത്ത്യമാനഃ=കീർത്തിക്കപ്പെടുന്ന. സാക്ഷാൽ പരിവൃഢഃ=സാക്ഷാൽ നാഥൻ. കിംപ്രായം=എന്തു പ്രായം. തസ്യ=അവന്റെ. ഗേഹം=ഗൃഹം. ജന്മം=ജനനം. അഹഹ=ആശ്ചര്യം. കദേ കദാ=ഏതു കാലത്തിൽ. കീദൃക്=ഏതുപ്രകാരമുള്ളത്. പ്രഭാവഃ=ശക്തി. ഭാഗ്യവാന്മാരായ നിങ്ങൾ കേൾക്കണം—ശിവനെന്നു വാഴ്ത്തപ്പെടുന്ന നിങ്ങളുടെ ഈശ്വരൻ ആരാണ്? അദ്ദേഹമാണോ പതിന്നാലു ലോകത്തിനും നാഥൻ? ഇതു ഞങ്ങൾ ഇതുവരെ കേട്ടിട്ടില്ല. എന്നാൽ അദ്ദേഹത്തിന് എന്തു പ്രായം? ഗൃഹം എവിടെ? പലർക്കും അദ്ദേഹത്തെ കാണാൻ സാധിക്കുമോ? ഏതു കാലത്തിലാണ് ജനനം? എങ്ങനെയുള്ളതാണദ്ദേഹത്തിന്റെ മഹിമ? വൃത്തം സ്രഗ്ദ്ധര.

൪൯. ലോകാനാം=ലോകങ്ങളുടെ. നിഗ്രഹാനുഗ്രഹനിപുണതാ=നിഗ്രഹത്തിലും അനുഗ്രഹത്തിലുമുള്ള നൈപുണ്യം. യുഷ്മദീയേശ്വരൻ=നിങ്ങളുടെ ഈശ്വരൻ. മാഹാത്മ്യോല്ലാസം=മാഹാത്മ്യത്തിന്റെ ദീപ്തി. നിഗമം=ശാസ്ത്രം. ആകർണ്ണനീയം=കേൾക്കപ്പെടേണ്ടതാണ്. ഏകാന്തേ=വിജനത്തിൽ. ജംഗമ..........ജഗതാം=ചരങ്ങളും അചരങ്ങളുമായ പ്രപഞ്ചങ്ങൾക്ക്. നാസ്തിവാദപ്രഗത്ഭം=നാസ്തികവാദത്തിങ്കൽ നൈപുണ്യമുള്ള. വ്യാകുർമഃ=ഞങ്ങൾ വ്യാകരിക്കുന്നു. ബൌദ്ധശാസ്ത്രം=ബൌദ്ധശാസ്ത്രത്തെ. മഹിതം=പൂജിതമായ (ബൌദ്ധശാസ്ത്രവിശേഷണം). വയം=ഞങ്ങൾ. കേപി=ചില. ബൌദ്ധാഃ=ബുദ്ധാനുയായികളായ. മുനീന്ദ്രാഃ=മുനിശ്രേഷ്ഠന്മാർ. നിങ്ങളുടെ ഈശ്വരനു ലോകങ്ങളെ നിഗ്രഹിക്കുന്നതിലും അനുഗ്രഹിക്കുന്നതിലുമുള്ള സാമർത്ഥ്യത്തെയും മാഹാത്മ്യത്തെയും പറയുന്ന ശാസ്ത്രമുണ്ടെങ്കിൽ അതു കേൾക്കണം. ഞങ്ങൾ ചില ബൌദ്ധമുനിമാർ വിജനത്തിൽവെച്ചു ചരാചരപ്രപഞ്ചങ്ങൾക്കു നാസ്തികവാദംകൊണ്ട് ശ്രേഷ്ഠമായ ബൌദ്ധശാസ്ത്രത്തെ വ്യാഖ്യാനിക്കുകയാണ്. വൃത്തം സ്രഗ്ദ്ധര.

൪൯. ദൃഷ്ടികൾ=കണ്ണിൽ. ഗുണ............പമം=ഗുണഫണി (രജ്ജുസർപ്പം), മൃഗതൃഷ്ണ എന്നിവയോടു തുല്യം. വിശ്വം=പ്രപഞ്ചം. നഷ്ടഭ്രാന്തൻ=മുഴുഭ്രാന്തൻ. നഷ്ടഭ്രാന്തന് എന്നതു ശിവന് എന്നതിന്റെ വിശേഷണം. മിത്ഥ്യാ............ബോധം=മിത്ഥ്യയായ പ്രപഞ്ചത്തിന്റെ ആധിപത്യമഹിമാനം. പട്ടാങ്ങ്=നിശ്ചയം. നിത്യം തേവിനാ=നിത്യവും ചെയ്യുന്നു. ശിവലിംഗാർച്ചനം=ശിവലിംഗപൂജ. ഭസ്മലേപം=ഭസ്മംപൂശൽ. അനിശം=എല്ലായ്പോഴും. അനുചിതാരംഭം=ഉചിതമല്ലാത്ത കാര്യങ്ങളുടെ ആരംഭം. അത്യന്തദോഷം=ഏറ്റവും ദോഷകരം. കണ്ണാലെ കണ്ട പ്രപഞ്ചമെല്ലാം രജ്ജുസർപ്പംപോലെയും മൃഗതൃഷ്ണപോലെയും മിത്ഥ്യയാണെങ്കിൽ പിന്നെ മുഴുഭ്രാന്തനായ ശിവന് ആ മിത്ഥ്യാപ്രപഞ്ചത്തിന്റെ ആധിപത്യമാണോ ഉള്ളത്? അതുകൊണ്ടു ശിവൻ ഇല്ല എന്നു കിട്ടി. വെറുതെയുള്ള ശിവലിംഗപൂജയും ഭസ്മപൂശലും നാശത്തിനു കാരണമാണ്. അനുചിതകാര്യാരംഭം നാശഹേതുകമാകുന്നു. വൃത്തം സ്രഗ്ദ്ധര.

൫൦. ശംഖേ=ശംഖിൽ. പൂരിച്ചു=നിറച്ചു. തോയൈഃ=വെള്ളങ്ങൾകൊണ്ട്. വിഹിതം=ചെയ്യപ്പെട്ട. ഇന്ദ്യ=ശ്രേഷ്ഠമായ. ലിംഗാർച്ചനം=ലിംഗപൂജ. പൂതം=ശുദ്ധം. ശങ്കേ=ഞാൻ സംശയിക്കുന്നു. സത്വാംഗഭാവാൽ=ജന്തുവിന്റെ അംഗമെന്ന അവസ്ഥയാൽ. തർഹി നരകപാലം=ആ മനുഷ്യന്റെ തലയോടും. വിശുദ്ധേഃ=വിശുദ്ധിക്ക്. നിദാനം=കാരണമാണ്. സംക്ഷാളം=കഴുകൽ. ഗോമയാംഭഃസ്തതിഭിഃ=ചാണകവെള്ളക്കൂട്ടങ്ങൾകൊണ്ട്. അവനിഃ=ഭൂമി. കർമ്മണാം=കർമ്മങ്ങൾക്ക്. ശുദ്ധിമൂലം=ശുദ്ധിക്കു കാരണം. സങ്കല്പം=വിചാരം. നനു=കൊള്ളാം. ജന്തോഃ മലം=ജന്തുവിന്റെ മലം. അധികവിശുദ്ധി=അധികമായ ശുദ്ധി. വിമോഹം=ഭ്രമം. ഛീ ഛീ=ഛീ ഛീ. ശംഖിൽ നിറച്ച വെള്ളംകൊണ്ട് ലിംഗാർച്ചന ചെയ്യണമെന്നാണ് വിധി. അതു ശുദ്ധമായത് ആ ജീവിയുടെ ഉടലായതിനാലായിരിക്കാം. എന്നാൽ മനുഷ്യന്റെ തലയോടും ശുദ്ധികരംതന്നെ. ഭൂമിയിൽ ചാണകവെള്ളംകൊണ്ടു കഴുകുന്നതു കർമ്മങ്ങളെ ശുദ്ധികരമാക്കാണ്! ഈ സങ്കല്പം കൊള്ളാം. ജന്തുവിന്റെ മലം അധികം ശുദ്ധികരം! ഛീ ഛീ, എന്തു ഭ്രമം! വൃത്തം സ്രഗ്ദ്ധര.

൪൯. നിശമ്യ=കേട്ടിട്ട്. മുനിനാ ഉദിതം=മുനിയാൽ പറയപ്പെട്ടതിനെ. പിഹിതകർണ്ണരന്ധ്രാഃ=ചെവിയുടെ ദ്വാരം പൊത്തിയവരായിട്ട്. തദാ=അപ്പോൾ, വിധായ=ചെയ്തിട്ട്. പുരൗകസഃ=പുരാസുരന്മാർ ശിവ ശിവ ഇതി=ശിവ ശിവ എന്ന്. സംഘോഷണം=ഉച്ചത്തിലുള്ള (വിധായ എന്നതിനോടു യോജന) കൃതാഞ്ജലിപുടാഃ=അഞ്ജലിബന്ധം ചെയ്തവരായിട്ട്. ശിവം=ശിവനെ. നിജഗദുഃ=പറഞ്ഞു. ത്രിലോകീശ്വരം=ത്രൈലോക്യസ്വാമിയായ. നിബദ്ധഹൃദയാഃ=ഹൃദയമുറപ്പിച്ചവരായിട്ട്. ഹരേ=ശിവനിൽ. സകല........ഹരം=സകലപാപസമൂഹങ്ങളെ ഹരിക്കുന്ന (ഹരവിശേഷണം) മുനി പറഞ്ഞതു കേട്ടപ്പോൾ ത്രിപുരന്മാർ ചെവികൾ പൊത്തി, ശിവ ശിവ എന്നുറക്കെ ഉച്ചരിച്ച്, കൈകൾ കൂപ്പി, സർവ്വപാപഹരനായ ശിവനിൽ ഹൃദയമുറപ്പിച്ചുംകൊണ്ടു പറഞ്ഞു. ജ.സ.ജ.സ.യ എന്നീ ഗണങ്ങളും ഒടുവിൽ ലഘുഗുരുക്കളും എട്ടിൽ യതിയുമാകയാൽ പൃഥ്വീവൃത്തം. "ജസം ജസയലങ്ങളും ഗുരുവുമെട്ടിനാൽ പൃഥ്വിയാം." എന്നു ലക്ഷണം.

൫൦. സ്വതന്ത്രം=സ്വതന്ത്രനായ (ചെയ്യാനും ചെയ്യാതിരിപ്പാനും മറിച്ചുചെയ്യാനും ശക്തനായ) ഈശം=ശിവനെ. ഭജതാം=ഭജിക്കുന്നവർക്ക്. വിധേയം=വിധേയനായ. ജഗൽപ്രഭും=ജഗത്തുകളുടെ സ്വാമിയായ. വാങ്മനസാതിഗം=വാക്കിനും മനസ്സിനും അതീതനും അവിഷയമായ. നിതാന്തരമ്യം=ഏറ്റവും രമണീയനായ. നിഗമാന്തഗമ്യം=നിഗമാന്തങ്ങളാൽ ഗമ്യൻ (ജ്ഞേയൻ) ആയ (എല്ലാം ഈശവിശേഷണം). ജാനന്തി നോ=അറിയുന്നില്ല. മന്ദധിയഃ=മന്ദബുദ്ധികൾ. മദാന്ധാഃ=മദത്താൽ അന്ധന്മാരായ. സർവ്വസ്വതന്ത്രനും ഭക്തവിധേയനും ലോകപ്രഭുവും വാക്കിനും മനസ്സിനും അഗമ്യനും അതിരമണീയനും വേദാന്തവേദ്യനുമായ ശിവനെ മദാന്ധരായ മന്ദബുദ്ധികൾ അറിയുന്നില്ല. ജ.ത.ജ. എന്ന ഗണങ്ങളും രണ്ടു ഗുരുക്കളും വന്നിരിക്കയാൽ ഉപേന്ദ്രവജ്രാവൃത്തം. "ഉപേന്ദ്രവജ്ര ജതം ജഗംഗം" എന്നു ലക്ഷണം.

൫൧. വ്യാഹാരം=വാക്യം. വിഷമം=ശരിയല്ലാത്ത. ആക്ഷ

ജ്ഞേയം=അറിയാം. മാഹാത്മ്യം=മഹാത്മത്വം. പരമശിവസ്യ=പരമശിവന്റെ. വിശ്വമൂർത്തേഃ=വിശ്വരൂപനായ. കേചിൽ=ഏതോ ചില (ശിവദ്വിഷഃ എന്നതിനോടു യോജന). കലപി=തെ (വിലാപം എന്നതിനോടു യോജന). ശിവദ്വിഷഃ=ശിവദ്വേഷികൾ. വിലാപം=പ്രലാപത്തെ. മോഹാന്ധാഃ=അജ്ഞാനത്താൽ അന്ധരായിട്ട്. വിദധതി=ചെയ്യുന്നു. തത്ര.........നഃ=അതിൽ ഞങ്ങൾക്കു ഖേദമില്ല. ഈ വചനം ശരിയല്ല. വിശ്വമൂർത്തിയായ ശിവന്റെ മാഹാത്മ്യം ആർക്കറിയാം? മദത്താൽ കണ്ണുകൾക്കു കാഴ്ചയില്ലാതെ ഏതോ ചില ശിവദ്വേഷികൾ വല്ലതും പ്രലപിക്കുന്നതിനു ഞങ്ങൾക്കു ഖേദമില്ല. മ-ന-ജ-ര എന്ന ഗണങ്ങളും ഗുരുവും മൂന്നിൽ യതിയുമാകയാൽ വൃത്തം പ്രഹർഷിണി. "ത്രിച്ഛിന്നം മനജരഗം പ്രഹർഷിണിക്ക്" എന്നു ലക്ഷണം.

൭൫. സച്ചിദ്ബ്രഹ്മസ്വരൂപാൻ=സച്ചിദ്ബ്രഹ്മംതന്നെയായവരായി, അഖില.........ധാമ്നഃ=എല്ലാ ലോകങ്ങളിലും വ്യാപിച്ച തേജസ്സോടുകൂടിയവരായി, മുനീനാം=മുനികൾക്ക്. നിശ്ചിന്താനാം=ചിന്തയില്ലാത്തവരായ (മുനീനാം എന്നതിന്റെ വിശേഷണം). അലക്ഷ്യാൻ=കാണപ്പെടുവാൻ കഴിയാത്തവരായി, ക്ഷയ.........ഹീനാൻ=മരണവും ജനനവുമില്ലാത്തവരായി. അമേയാനന്ദാൻ=ഇത്രയെന്നു പരിച്ഛേദിപ്പാൻ കഴിയാത്ത ആനന്ദത്തോടുകൂടിയവരായി. അദ്ഭുതം=ആശ്ചര്യം. നിഃശ്ശേഷ.........സാക്ഷിണഃ=സർവ്വപ്രപഞ്ചങ്ങളുടേയും സ്ഥിതി, സൃഷ്ടി, സംഹാരം എന്നിവയ്ക്കു സാക്ഷികളായി, സ്വാമിനഃ=സ്വാമികളെ. നഃ=ഞങ്ങളുടെ. സ്വച്ഛാ=നിർമ്മലയായ. വേദാന്തവാണീ=വേദാന്തവാക്ക്. കഥയതി=പറയുന്നു. മഹിമോല്ലാസം=മാഹാത്മ്യാതിശയത്തെ. ഉദ്ഘോഷയന്തീ=ഉദ്ഘോഷിക്കുന്നതായിട്ട്. നിർമ്മലയായ വേദാന്തവാക്ക്, ഞങ്ങളുടെ സ്വാമിയായ ശിവനെ, പരബ്രഹ്മസ്വരൂപനെന്നും സർവ്വലോകങ്ങളിലും നിറഞ്ഞ തേജസ്സോടുകൂടിയവനെന്നും അനന്യചിന്തന്മാരായ മുനിമാർക്കുകൂടി കാണ്മാൻ കഴിയാത്തവനെന്നും ജനമൃത്യുഹീനനെന്നും അപരിച്ഛിന്നമായ ആനന്ദമുള്ളവനെന്നും സർവ്വപ്രപഞ്ചങ്ങളുടേയും സ്ഥി

ഷ്ടിസ്ഥിതിസംഹാരങ്ങൾക്കു സാക്ഷിയെന്നും, അവിടത്തെ മാഹാത്മ്യാതിശയത്തെ വർണ്ണിച്ചുംകൊണ്ടു്, ഉൽഘോഷിക്കുന്നു. വൃത്തം സ്രഗ്ദ്ധര.

൫൩. ബൌദ്ധമുനിയുടെ വചനം:— യുഷ്മാകം=നിങ്ങളുടെ. മാർഗ്ഗം=വഴി. വിതഥം=അസത്യം. സുരാപാനം=മദ്യപാനം, നിഷിദ്ധം=നിഷേധിക്കപ്പെട്ടതു്. സൌത്രാമണ്യാം=സൌത്രാമണിയെന്ന യാഗത്തിൽ. വിധീയതേ=വിധിച്ചിരിക്കുന്നു. ബത=കഷ്ടം. നിതരാം=ഏററവും. ദേവഗുരുതല്പ്യം=ദേവഗുരുഭാര്യ, വിശേഷാൽ=വിശേഷിച്ചു്. ബന്ധം=സംബന്ധം. അതിദുരിതം=ഏററവും പാപകരം. പ്രാണിഹിംസ=പ്രാണിവധം. സമാചാരം=സദാചാരം. പശോഃ=പശുവിന്റെ (യാഗത്തിൽ ഉപാകരണം ചെയ്യപ്പെട്ട ആട്ടുമൃഗമായതിന്റെ). ആലഭനം=വധം. മഖേ=യാഗത്തിൽ. ഉന്മത്തവാക്യം=ഭ്രാന്തവചനം. നിങ്ങളുടെ വഴി ശരിയാണു്. അതു സത്യമല്ല. എന്തെന്നാൽ, സുരാപാനം എവിടെയും നിഷിദ്ധമാണു്. എന്നാൽ അതു സൌത്രാമണീയാഗത്തിൽ ചെയ്യാൻ വിധിച്ചിട്ടുണ്ടു്; വിശേഷിച്ചും അതു ദേഹശുദ്ധിക്കു സമമാവാൽ. ആലോചിക്കുന്നോരാളും അസംബന്ധമായിരിക്കുന്നു. പ്രാണിഹിംസ മഹാപാപമാണെന്നു പറയുന്നു. എന്നാൽ യാഗത്തിൽ അതു സദാചാരമാണുപോൽ. ഇങ്ങനെ വേദം ഒരു ഭ്രാന്തവചനമാണു്. വൃത്തം സ്രഗ്ദ്ധര.

൫൪. ഉക്തം=പറയപ്പെട്ടതു്. ന ഏവ അക്ഷഗമ്യഃ=അക്ഷഗമ്യൻ (ഇന്ദ്രിയങ്ങളെക്കൊണ്ടറിയപ്പെടുവാൻ കഴിയുന്നവൻ) അല്ല. നീക്ഷം=വിരോധം; പ്രത്യക്ഷത്തിനു=പ്രത്യക്ഷപ്രമാണത്തിനു, സത്യം=സത്യമായിട്ടു്. കലയത=നിങ്ങൾ ആലോചിപ്പിൻ. ശാസ്ത്രമരശയാം=ആലോചിക്കുന്ന അവസരത്തിൽ. സിദ്ധം=സിദ്ധമായ. പ്രത്യക്ഷബാധാൽ=പ്രത്യക്ഷപ്രമാണത്തിനു വിരോധം വരികയാൽ, അനധിഗമം=അസംഭവം, അന്യേഷു=അന്യപ്രമാണങ്ങളിൽ. നിർണ്ണീതം=നിർണ്ണയിക്കപ്പെട്ടതു്. അസ്തിതാ=സത്തായ്മ. ഷൾപ്രമാണങ്ങൾ=പ്രത്യക്ഷം, അനുമാനം, ഉപമാനം, ശബ്ദം, അനുപലബ്ധി, അർത്ഥാപത്തി. ഉദിതഭംഗം=ഭംഗം (ബാധം) ഉണ്ടായതു്. ശിവസ്യ=ശിവന്റെ.

പ്രസംഗേ=പ്രസംഗത്തിൽ. ശിവൻ ഇന്ദ്രിയഗ്രാഹ്യനല്ല എന്നു പറഞ്ഞതുകൊണ്ട് എല്ലാററിനും പ്രത്യക്ഷവിരോധം വന്നു. പ്രത്യക്ഷവിരോധംനിമിത്തം മററു പ്രമാണങ്ങളിലും അസംഭവം പ്രാപ്തമായി. ആകയാൽ, ശിവനെപ്പററി പറയുമ്പോൾ പ്രത്യക്ഷാദികളായ ആറു പ്രമാണങ്ങളിലും അസ്ഥിരതത്തിനു ഭംഗം വന്നു. വൃത്തം സ്രഗ്ദ്ധര.

൭൭. സ്വാതന്ത്ര്യം=സ്വാതന്ത്ര്യത്തെ. ചേൽ=എങ്കിൽ (ഉണ്ടെങ്കിൽ). നരകം=നരകത്തെ. പ്രയച്ഛേൽ=കൊടുക്കും. സഃ=ആ. യജ്വനേ=വിധിപ്രകാരം യാഗം ചെയ്യുവന്നു. കിം=ചോദ്യവാചകം. (പ്രയച്ഛേൽ എന്നതിനോടു യോജന. പ്രയച്ഛേൽ കിം=കൊടുക്കുമോ?) ഭവതാം=നിങ്ങളുടെ. അധീശഃ=ഈശ്വരൻ. ദിവം=സ്വർഗ്ഗത്തെ. മഹാപാതകിനേ=മഹാപാപിക്ക. അഥവാ=അല്ലെങ്കിൽ. തതഃ=അതിനാൽ. ശിവഃ=ശിവൻ. കർമ്മവിധേയഃ ഏവ=കർമ്മത്തിന്നധീനൻതന്നെയാണ്. ശിവൻ സ്വതന്ത്രനാണെന്നു പറഞ്ഞതും ശരിയല്ല. സ്വാതന്ത്ര്യമുണ്ടെങ്കിൽ, അദ്ദേഹം യജ്വാവായിട്ടുള്ളവന്നു നരകത്തെയോ, മഹാപാപിയായവന്നു സ്വർഗ്ഗത്തെയോ നൽകുമോ? അതിനാലദ്ദേഹം കർമ്മത്തിന്നധീനൻതന്നെയാണ്. വൃത്തം ഉപേന്ദ്രവജ്ര.

൭൮. ദൂഷണപാത്രം=പരിഹാസപാത്രം. ഇത്ഥം=ഇപ്രകാരമുള്ള. അഹോ=കഷ്ടം. ഭസ്മക..........ഭൂഷം=ഭസ്മവും തലക്കുമാലയും ഭക്ഷ്യമാകുന്ന ഭൂഷണത്തോടുകൂടിയ (വേഷത്തിന്റെ വിശേഷണം). ചിൽപ്രകൃതേഃ=ചിദ്രൂപനായ. ശിവസ്യ=ശിവന്റെ. ചര്യം=ചന്തം. ഈഷൽസ്മേരമുഖാഃ=കാരണമെന്നു പുഞ്ചിരി പൂണ്ട മുഖത്തോടുകൂടിയവരായി. ഭവന്തി=ഭവിക്കുന്നു. ബുധാഃ=ബുധന്മാർ. അന്യജനാഃ=മററു ജനങ്ങൾ. ഭസ്മവും മാലയും ജടയും ധരിച്ച ഈ വേഷം പരിഹാസപാത്രമായിരിക്കുന്നു. ചിദ്രൂപനായ ശിവന്റെ ചന്തം ഇക്കാണുന്നതുതന്നെയോ? ലോകന്മാർ സത്യമറിയാതെ ചെയ്യുന്ന പണി കാണുമ്പോൾ ബുധന്മാർ പുഞ്ചിരിയിടും. അങ്ങനെയല്ലാത്തവർ അതിനെ കൊട്ടിഘോഷിക്കും. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൩൬. സ്നാനസ്യ=കുളിക്ക്, ശക്യം=യുക്തമാണ്, മൃഗതൃഷ്ണികാംഭഃ=മൃഗതൃഷ്ണാജലം, ജപസ്യ=ജപത്തിന്ന്, സംഖ്യാ=എണ്ണം, അധികാ=അധികയാണ്, പരാർദ്ധാൽ=പരാർദ്ധത്തെക്കാൾ. ശിവാർച്ചനായാം=ശിവപൂജയിൽ. ഖപുഷ്പം=ആകാശകുസുമം. വിഹിതം=വിധിക്കപ്പെട്ടതാണ്. ശശസ്യ=മുയലിന്റെ. ശൃംഗം=കൊമ്പാണ്. ഭവതാം=നിങ്ങളുടെ. ലിംഗം=ശിവലിംഗം. കുളിപ്പാൻ മൃഗതൃഷ്ണാജലം; ജപത്തിന്റെ സംഖ്യ പരാർദ്ധത്തിലുമധികം; ശിവനെ അർച്ചിപ്പാൻ ആകാശകുസുമം; നിങ്ങളുടെ ലിംഗം ശശവിഷാണവും! ശിവൻ മൃഗതൃഷ്ണാദികളെപ്പോലെ മിഥ്യാകല്പിതനാണെന്നു സാരം. വൃത്തം ഉപേന്ദ്രവജ്ര.

൩൭. അപ്രത്യക്ഷം=പ്രത്യക്ഷമല്ലാത്ത. അരൂപം=രൂപമില്ലാത്ത. അക്രിയം=ക്രിയയില്ലാത്ത. ജന്മ..............രഹിതം=ജനനത്തോടും കലത്തോടും കൂടാത്ത. നിത്യാർത്ഥം=നിത്യവസ്തുവായ. പരതന്ത്രം=പരാധീനനായ (എല്ലാം ഈശവിശേഷണം). ഈശം=ശിവനെ. അനിശം=എല്ലായ്പോഴും. വിശ്വസ്യ=വിശ്വസിച്ച്. സേവാസക്താഃ=സേവയെ ചെയ്യുന്ന. യുഷ്മാകം=നിങ്ങളുടെ. കിം=എന്ത്? ശൗചേന=ശൗചംകൊണ്ട്. തപസാ=തപസ്സുകൊണ്ട്. ജ്ഞാനേന=ജ്ഞാനംകൊണ്ട്. ധ്യാനേന=ധ്യാനംകൊണ്ട്. കിം=എന്ത്? [illegible]=[illegible] ഫലമില്ലാതെയുമിരിക്കുന്നവയാണ്. ഖലു=തന്നെ. [illegible]=[illegible], തത്വജ്ഞാനം=പരമാർത്ഥത്തെ ത്യജിച്ചവരായ. പ്രക്രമാഃ=ആരംഭങ്ങൾ. പ്രത്യക്ഷനല്ലാത്തവനും രൂപമില്ലാത്തവനും ഒരു ക്രിയയും ചെയ്യാത്തവനും ജനനവും കാലവുമില്ലാത്തവനും പരതന്ത്രനായ ആ ഇല്ലാത്ത വസ്തുവായ ശിവനെ വിശ്വസിച്ച് സേവ ചെയ്യുന്ന നിങ്ങളുടെ ശൗചംകൊണ്ടെന്തു ഫലം? തപസ്സുകൊണ്ടെന്തു ഫലം? ജ്ഞാനംകൊണ്ടും ധ്യാനംകൊണ്ടും എന്തു ഫലം? വാസ്തവമറിയാത്തവരുടെ ആരംഭങ്ങൾ [illegible] ഫലമില്ലാതെയുമിരിക്കുന്നവയാണ്. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൩൮. ഇതി=ഇപ്രകാരം. ഗിരഃ=വാക്കിനെ. ഉപകർണ്യ=

കേട്ടിട്ട്. കർണ്ണരൂക്ഷം = കർണ്ണങ്ങൾക്ക ദുസ്സഹയായ (ഗിരം എന്നതിന്റെ വിശേഷണം). പ്രസൃ............സൌഹൃദാഃ = പ്രസരിക്കുന്ന കലിയാൽ നിഃസ്സുകോപന്മാരായി സൌഹൃദന്മാരായിട്ട്. മദന............വല്ഗും = കാമാന്തകന്റെ വിളയാട്ടത്തെക്കുറിച്ചുള്ള വർണ്ണനകൊണ്ട ശ്രേഷ്ഠമായ. പ്രതിവചനം = പ്രതിവാക്യത്തെ. ജഗദുഃ = പറഞ്ഞു. പുരസുരേന്ദ്രാഃ = ത്രിപുരന്മാർ. മേൽപ്രകാരം അസഹ്യമായ വാക്ക കേട്ടപ്പോൾ ത്രിപുരന്മാർ പെട്ടന്നു വർദ്ധിച്ച കലിയാൽ കോപം തീർന്നു ശാന്തന്മാരായിട്ട ശിവന്റെ വൈഭവത്തെ വർണ്ണിക്കുന്നതായ മറുവടി പറഞ്ഞു. പ്രഥമതൃതീയപാദങ്ങളിൽ ന.ന.ര.യ ഗണങ്ങളും, ദ്വിതീയചതുർത്ഥപാദങ്ങളിൽ ന.ജ.ജ.ര ഗണങ്ങളും ഗുരുവും വന്നിരിക്കയാൽ പുഷ്പിതാഗ്രാവൃത്തം. "നനരയ വിഷമത്തിലും സമത്തിൽ പുനരിഹ നം ജജരംഗ പുഷ്പിതാഗ്രാ" എന്നു ലക്ഷണം.

൱൦. പടുലതാ = ദോഷമില്ലാത്ത. ഐശീയശക്തികലയാ = ഈശനായ ശിവന്റെ ശക്തിയുടെ അംശത്തോട്. ശൂന്യേ = ശൂന്യമായിരിക്കുന്ന. മഹീമണ്ഡലേ = ഭൂമണ്ഡലത്തിൽ. മുഹുഃ = മുഴുക്കെ. സ്പന്ദനമാത്രം അപി = കേവലം സ്പന്ദനം (ചലനം) കൂടിയും. അസുലഭം = ദുർല്ലഭമാണ്. പാപം വിജയേ = ഞാനാക്കണമോ. അപഹ്നുതിം = അപലപനത്തെ. ഭഗവതഃ = ഭഗവാന്റെ. യുക്തിഭിഃ = ഹീനയുക്തികളെക്കൊണ്ട്. സാധിതും = സാധിപ്പാൻ. മഹേശ്വരവിഭോഃ = ശ്രീപരമശിവപ്രഭുവിന്റെ, മൂഢാഃ = മൂഢന്മാരായ. യതന്തേ = യത്നിക്കുന്നു. ജനാഃ = ജനങ്ങൾ. ശിവന്റെ ശക്തിയുടെ അംശത്തോടുകൂടാതെയായാൽ ലോകത്തിൽ സ്പന്ദനംപോലും ഉണ്ടാകുന്നതല്ല. അങ്ങനെയുള്ള ശിവന്റെ അപലപനത്തെ കുയുക്തികൾകൊണ്ട സാധിക്കുവാൻ മൂഢന്മാർ പ്രയത്നിക്കുന്നു. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൱൧. യതഃ = യാതൊരുവനിൽനിന്നു. സത്യാഃ വാചഃ = സത്യങ്ങളായ വാക്കുകൾ (വേദവാക്കുകൾ). സഹ. മനസാ = മനസ്സിനോടു. അപ്രാപ്യവിഷയാഃ = വിഷയത്തെ പ്രാപിക്കാത്തവയായിട്ട്. നിവർത്തന്തേ = മടങ്ങുന്നു. യസ്മിൻ = യാതൊരുവനിൽ. സ്ഫുരതി = പ്രകാശിക്കുന്നു. ഭുവനം = ലോകം. ദർപ്പണേ = കണ്ണാടിയിൽ. ഛായ = പ്ര

ലം. യദ്ദ്വിസ്ത്രം=യാതൊരുവന്റെ തേജസ്സുകളിൽ. അർക്ക............
ഗ്ന്യയം=സൂര്യചന്ദ്രാഗ്നികളെന്ന മൂന്നു തേജസ്സുകൾ. ഇദം=ഇത്. സ
ർവം=എല്ലാറ്റിനേയും. ചരാചരാത്മകം=ചിന്താമിരങ്ങളിന്റെ പ്രഭയെ
വഹതി=വഹിക്കുന്നു. ഹ്വയാമഃ=ഞങ്ങൾ ധ്യാനിക്കുന്നു. തം=ആ ശി
വനെ. അനഘം=നിർമ്മലനായ. ആരുടെ അനുകൂലമായ വെല്ലുവാക്കും
വേദവാക്കുകൾ കൂടിയും വിഷയത്തിലെത്താതെ മനസ്സിനോടുകൂടി
പിൻമടങ്ങുന്നു, ആരിൽ ജഗത്തു കണ്ണാടിയിലെന്നപോലെ പ്രതിബിം
ബിക്കുന്നു, യാതൊരുവന്റെ തേജസ്സുകളിൽ സൂര്യചന്ദ്രാഗ്നികളെന്ന മൂന്നു തേ
ജസ്സുകളും ചിന്താമിരങ്ങളിന്റെ പ്രഭയെ വഹിക്കുന്നു, ആ നിർമ്മലനായ
ശിവനെ ഞങ്ങൾ ധ്യാനിക്കുന്നു. യ. മ. ന. സ. ഭ. ഗണങ്ങളും ഒരു
ലഘുവും ഒരു ഗുരുവും ആറാമക്ഷരത്തിൽ യതിയുമാകയാൽ ശിഖരി
ണീവൃത്തം. "യതിക്കാറിൽത്തട്ടും യമനസഭലംഗം ശിഖരിണി" എ
ന്നു ലക്ഷണം.

൩൨. സ്രഷ്ടാ=സൃഷ്ടിച്ച്. ജഗത്=ലോകത്തെ. സകലം=മുഴു
വൻ. അംബുജയോനിമൂർത്ത്യാ=ബ്രഹ്മാവിന്റെ രൂപത്തോടുകൂടി. സ
മ്യക്=വഴിപോലെ. വിധായ=ചെയ്തിട്ട്. രക്ഷണം=രക്ഷണത്തെ. ക
രുണാകരമൂർത്തി=വിഷ്ണുരൂപനായിട്ട്. രൌദ്രം=രുദ്രനെസ്സംബന്ധിച്ച.
വപുഃ=ദേഹത്തെ. ഭുവനത്രയം=ലോകത്രയത്തിനൊടുക്കമായ (വപുസ്സിന്റെ വിശേഷ
ണം). ഇതഃ=പ്രാപ്തനായിട്ട്. സമസ്തം=സർവ്വത്തെയും, സംഹൃത്യ=സം
ഹരിച്ചിട്ട്. ഖേലതി=കളിക്കുന്നു. പരഃ പുരുഷഃ=പരമപുരുഷൻ.
അദ്വിതീയഃ=രണ്ടാമതൊരുവനോടുകൂടാത്തവൻ (ഏകൻ). കേവല
നായ പരമപുരുഷൻ ബ്രഹ്മരൂപംപൂണ്ടു ലോകത്തെ സൃഷ്ടിച്ചും, വി
ഷ്ണുവായിട്ടതിനെ രക്ഷിച്ചും, രുദ്രരൂപമവലംബിച്ചു സംഹരിച്ചും കളി
ക്കുന്നു. വൃത്തം വസന്തതിലകം.

൩൩. സഃ ദേവഃ=അദ്ദേഹമാകട്ടെ. ന=അല്ല. ദേവാസുര
മർത്ത്യതിര്യക്=ദേവനും അസുരനും മർത്ത്യനും തിര്യക്കുമായവൻ. (ന
എന്നതിനോടു യോജന). ന സ്ത്രീ=സ്ത്രീയല്ല. ന ഷണ്ഡഃ=ഷണ്ഡൻ
(നപുംസകം) അല്ല. ന പുമാൻ=പുരുഷനല്ല. ന ജന്തുഃ=ജന്തു (ജന
നവാൻ) അല്ല. ന അയം ഗുണഃ=ഇദ്ദേഹം ഗുണമല്ല. കർമ്മ=കർമ്മ
മല്ല. സൻ=ഉള്ളവനല്ല ന ച അസൻ=ഉള്ളതല്ലാത്തവനുമല്ല. നിഷേ

ധശേഷഃ=എല്ലാം നിഷേധിച്ചു കഴിഞ്ഞു ശേഷിച്ചവനായ. അശേ ഷഃ=സർവ്വരൂപൻ. ജയതാൽ=ജയിപ്പൂതാക. ശിവൻ ഒരു ദേവനോ, അസുരനോ, മനുഷ്യനോ, തിര്യഗ്ജീവിയോ അല്ല; സ്ത്രീയോ, നപുംസകമോ; പുരുഷനോ, ജന്തുവോ അല്ല; ഗുണമോ, കർമ്മമോ അല്ല; ഉള്ളവനോ, ഇല്ലാത്തവനോ അല്ല. 'അല്ല, അല്ല' എന്നിങ്ങിനെ എല്ലാം നിഷേധിച്ചതിനു ശേഷം ശേഷിക്കുന്നതെന്തോ അതാണദ്ദേഹം. സർവ്വരൂപമായ അദ്ദേഹം ജയിപ്പൂതാക. സർവ്വത്തെയുമതു അനന്തരപാദ്യത്തിൽ സ്ഥാപിക്കുന്നുണ്ട്. വൃത്തം ഉപേന്ദ്രവജ്ര.

൬൮. ഭൂതാനി ശംഭുഃ=ഭൂതങ്ങളും ശിവനാണ്. ഭുവനാനി ശംഭുഃ=ഭുവനങ്ങളും ശിവനാണ്. വനാനി ശംഭുഃ=വനങ്ങളും ശിവനാണ്. ഗിരയഃ ശംഭുഃ=പർവ്വതങ്ങളും ശിവനാണ്. സ ഏവ സർവ്വം=അദ്ദേഹം തന്നെയാണു എല്ലാം. ന യതഃ അതിരിക്തഃ=അദ്ദേഹത്തിൽ നിന്നു അതിരിക്തമായിട്ടൊന്നുമില്ല. യതഃ=എന്തിനാൽ. സഃ ഏകഃ=അദ്ദേഹം ഏകനാണ്. പരമാർത്ഥം ഏതൽ=പരമാർത്ഥം ഇതാണ്. സമം സ്പഷ്ടം. വൃത്തം ഉപേന്ദ്രവജ്ര.

൬൯. ശിവപ്രസാദതോ=ശിവപ്രസാദത്താൽ. വിനാ=കൂടാതെ. നം=ഇല്ല. കൃതയഃ=കൃതികളും. ധൃതയഃ=ധൃതികളും. യതഃ=യാതൊന്നു ഹേതുവായിട്ടു (എന്തുകാരണത്താൽ) സ്വയം=താൻ. ശിവഃ=ശിവനാകുന്നു. ശിവപ്രസാദഃ ഇ=ശിവന്റെ പ്രസാദമാകട്ടെ. ശിവപ്രസാദതഃ=ശിവപ്രസാദത്താൽ ഭവിക്കുന്നു. ശിവന്റെ പ്രസാദമില്ലാതെ ഭോഗമോക്ഷങ്ങൾ കിട്ടുകയില്ല; ശിവപ്രസാദമുണ്ടെങ്കിൽ താൻ ശിവൻതന്നെയാകയും ചെയ്യും. എന്നാൽ ശിവന്റെ പ്രസാദം ശിവപ്രസാദംകൊണ്ടു മാത്രമേ ലഭിക്കയുള്ളു. ജ. ത. ജ. ര. ഗണങ്ങളാകയാൽ വംശസ്ഥവൃത്തം "ജതങ്ങൾ വംശസ്ഥമതാം ജരങ്ങളും" എന്നു ലക്ഷണം.

൭൦. ഇദ്ധ്യഃ ലക്ഷീകരിപ്പവാൻ അശക്യം. യമനിയമാദിയോഗങ്ങളെക്കൊണ്ട്. അയം ഏവ ശംഭുഃ=ഈ ശിവൻ തന്നെ, ലക്ഷ്യഃ=ലക്ഷിക്കപ്പെടാവുന്നവനും. മനോഭിഃ അഖിലൈഃ=മനസ്സുകളെക്കൊണ്ടു കഴിവനും. തഥാ ഏവ=അപ്രകാരം തന്നെ, അപ്ര്യഃ=അപി

ക്കപ്പെടുവാൻ യോഗ്യനും. മന്ത്രൈഃ അഭിധൈഃ=മന്ത്രങ്ങളെക്കൊണ്ടെല്ലാം. വിശിഷ്ടൈഃ=വിശിഷ്ടങ്ങളായ (മന്ത്രവിശേഷണം). ദൃശ്യഃ ച=തിരയപ്പെടുവാൻ യോഗ്യനും. ദേവൈഃ=ദേവന്മാരാൽ. വിധിവിഷ്ണുപൂർവ്വൈഃ=ബ്രഹ്മവിഷ്ണുപ്രഭൃതികളായ. യാഗങ്ങളെക്കൊണ്ടു യജിക്കേണ്ടതും, ദാനങ്ങളെക്കൊണ്ടു പൂജിക്കേണ്ടതും, മന്ത്രങ്ങളെക്കൊണ്ടു ജപിക്കേണ്ടതും, ബ്രഹ്മാദി ദേവന്മാർക്കു തിരയേണ്ടതും ശിവൻ തന്നെ. വൃത്തം ഉപേന്ദ്രവജ്ര.

൬൩. മംഗലപാതകിദേവാഭ്യാതം=മംഗലരൂപനായ ശിവന്റെ പ്രകാശം. കാര്യം=കാരിക്കേണ്ടതു്. കശ്ചല=നിത്യം. ശിവം=മംഗളം (വ്യാക്ഷേപകം). പരതന്ത്രഃ=സ്വതന്ത്രനല്ലാത്തവൻ. സ്വതന്ത്രഃ=സ്വതന്ത്രനായവൻ. അഥവാ=അല്ലെങ്കിൽ. ചെന്നൊവും ശക്തി=നല്ലതായ ശക്തി. ശേഷശക്ത്യാ=വിശേഷശക്തികൊണ്ടു്. ത്രികാലം=മുക്കണ്ണൻ. അഭിനൂതഃ. ശിവന്റെ തേജസ്സ് കണ്ടനാണെങ്കിലാകട്ടെ ഇല്ലെങ്കിലാകട്ടെ, നല്ലതാണെങ്കിലാകട്ടെ ചീത്തയാണെങ്കിലാകട്ടെ, ശിവൻ പരതന്ത്രനാണെങ്കിലാകട്ടെ, സ്വതന്ത്രനാണെങ്കിലാകട്ടെ, മറ്റൊരുത്തർ ശക്തിപൂർവ്വം സ്തുതിക്കുന്നവനെങ്കിലാകട്ടെ, ദ്വേഷപൂർവ്വം നിന്ദിക്കുന്നവനെങ്കിലാകട്ടെ, ഈ ഞങ്ങൾ മുക്കണ്ണനായ ശിവനെ ഒഴിച്ചു് മറ്റൊരു കാരണത്തെപ്പോലും ചിന്തിക്കുന്നില്ല. വൃത്തം സ്രഗ്ധര.

൬൪. പാദ.........ശാന്തിരാജ്യം=കഠിനമായ ദുഃഖങ്ങളുടെ ശമം കേൾക്കുകയെന്ന ഉദ്ദേശത്തിന്റെ ശാന്തിക്കുവേണ്ടി. പദ.........നാമാനി=ശിവനാമങ്ങളോടു. ഉച്ചൈഃ=ഉറക്കെ. ഉച്ചരന്തഃ=ഉച്ചരിക്കുന്നവരായി, മനസി.........കർമ്മണി=മനസ്സിലും വാക്കിലും കായത്തിലും കർമ്മത്തിലും. ബ്രഹ്മ=ബ്രഹ്മമായ. സത്യം=സത്യമായ (ബ്രഹ്മവിശേഷണം). ചിന്തയം=ചിന്തനാന്തം. നിയതാഃ=യതിക്കുന്നവരായിട്ടു. സംസ്ഥിതം=ഒന്നുപ്രകാരവും. ആശ്രമം=ലഭിക്കുന്നു. ദുഃഖങ്ങളുടെ നാശത്തെ കേൾക്കുകയെന്ന ഉദ്ദേശ്യം നശിപ്പാൻ ശിവനാമങ്ങളെ ഉറക്കെ ജപിച്ചും മനോവാക്കായകർമ്മങ്ങളിൽ ഒരു സത്യബ്രഹ്മത്തെ ധ്യാനം ചെയ്തും ഞങ്ങൾ വസിക്കുന്നു.

ന. ന. മ. യ. യ. ഗണങ്ങളും എട്ടിൽ യതിയുമാകയാൽ മാലിനീവൃത്തം. “നനമയയുഗമെട്ടിൽ തട്ടണം മാലിനിക്ക്” എന്നു ലക്ഷണം.

൯. കെല്പുറം=ശക്തിയേറുന്ന. വ്യവസായം=നിശ്ചയത്തെ. അദ്ഭുതതരം=അത്യദ്ഭുതമായ (വ്യവസായവിശേഷണം). തേഷാം=അവരുടെ. അസൌ=ഇവൻ (ബുദ്ധമുനി). വിസ്മിതഃ=വിസ്മയിച്ചവനായിട്ടു. വചനം=വാക്കിനെ. ജഗാദ=പറഞ്ഞു. ഭഗവാൻ=ഭഗവാനായ (അസൌ എന്നതിന്റെ വിശേഷണം). ധ്യാത്വാ=ധ്യാനിച്ചിട്ട്. മുഹൂർത്താന്തരം=മുഹൂർത്തനേരം. യുഷ്മാകം=നിങ്ങൾക്ക. പരമേശ്വരഃ=ശിവങ്കൽ, പരം=ഏററവും. ആസ്മാകം=നമ്മെ സംബന്ധിച്ച. സിദ്ധാന്തഃ=നിശ്ചയം. സത്യമഹിമാ=സത്യത്തിന്റെ മാഹാത്മ്യം. സദ്യഃ=വേഗം, പരീക്ഷാസ്പദം=പരീക്ഷാവിഷയമാണ്. അവരുടെ അദ്ഭുതമായ ആ ദൃഢനിശ്ചയം കേട്ടപ്പോൾ ആശ്ചര്യപ്പെട്ട് അല്പനേരം ആലോചിച്ചിട്ടു ബുദ്ധമുനി പറഞ്ഞു. നിങ്ങൾക്ക ശിവങ്കലുള്ള അതിഭക്തിയുടെയും ഞങ്ങളുടെ സിദ്ധാന്തത്തിന്റെയും സത്യാവസ്ഥ ഇപ്പോൾതന്നെ പരീക്ഷിക്കേണ്ടതാണ്. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൧൦. സത്യതാ=പരമാർത്ഥ്യം. വേദവാക്യം=വേദവചനം, ശിവമാഹാത്മ്യാവസ്ഥ്=ശിവന്റെ മാഹാത്മ്യാതിശയം. ഭ്രമം=തെറ്റിദ്ധാരണ, മമ........ബലേന=എന്റെ ശാസ്ത്രത്തിന്റെ ബലംകൊണ്ട്. അപാകൃത്യാമി=ഞാൻ കളയുന്നുണ്ട്. ദൂരം=അകലെ. ഇത്ഥം=ഇങ്ങനെ പറഞ്ഞിട്ട്. വിശേഷജ്ഞഃ=വിശേഷജ്ഞനായ. സൌഗതൻ=ബുദ്ധൻ. അതിവിതതം=ഏററവും വിസ്തൃതമുള്ള (ഭേദധിയ്ക്കു വിശേഷണം). മായയാ=മായകൊണ്ട്. പ്രച്ഛാദ്യ=മറച്ചിട്ട്. അശേഷം=മുഴുവൻ. ശിവമഹസാ=ശിവതേജസ്സുകൊണ്ട്. യൂയം=നിങ്ങൾ. അവാദീൽ=പറഞ്ഞു. വേദവാക്യത്തിനും ശിവമാഹാത്മ്യത്തിനും സത്യതയുണ്ടെന്നുള്ള നിങ്ങളുടെ ഭ്രമം ഞാനെന്റെ ശാസ്ത്രത്തിന്റെ ബലത്താൽ അകററുന്നുണ്ട്. വിശേഷജ്ഞനായ ബുദ്ധമുനി മേൽപ്രകാരം പറഞ്ഞ് അതിവിപുലമായ ആ അന്ധകാരത്തെ മായകൊണ്ട് മറച്ചിട്ട് “ഇതിനെ നിങ്ങൾ ശിവതേജസ്സുകൊണ്ട് ഉണ്ടാക്കുക” എന്നു പറഞ്ഞു. വൃത്തം സ്രഗ്ദ്ധര.

൬൧. അഥ=അനന്തരം. തേ=ആ (പുരവിശേഷണം) ബൌദ്ധ ........ബുദ്ധയഃ=ബൌദ്ധസിദ്ധാന്തംനിമിത്തം സത്യത്തിൽനിന്നു വ്യത്യാസപ്പെട്ട ബുദ്ധിയോടുകൂടിയവരായിട്ട്. അനീശ്വരം=ഈശ്വരനില്ലാത്തതായിട്ട്. ബുബുധിരേ=ബോധിച്ചു. ഭുവനം=ലോകത്തെ. പുരജനാഃ=പുരവാസികൾ. പിന്നെ ആ പുരവാസികൾ, ബൌദ്ധസിദ്ധാന്തംകാരണം സത്യത്തിൽനിന്നു തെറ്റി ബുദ്ധി മാറി, ലോകത്തിൽ ഈശ്വരൻ ഇല്ലെന്നു വിചാരിച്ചു. വിഷമപാദങ്ങളിൽ ആദ്യാക്ഷരം കഴിഞ്ഞുള്ള മൂന്നക്ഷരം ന-സ-ഗണങ്ങളും സമപാദങ്ങളിൽ ആ മൂന്നക്ഷരം ന, സ, ര. ഗണങ്ങളുമാകാതെയും, സമപാദങ്ങളിൽ നാലാമക്ഷരത്തിനുമേൽ മൂന്നക്ഷരം ജഗണവും വിഷമപാദങ്ങളിൽ ആ സ്ഥാനത്തു ജ. സ. ഗണങ്ങളൊഴികെ മറ്റു ഗണവുമായുമിരിക്കയാൽ വൃത്തം അനുഷ്ടുപ്.

൬൨. ഇഷ്ട്യാ=സന്തോഷത്തോടുകൂടി. മംഗലനിധിം=മംഗളങ്ങൾക്കിരിപ്പിടമായ. ബുദ്ധശാപം=ബുദ്ധമുനിയെ. വഞ്ചിതാഃ=വഞ്ചിതന്മാരായി. കഷ്ട.........കലയാ=കഷ്ടമായും അളീക (മിഥ്യ) യുമായ ശിവപ്രതീതി (ശിവൻ ഉണ്ട് എന്ന തോന്നൽ) യുടെ കലകൊണ്ട്. സർവ്വം=എല്ലാം. ഏഷാം-ഇവരുടെ. മാർഗ്ഗം-വഴി. ശരണം=രക്ഷാകരം. അഞ്ജസാ=പെട്ടന്നു. ശിഷ്ടാവാപ്യം=ശാസ്ത്രത്താൽ ലഭിക്കപ്പെടാവുന്നതായ. അത്യാസിഷുഃ=ഉപേക്ഷിച്ചു. തത്=ആ. അഖിലം=മുഴുവൻ. നിസ്സംശയം=(ക്രി. വി ) ശങ്കകൂടാതെ. ഈശശാസനം=ശിവശാസനം. ത്രിപുരന്മാർ ആഹ്ലാദിച്ചു ചെന്നു ബുദ്ധമുനിയെ വണങ്ങി, "ഞങ്ങൾ വെറും മിഥ്യയായ ശിവന്റെ പേരിലുള്ള വിശ്വാസത്താൽ വഞ്ചിതരായി, അങ്ങു ക്ഷമിക്കണം. നിശ്ചയമായും അങ്ങയുടെ മാർഗ്ഗംതന്നെയാണു ഞങ്ങൾക്കു ശരണം" എന്നു പറഞ്ഞ്, ശാസ്ത്രത്താൽ മാത്രം ലഭിക്കാവുന്ന ശിവവിധാനമെല്ലാം ഉപേക്ഷിച്ചു. വൃത്തം ശാർദ്ദൂലവിക്രീഡിതം.

൬൩. തൽക്ഷണേ=തത്സമയത്തു. സുഗതനായകനാൽ=ബുദ്ധമുനിയാൽ. നിഭൃതം=ഗൂഢമായി (ക്രി. വി.) അകഥി...........ചോദിതഃ=ഹോത്രസംജ്ഞകൻ പ്രേരിതനായ. മുഖ്യർഷിമുനി-മഹർഷി

ദേവർഷി (നാരദൻ). രഭസം=വേഗം. അവരോധസദനി=അന്തഃപുരഗൃഹത്തിൽ. കഥാകനാഃ=കഥാശ്രയനായ. വൃത്തം=വൃത്താന്തം. ധർമ്മം=ശിവധർമ്മമെന്നർത്ഥം. അസുരയോഷിതാം=അസുരസ്ത്രീകളുടെ ബുദ്ധവേഷം=ബുദ്ധന്റെ വേഷം. അചിരാൽ=വേഗത്തിൽ. നിരഗാൽ=നിർഗ്ഗമിച്ചു. താപസഃ=മുനി. കലഹകൌതുകീ=കലഹത്തിൽ കൌതുകമുള്ള (ദേവമുനിയുടെ വിശേഷണം). തൽക്ഷണം ബുദ്ധമുനി കണ്ണുകൊണ്ടു സംജ്ഞ കാണിച്ചപ്രകാരം കലഹപ്രിയനായ നാരദമുനി ത്രിപുരന്മാരുടെ അന്തഃപുരത്തിൽ ചെന്നു വൃത്താന്തമെല്ലാമറിയിച്ചു അസുരസ്ത്രീകളനുഷ്ഠിച്ചു വന്നിരുന്ന ധർമ്മമെല്ലാം കളയിച്ചു തിരിച്ചുപോയി. വൃത്തം കുസുമമഞ്ജരി. ര. ന. ര. ന. ര. ന. ര. എന്ന ഗണങ്ങൾ വരികയാൽ കുസുമമഞ്ജരീവൃത്തം "രം നരം നരനരം നിരന്നു വരികെന്നിലോ കുസുമമഞ്ജരി" എന്നു ലക്ഷണം.

൯൭. ഉദ്ധ............ലികാഃ=ഉണ്ടായ സംഭ്രമവും കൌതുകവും കാരണം വേഗംകൂടിയ ഗമനത്തിന്റെ വ്യാപ്തികൊണ്ടു ഇളകിയ ജടികളണിയപ്പെട്ടവയോടുകൂടിയ. മുനി=നാരദമുനി. ജവാൽ=വേഗത്തിൽ. ഉപേത്യ=ചെന്നിട്ട്. രജതാചലം=വെള്ളിക്കുന്നിനെ (കൈലാസത്തെ). ത്രിഭുവനൈകനാഥം=ത്രൈലോക്യത്തിന്റെ ഏകനാഥനെ (ശിവനെ) അഭിവന്ദ്യ=വന്ദിച്ചിട്ട്. ദൃപ്യ............വിശേഷം=ദൃപ്തന്മാരായ പുരാസുരന്മാരുടെ പ്രൌഢമായ ധിക്കാരത്തിന്റെ കഥാവിശേഷം. അനുസഥം=ഉടനെ. അശേഷം=മുഴുവനും. ഉടൻതന്നെ നാരദമുനി, സംഭ്രമവും കൌതുകവും കാരണം ഗതിവേഗം കൂടുകയാൽ കമ്പിച്ചുള്ള ജടികളോടുകൂടി കൈലാസത്തിൽചെന്നു ശിവനെ വന്ദിച്ചു ഗർവിതന്മാരായ ത്രിപുരന്മാർ ചെയ്തുവരുന്ന ധിക്കാരത്തിന്റെ വിവരം മുഴുവൻ ഉണർത്തിച്ചു. വൃത്തം കുസുമമഞ്ജരി.

൯൮. പാർവ്വതീവല്ലഭ=പാർവ്വതീകാന്താ! പരമ=സർവ്വോൽകൃഷ്ട! വിഭോ=ശക്തനായ! താവകാഃ=അങ്ങയെ സംബന്ധിച്ചവരായ. ദൈത്യവീരാഃ=അസുരവീരന്മാർ. [illegible]. ഭവന്തം=അങ്ങയെ. ത്രിപുരവസതയഃ=ത്രിപുരങ്ങളിൽ വസിക്കുന്നവരായ (ദൈത്യവീരാഃ എന്നതിന്റെ വിശേഷണം) ദൂരം=അകലെ. ഉ

അസ്പൃശ്യം=ഉപേക്ഷിച്ചിട്ട്. സാക്ഷാൽ=പ്രകാശമായിട്ട്. പാഷണ്ഡമാൎഗ്ഗം=നാസ്തികമാൎഗ്ഗത്തെ. ധൃതകൗതുകം=ഉണ്ടായ കൌതുകത്തോടെ (ക്രി. വി.) ഉന്മഥിതാഃ=പ്രാപ്തന്മാരായിട്ട്. ശൈവമുദ്രാം=ശിവചിഹ്നത്തെ. ആക്ഷിപ്യ=വലിച്ചെറിഞ്ഞ്. ക്ഷുദ്രബുദ്ധാങ്കനം=ക്ഷുദ്രമായ ബുദ്ധചിഹ്നത്തെ. ഉദ്യതാഃ=അലങ്കാരികളായി. ബുദ്ധവേഷാഃ=ബുദ്ധവേഷന്മാരായി ഭവിച്ചു. ഇവിടത്തെ ആളുകളായ ത്രിപുരന്മാർ ഇവിടത്തെ വിട്ട് നാസ്തികമാൎഗ്ഗം സ്വീകരിച്ച് ശിവചിഹ്നം വെടിഞ്ഞു ബുദ്ധമുദ്രയും ധരിച്ച് ബൌദ്ധവേഷം ധരിച്ചിരിക്കുന്നു. വൃത്തം സ്രഗ്ദ്ധരാ.

൬൩. ജടാഃ=ജടകളെ. ലുനീഹി=ലവനം ചെയ്യു (ഛേദിക്കുക) അക്ഷമാലികാഃ=രുദ്രാക്ഷമാലകളെ. ക്ഷപയ=കളയുക. ക്ഷണേന=ക്ഷണത്തിൽ. ചൂൎണ്ണീകുരു=ചൂൎണ്ണീകരിക്കുക. ലിംഗം=ശിവലിംഗത്തെ. ഉത്തമം=ഉത്തമമായ (ലിംഗവിശേഷണം) കിമിവ ചക്രേ=എന്തൊന്നിനെ ഇവിടെ ചെയ്തില്ല (എല്ലാം ചെയ്തു). പുരാസുരത്രയം=പുരാസുരന്മാർ മൂവർ. പ്രസാദം=പ്രസാദത്തെ. ഉച്ചൈഃ=ഉന്നതമായ. അവധീൎയ്യ=ധിക്കരിച്ചിട്ട്. താവകം=അങ്ങയെ സംബന്ധിച്ച (പ്രസാദവിശേഷണം). പുരാസുരന്മാർ മൂവരും അങ്ങയുടെ പ്രസാദത്തെ ഉച്ചം ധിക്കരിച്ചിട്ട് ജടകൾ അറുക്കുക, രുദ്രാക്ഷമാലകൾ പൊട്ടിച്ചുകളക, ശിവലിംഗത്തെ പൊടിക്കുക എന്നിങ്ങനെ എന്തെന്തു കൃത്യങ്ങൾ ചെയ്തില്ല? എല്ലാം ചെയ്തുവെന്നു ഭാവം. ലുനീഹി, ക്ഷപയ, ചൂൎണ്ണീകുരു എന്ന ലോട്ട് മദ്ധ്യമപുരുഷൈകവചനക്രിയാപദങ്ങൾ കാലസാമാന്യത്തിൽ ക്രിയാസമഭിഹാരത്തിൽ ചക്രേ എന്നതിനോടു ചേൎന്നായിരിക്കുന്നു. വൃത്തം വംശസ്ഥം.

൬൪. ശ്രുത്വാ=കേട്ടിട്ട്. ശ്രീനാരദോക്ത്യാ=നാരദന്റെ വചനത്താൽ. പുരദഹനകൃതം=പുരദഹനേശ്വരനാൽ ചെയ്യപ്പെട്ട. ന്യക്കൃതിം=ധിക്കാരത്തെ, മൈത്രം............ചേതാഃ=വൎദ്ധിക്കുന്ന കോപത്താൽ അന്ധമായ (ബോധമില്ലാത്ത) മനസ്സോടുകൂടിയവനായി. ക്വനു=എവിടെ, അതിബലാഃ=ഏറ്റവും ബലവാന്മാർ (ദുഷ്ടാഭിമാനികൾ) ആയ. ഭവാവജ്ഞാഃ=അവധൂതന്മാർ. ഉത്ഥാ

യ=എഴുനീററ്. ദംഷ്ട്ര...............വക്ത്രഃ=ദംഷ്ട്രാധരപുടമായും വികടയായ ഭ്രുകുടി (ഭ്രൂഭംഗം)കൊണ്ടു ഭീമമായുമിരിക്കുന്ന മുഖത്തോടുകൂടിയവനായി, സദ്യഃ=വേഗത്തിൽ, ദൈത്യാൻ=അസുരന്മാരെ, നിഹന്തും=കൊല്ലുവാൻ. പ്രകടിതമഹിമാ=പ്രകടിതമായ മഹിമാവിനോടുകൂടിയവനായിട്ടു. സമ്പ്രതസ്ഥേ=പുറപ്പെട്ടു. പിനാകീ=ശിവൻ. നാരദൻ പറഞ്ഞു ത്രിപുരന്മാർ ചെയ്തു ധിക്കാരം കേട്ടപ്പോൾ, പിനാകി കോപത്താൽ മനസ്സു ക്ഷുഭിച്ച്, "എവിടെ ആ ഖലന്മാരായ രാക്ഷസാധമന്മാർ" എന്നു ചോദിച്ചുംകൊണ്ടെഴുനീററു, ചുണ്ടുകടിച്ചു പുരികം വളച്ചു, മുഖം കണ്ടാൽ ഭയം തോന്നുംവിധത്തിലായിത്തീർന്നിട്ടു ത്രിപുരന്മാരെ വധിപ്പാനായി പുറപ്പെട്ടു. വൃത്തം സ്രഗ്ദ്ധര.

ശ്ലോകം ൪. വിശ്വാധീശൻ=ലോകേശ്വരൻ. തല്ക്കേശിനം=തലയുടെ മുടിയിൽ കേറിയ (തലമുടി പിടിച്ചു) കോപാവേശാൽ=കോപത്തിന്റെ ആവേശത്താൽ. തൽപുരം=ത്രിപുരങ്ങളെ. അത്ഭുതകഥവി=ആശ്ചര്യാതിശയം. പുകഴ്ത്തിടാമോ=പുകഴ്ത്തുവാൻ സാധിക്കുമോ? (സാധിക്കയില്ലെന്നർത്ഥം). കനകമഹാഗിരി=സ്വർണ്ണപർവ്വതം (മഹാമേരു). ഭുജഗവരൻ=സർപ്പശ്രേഷ്ഠൻ (വാസുകി). ചാപത=ഞാണാകതും. മരുതപക്ഷം=വായുവാകുന്ന തൂവൽ (ശരങ്ങളിൽ വേഗാധിക്യത്തിനുവേണ്ടി വച്ചുകെട്ടുന്ന തൂവൽ). സഫലം=ഫലയോടുകൂടി. ദഹനം=അഗ്നിയെ. മഹാശര=മഹാശയനായ. നാരായണൻ=വിഷ്ണു. നാരാചാകൃതി=അസ്ത്രത്തിന്റെ ആകൃതി. അഗ്രേ=മുമ്പിൽ. കാമരാതി=ശിവൻ. സമക്ഷം=പ്രത്യക്ഷമായിട്ടു. വീക്ഷാമാസേ=കാണപ്പെട്ടു. തദനു=അതിനുശേഷം, ജഗ.........വേഷഃ=മൂന്നു ലോകത്തിനും ഭയം തോന്നിക്കുന്ന വേഷത്തോടുകൂടിയവനായി, ദൃഢതരകല്പിതപരികരബന്ധഃ=ഉറപ്പോടുകൂടി പരികരം ബന്ധിച്ചവനായി, തുംഗസ്യന്ദനം=ഉന്നതമായ രഥത്തെ. അലങ്കുർവ്വാണഃ=അലങ്കരിക്കുന്നവനായി, സജ്യ.........ബാണഃ=ഞാണേററിയ വില്ലിൽ ശരം തൊടുത്തവനായി, ബൃംഹിത..........................കരാല=ബൃംഹിതരമസമായ (വർദ്ധിച്ച ബലപ്പാരത്തോടുകൂടിയ). വിശൃംഖലചംക്രമം (തടവില്ലാത്ത യാത്ര) കൊണ്ടുള്ള സംഭ്രമത്താൽ കമ്പിതമായ (വിറച്ച) ഭുവഷ്കമയം. ശ്രുതമതര.........ഭീഷണഃ=അതിഭയങ്കരമായ കണ്ണു

കളുടെ പാതത്തിൽനിന്നു പുറപ്പെടുന്ന അലാതകലാപം (തീപ്പന്തം) കൊണ്ടു ദിഗന്തങ്ങളെ ജ്വലിപ്പിക്കുന്നവനായി, തൽക്ഷണ......... ഹർഷം (ക്രി. വി.)=തൽക്ഷണം ഉണ്ടായ കൌതുകത്തോടും ഹർഷത്തോടുംകൂടി. കൌസുമവർഷം=പുഷ്പവൃഷ്ടി. ദിവ്യജനാനാം=ദിവ്യജനങ്ങളുടെ. ഭവ്യതരോക്തീഃ=ശുഭതരങ്ങളായ വചനങ്ങളെ (സ്തുതിവാക്യങ്ങളെ). ശ്രാവംശ്രാവം=കേട്ടുകേട്ട്. ത്രിപുരാ.........ധിക്കൃതിം=ത്രിപുരന്മാർ ചെയ്ത ധിക്കാരത്തെ. ഉരുതരം=വലുതായ (ധിക്കൃതിവിശേഷണം). സ്മാരം സ്മാരം=സ്മരിച്ചു സ്മരിച്ച്. തദ്ഗതകദനാം=അവരിലുള്ള ദയയെ. ഹാരം ഹാരം=ഹരിച്ചു ഹരിച്ച്. കോപവികാരം=കോപവികാരത്തെ. കാരം കാരം=ചെയ്തു ചെയ്ത്. (ശ്രാവം ശ്രാവം, സ്മാരം സ്മാരം, ഹാരം ഹാരം, കാരം കാരം ഇവ ആഭീക്ഷ്ണ്യാർത്ഥത്തിൽ ണമുലന്തങ്ങൾ). ത്രിഭുവനചക്രം=മൂന്നു ലോകങ്ങൾ. ക്രുദ്ധഃ=ക്രുദ്ധൻ. വിദ്യുച്ഛടാഭിഃ=വിദ്യുച്ഛടയോടും, അട്ടഹാ......വദനഃ=അട്ടഹാസത്തിന്റെ ധ്വനികൊണ്ടു ഭയങ്കരമായ മുഖത്തോടുകൂടിയവനായി, ചമൂ.........കുലം=ചമൂരംഗങ്ങളാൽ (ആന തേർ കാലാൾ കുതിരകളാൽ) ഉദ്ധതമായ സൈന്യകലാപത്തോടുകൂടിയതും, ഉച്ഛ്രിതകേതനം=ഉയർത്തപ്പെട്ട കൊടികളോടുകൂടിയതും, ഉച്ചനികേതനം=ഉന്നതങ്ങളായ ഗൃഹങ്ങളോടു കൂടിയതുമായ. ഉഗ്ര...... വർഗ്ഗം=ഉഗ്രന്മാരായ ദൈത്യേന്ദ്രന്മാരുടെ ത്രിപുരത്തെ. അഗ്രേ=മുമ്പിൽ. ലക്ഷീകുർവൻ=ലക്ഷ്യമാക്കിച്ചെയ്യുന്നവനായി, അക്ഷീണാഹങ്കാരികാന്തം=അക്ഷീണമായ ഗർവ്വോടു (തേജസ്സോടു)കൂടിയവനായി, സംഹൃതിരൂപീ=സംഹാരരൂപനായിട്ട്. കപാലീ=ശിവൻ. ജഗദീശ്വരനായ ശിവൻ ചെയ്യിൽ കയറിയ ക്രോധത്തോടുകൂടി ത്രിപുരദഹനം ചെയ്യാനൊരുങ്ങിയ സമയമാണ് അത്ഭുതാതിരേകം വർദ്ധിച്ചായത്. മഹാമേരു വില്ലായി, വാസുകി ഞാണായി, ഭൂമിദേവി തേരായി, സൂര്യചന്ദ്രന്മാർ തേർച്ചക്രങ്ങളായി, ചതുർവ്വേദങ്ങൾ കുതിരകളായി. ശ്രീനാരായണൻ വായുവിനെ തൂവലായിക്കെട്ടിയതും അഗ്നിയെ അഗ്രമാക്കിയതുമായ ശരവ്യമായതിന് ശിവന്റെ വലംതൃക്കയ്യിൽ കാണപ്പെട്ടു. അപ്പോൾ ഭഗവാൻ ത്രൈലോക്യഭയങ്കരമായ വേഷം പൂണ്ട്, ഞാറാവും ഉച്ചിൽ പരികരം ബന്ധിച്ച്, ഉന്നത

മായ തേരിൽ കയറി, കലവില്ലിൽ ശരം തൊടുത്ത്, ബദ്ധപ്പെട്ടുള്ള നടത്തത്താൽ കിടന്നു കലുങ്ങുന്ന ഭുവനകടാഹം ഉതിർക്കുമാറു ചെന്തീക്കനൽ ചിതറുന്ന കണ്ണുകൾകൊണ്ടു നേരെയോട്ടു പുറപ്പെട്ട തീജ്വാലാമാലകളാൽ ദിക്കുകളെ ജ്വലിപ്പിച്ചുകൊണ്ടും, പെട്ടെന്നെത്തിയ വർഷാഭ്രങ്ങളോടുകൂടി പുഷ്പവൃഷ്ടി ചെയ്തു സ്തുതിക്കുന്ന ദിവ്യജനങ്ങളുടെ സ്തുതികളെ കേട്ടുകൊണ്ടും, ത്രിപുരന്മാർ ചെയ്ത വലിയ ധിക്കാരത്തെ ഓർത്തുകൊണ്ടും, അവരിലുള്ള ദയയെ വെടിഞ്ഞുകൊണ്ടും, ക്രോധവികാരത്തെ പ്രകടിപ്പിച്ചുകൊണ്ടും, ലോകം മൂന്നും കിടുകിടെ വിറയ്ക്കുമാറു വളർന്നുയർന്ന അട്ടഹാസങ്ങളാൽ ഭീഷണമായ മുഖം കലർന്നു, ചതുരംഗസേനകളിൽനിന്നു കോലാഹലം പുറപ്പെടുന്നതും കൊടികൾ ഉയർന്നതും ഉന്നതഗൃഹങ്ങളോടുകൂടിയതുമായി മുമ്പിൽ നില്ക്കുന്ന ത്രിപുരന്മാരുടെ പുരത്തെ ലാക്കാക്കിക്കൊണ്ടും, അതിപ്രവൃദ്ധമായ തേജസ്സോടുകൂടി സംഹാരരുദ്രരൂപനായിട്ടു നിലകൊണ്ടു.

൯൮. പ്രക്ഷോഭം = പ്രക്ഷോഭത്തെ. വിശ്വചക്രപ്രമഥനം = ലോകചക്രത്തെ മഥനം ചെയ്യുന്നതായ (പ്രക്ഷോഭവിശേഷണം) ഉഗ്രാടോപാൽ = ഉഗ്രമായ ആടോപത്താൽ. മനുജപതിവ്യൂഢാൻ = മനുഷ്യവരന്മാരെ. വീക്ഷ്യ = കണ്ടിട്ട്. പാഷണ്ഡവേഷാൻ = നാസ്തികന്മാരുടെ വേഷത്തോടുകൂടിയ (മനുജപതിവ്യൂഢാൻ എന്നതിന്റെ വിശേഷണം). തികതിലപിടിപെട്ട് = ബദ്ധിച്ച്. അധിജ്യബാണാരി = കരിവൈരി ആകൃഷ്യ = വലിച്ചിട്ട്, നിടിലശിഖീ = നെറ്റിക്കണ്ണ്. ഉത്ഥിതഃ = ഉത്ഥിതമായി. ജാതവേദാഃ = അഗ്നി, ത്രൈലോക്യത്തെ കിടുക്കവിക്കുന്ന ക്ഷോഭം കേട്ടു പെട്ടെന്നു പുറപ്പെട്ട യുദ്ധത്തിനൊരുങ്ങുന്ന പാഷണ്ഡവേഷധാരികളായ ത്രിപുരന്മാരെ കണ്ടപ്പോൾ കോപം സഹിക്കവയ്യാതായി കാമാന്തകൻ ശരം ആകർഷിച്ചുംകൊണ്ടു നിന്നു. അപ്പോൾ നെറ്റിത്തടത്തിലെ കണ്ണിൽനിന്നു തീ പുറപ്പെട്ടു. വൃത്തം സ്രഗ്ദ്ധര.

൯൯. കല്പാ.........ഉലനാ = പ്രളയകാലത്തു ഉദ്ദീപിച്ച അഗ്നിയോടു സാദൃശ്യം. കോടരാന്തരാളം = ത്വക്കശത്തിന്റെയും ഉടലിന്റെയും മധ്യത്തെ. മൂളുന്ന് = ചെയ്തുന്ന്. അതികഠിനം (ക്രി. വി.) ഉച്ചൈരകൈഃ = ഉയരത്തിൽ. ഉദഞ്ചൽ = ഉജ്ജ്വലിക്കുന്ന ആത്മാവോടുകൂ

രിയതയായിട്ട്. ദഗ്ദ്ധ്വാ = ദഹിപ്പിച്ചിട്ട്. ത്രിലോകീം = ത്രൈലോക്യത്തെ, ഭസ്മീകർത്തും = ഭസ്മമാക്കുവാൻ ജഗത്.........ശിഖഃ = ലോകത്തെ ഭക്ഷിക്കുശീലമായ ശബ്ദായമാനങ്ങളായ ജ്വാലകളോടുകൂടിയതായിട്ട്. കൃഷ്ണവർത്മാ = അഗ്നി. ദിദീപേ = ദീപിച്ചു. പ്രളയകാലത്തു കത്തിജ്വലിക്കുന്ന അഗ്നിയോടു തുല്യമായി, ഭൂമിയുടെയും ആകാശത്തിന്റെയും മദ്ധ്യം കത്തിക്കാളിച്ച്, കഠിനമായി ശബ്ദിച്ചുകൊണ്ട്, ക്ഷണത്തിൽ കടന്നുപിടിച്ച് അതിനെ ഭസ്മമാക്കി, മൂന്നു ലോകങ്ങളും ഭസ്മമാക്കുവാൻവേണ്ടി, സർവ്വലോകങ്ങളെയും തിന്നൊടുക്കുന്ന അഗ്നി ജ്വലിച്ചു. വൃത്തം സ്രഗ്ദ്ധര.

൮൦. ദഗ്ദ്ധ്വാ ഉഗ്രം = (ക്രി. വി.) ഉഗ്രതയാൽ ഉദഗ്രമാകുംവണ്ണം. പുരാണാംത്രയം = ത്രിപുരങ്ങളെ. അഗ്നിദേവം = അഗ്നി. ഗ്രസിഷ്ണും = വിഴുങ്ങുവാൻ. അതിതരാം = ഏറ്റവും. ദിക്ഷു = ദിക്കുകളിൽ. ജ്വാജ്വല്യമാനേ = ഏറ്റവും ജ്വലിക്കുന്ന സമയത്ത്. ഉൽഭ്രാന്താഃ = ഉൽകടമാംവണ്ണം ഭ്രാന്തരായ. ദേവാഃ = ദേവന്മാർ. ദ്രുഹിണഹരിമുഖാഃ = ദ്രുഹിണൻ (ബ്രഹ്മാവ്) വിഷ്ണു മുതലായ (ദേവാഃ എന്നതിന്റെ വിശേഷണം) ക്ഷിപ്രം = വേഗം. ആവിർഭവന്തഃ = പ്രത്യക്ഷീഭവിക്കുന്നവരായിട്ട്. സുപ്രീത്യൈ = സുപ്രസാദത്തിനായി. തുഷ്ടുവുഃ = സ്തുതിച്ചു. ദിവി = ദ്യോവിലും. ദിവിചരാഃ = വ്യോമചാരികൾ. വർഷുകാഃ = വർഷിക്കുന്നവരായിട്ട്. പുഷ്പപാളീം = പുഷ്പനിരയെ. ത്രിപുരത്തെ അഗ്നി നിമിഷംകൊണ്ടു ദഹിപ്പിച്ച് ത്രൈലോക്യം വിഴുങ്ങുവാൻവേണ്ടി ആ മഹാഗ്നി ദിക്കുകളിൽ ജ്വലിപ്പാൻ തുടങ്ങിയപ്പോൾ ബ്രഹ്മവിഷ്ണുപ്രഭൃതികളായ ദേവന്മാർ പരിഭ്രമിച്ചു പ്രത്യക്ഷമായി ശിവനെ പ്രസാദിപ്പിപ്പാൻ സ്തുതിച്ചു. ആകാശചാരികൾ ദ്യോവിലും പുഷ്പവൃഷ്ടി ചെയ്തു സ്തുതിച്ചു. വൃത്തം സ്രഗ്ദ്ധര.

ഗദ്യം ൧. ജയജയ = ജയിച്ചാലും ജയിച്ചാലും. സുരജനപരിവൃഢ = ദേവശ്രേഷ്ഠ! ശങ്കര = ശിവ! പദ.............ശങ്കര = പദപത്മങ്ങളുടെ നമസ്കാരത്തിൽ രതരായ ജനങ്ങൾക്കു ശുഭം ചെയ്യുന്നവനേ! സകല.............കിങ്കര = എല്ലാ ദേവാസുരന്മാരുമാകുന്ന ഭൃത്യന്മാരായ കിങ്കരന്മാരോടു കൂടിയവനേ! സാരസ്യാൽ.............ഭയങ്കര = ക

ണ്ണിൽപ്പെട്ട ദുർജ്ജനസംഘങ്ങൾക്കു ഭയങ്കരനായവനേ! ഭസിത......
......വസുധ=ഭസ്മത്തിന്റെ ശുഭ്രശോഭകൊണ്ടു മനോഹരനായവ
നേ! ഭുവന............ധുരന്ധര=ലോകങ്ങളുടെ സംരക്ഷണാദികാര്യ
ങ്ങളിൽ ഭാരവാഹിയായവനേ! ഭീഷണ............കന്ധര=ഭയങ്കര
മായ വിഷംകൊണ്ടു കറുത്ത കഴുത്തോടുകൂടിയവനേ! ഭീമഭവാപഹ=
ഘോരസംസാരത്തെ ഹനിക്കുന്നവനേ! കരുണാമനോഹര=കരുണകൊ
ണ്ടു മനോഹരനായവനേ! ചരണ............ലോചന=സൂര്യനും ചന്ദ്ര
നും അഗ്നിയുമായ കണ്ണുകളോടു കൂടിയവനേ! ഭൂഷണ............ഭൂഷ
ണ=മുണ്ഡപ്രകരം (കപാലമാല) കൊണ്ടു ശോഭിക്കുന്ന ഭൂഷണങ്ങ
ളോടുകൂടിയവനേ! ഗണ്ഡ............മണ്ഡിത=ഗണ്ഡങ്ങളിൽ പ്രതിഫ
ലിച്ച ഉരുവായ (വലിയ) മണികളുടെ കാന്തിയോടുകൂടിയ കുണ്ഡലിക
ളെക്കൊണ്ടു കൃതമായ കുണ്ഡലങ്ങളാൽ അലങ്കരിക്കപ്പെട്ടവനേ! മന്ദ
............ബര=മന്ദസ്മിതകാന്തികൊണ്ട് ആകാശത്തെ നിർമ്മലമാ
ക്കിയവനേ! ദന്തി............ബര=ആനയുടെ പുതിയ തോൽകൊണ്ടു
വസ്ത്രം ധരിച്ചവനേ! സന്ത............ലയ=സന്തർപ്പണം ചെയ്യപ്പെട്ട
മുനിമാരിലുള്ള പരമൈശ്വര്യപ്രിയമായവനേ! കന്ദർപ്പാന്തക=കാമാ
ന്തക! പാലയ പാലയ=രക്ഷിച്ചാലും രക്ഷിച്ചാലും. പുഷ്പ............
ശരാസന=പൂവമ്പന്റെ ദർപ്പം കളഞ്ഞവനേ! കല്പപാദപ=കല്പവൃക്ഷ
മേ! ഭക്തിശാലിഷു=ഭക്തിയുള്ളവരിൽ. സർപ്പ............ഹുതവഹ=
വ്യാപിക്കുന്ന അതികഠിനമായ നേത്രാഗ്നിയോടു കൂടിയവനേ! ത്രിപു
............വിദഹന=ത്രിപുരമായ ദൈത്യസമൂഹത്തെ നശിപ്പിക്കുന്നവ
നേ! വിഹിത.........രക്ഷണ=സർവ്വലോകങ്ങളുടെയും രക്ഷണത്തെ
ചെയ്യുവനേ! കര.........കൃതാന്ത=കരത്തിങ്കൽ ക്ഷണനാദം ചലിത
മായ ശൂലംകൊണ്ടു കൃതാന്തനെ (യമനെ) മട്ടിച്ചവനേ! കൃതാന്തരാ
യ.........മദമോദ=കൃതാന്തരായമായ (വിഘ്നം വരുത്തപ്പെട്ട) പുര
രിപുപുരസ്ത്രീകളുടെ (പുരവാസികളായ ശത്രുക്കളുടെ സ്ത്രീകളുടെ) മദമോ
ദത്തോടു കൂടിയവനേ! മദമോദമോഹിത=വിഷ്ണുപ്രിയ! മകരകേതു
.........തായമാന=മകരകേതുരാജ്ഞിയുടെ (രതിദേവിയുടെ)
വാത്സല്യപ്രവാഹത്തിനു ഭേകമെന്നപോലെ ആചരിക്കുന്നവനേ
(കാമപത്നിയായ രതിദേവിക്കു കരയുവാനിടയാക്കിയവനേ). തായ
മാന.........സ്തൂയമാന=തായമാനന്മാരായ (പൊരുകിയ) കിന്നരകിര

പുരുഷന്മാരുടെ ഗുണങ്ങളാൽ സ്തുതിക്കപ്പെടുന്നവനേ! യമ.........ദിജാത=സ്വാധിപാദിജാതരെ (അസുരഗണത്തെ) യമാലയത്തിൽ നിവേശിപ്പിച്ചവനേ! പാരിജാത.........കാന്താര=പാരിജാതത്തെ മിതിനുള്ള പാദപവർഗ്ഗത്തിന്റെ പാരമ്പര്യം (കാവുതന്നെ) ആയ കോടീരകാന്താരത്തോടു (ജടാവനത്തോടു) കൂടിയവനേ! കാന്താ.........പ്രകാശമാന=കാന്തയെക്കൊണ്ടു രമണീയമായ വാമാങ്കദേശത്താൽ പ്രകാശിക്കുന്നവനേ! കാശമാന.........കര=കാശമാനന്മാരുടെ (ശൂരന്മാരുടെ) ശമനത്തിങ്കൽ സമർത്ഥമായ ആകാരത്തോടു കൂടിയവനേ! രാക.........കടാക്ഷ=ചന്ദ്രനെപ്പോലെ ശീതളകാന്തികളായ കടാക്ഷങ്ങളോടു കൂടിയവനേ! വികട..................കമാര=വികടവും അക്ഷയവുമായ കർമ്മമാകുന്ന സമുദ്രത്തിന്റെ ചുളുകീകരണത്തിൽ (പാനത്തിൽ) കലശീസുതൻ (കുംഭോത്ഭവൻ) ആയവനേ! കുമാരപ്രിയജനക=സുബ്രഹ്മണ്യന്റെ പ്രിയപിതാവേ! യജന...........ദ്രുപ=യജനകർമ്മത്തിൽ കർത്താവായ ദക്ഷന്റെ ക്ഷപണത്തിനുവേണ്ടി ആദൃതം (ധൃതം) ആയ ഘോരവീരഭദ്രരൂപത്തോടുകൂടിയവനേ! ചാരു...........സാരസ=പരശുകൊണ്ടു വിലസിക്കുന്ന കരാരവിന്ദത്തോടു കൂടിയവനേ! സ്മര..............കബളന=സ്മരനെ (ശക്തി) ഏറിയതും ദീപ്രങ്ങളുമായ കണിസംഘങ്ങളോടുകൂടിയതുമായ ഉരഗത്തിന്റെ ഭോഗങ്ങളെ കബളനം ചെയ്യുവനേ! കബളന............സമാധാന=കബളനം (തൃപ്തിപൂർണ്ണസംഹരണം)കൊണ്ടു സമസ്തഭുവനങ്ങളുടെയും സമാധാനത്തെ (ഭയത്തെ) കളഞ്ഞവനേ! സമാധാന............ധര=സാധുവാദവും അസാധാരണമായതും ധാരാളം (ധാരാവാഹി) ആയുമുള്ള ദശനാവലിയെ (മന്ദസ്മിതയെ) ധരിക്കുന്ന അധരത്തോടുകൂടിയവനേ! ധര............വിവർത്ത=ധരാധരാത്മജയുടെ (ശ്രീപാർവ്വതിയുടെ) പുണ്യപൂരത്തിന്റെ വിവർത്തം (പരിണാമം) ആയവനേ! രവി............ചതുര=രവിയുടെ വർദ്ധമാനമായ (വർദ്ധിക്കുന്ന) തേജസ്സിന്റെ പ്രചണ്ഡതയുടെ ഖണ്ഡനത്തിൽ നിപുണനായവനേ! ചതുര............സ്തുത=നാലുവേദങ്ങളാലും ചെയ്യപ്പെട്ട സ്തുതിയോടുകൂടിയവനേ! നതോസ്തുത=നിന്തിരുവടിക്കു നമസ്കാരം ഭവിക്കട്ടെ. ശേഷം സ്പഷ്ടം. ഇതിൽ കർണ്ണാനന്ദകരമായ അനുപ്രാസം ശബ്ദാലങ്കാരം.

വ്യ൧. ഇത്ഥം=ഇപ്രകാരം. കാന്ത്യാ=കാന്തിയോടുകൂടി. ത്രിദശ....................ശ്ലാഘനാം=ദേവന്മാരുടെ സ്തുതിയാകുന്ന വിലയശ്ലാഘയെ. സമ്ഭ്യ............പരിഭവം=പെട്ടെന്നു മനസ്സിലുണ്ടായ കോപാഗ്നിയുടെ പരിഭവത്തോടുകൂടിയവനായി. സാന്ദ്ര............ദ്രമം=സാന്ദ്രമായ കാരുണ്യത്തിന്റെ അതിശയത്തോടു കൂടിയവനായിട്ട്. പ്രസാദം=സന്തോഷം. വചസാ=വാക്കുകൊണ്ട്. ദേവസംഘാൻ=ദേവസമൂഹങ്ങളെ. വിസൃജ്യ=അയച്ചിട്ട്. സ്വസ്ഥാനമാം=സ്വസ്ഥമാന സനാഥം. മേരുധന്വാ=മഹാമേരു ധനുസ്സായവൻ (ശിവൻ), എഴുന്നള്ളി=എഴുന്നള്ളി. കൈലാസശൈലേ=കൈലാസാദ്രിയിൽ. ദേവകളുടെ സ്തുതികേട്ടു പെട്ടെന്നു കോപാഗ്നി ശമിച്ചു കരുണ വളർന്നു ഭഗവാൻ നല്ല വാക്കു പറഞ്ഞു ദേവകളെ അയച്ചു സ്വസ്ഥമാനസനായി കൈലാസത്തിലേക്കെഴുന്നള്ളി. വൃത്തം സ്രഗ്ദ്ധര.

വ്യ൨. കൈലാസാധിത്യകായാം=കൈലാസത്തിന്റെ അഗ്രഭൂമിയിൽ. കനക............മന്ദിരേ=കനകംകൊണ്ടും രത്നങ്ങൾകൊണ്ടും നിർമ്മിക്കപ്പെട്ട മഹാഗൃഹത്തിൽ. ബന്ധുരശ്രീ=മനോഹരകാന്തി. മാണിക്യതല്പേ=മാണിക്യമയമായ തല്പത്തിൽ. ആദരാത്=ആദരവോടുകൂടി. അദ്രികന്യാം=ശ്രീപാർവ്വതിയെ. ലീലാലോലം (ക്രി. വി)=ലീലയിൽ ഇച്ഛയോടുകൂടി. വദനകമലം=മുഖപദ്മം. പരമാനന്ദസിന്ധൌ=പരമാനന്ദസമുദ്രത്തിൽ. പുരരിപുഭഗവാൻ=ശിവൻ. പൂർണ്ണസൌഖ്യം (ക്രി. വി.)=തികഞ്ഞ സൌഖ്യത്തോടുകൂടി. ന്യവാത്സീൽ=നിവസിച്ചു. കൈലാസത്തിന്റെ മുകളിൽ, കനകമണിമന്ദിരത്തിൽ, മാണിക്യതല്പത്തിൽ ശ്രീപാർവ്വതിയെ ലാളിച്ചുംകൊണ്ടു ഭഗവാൻ സുഖമായി വസിച്ചു.

കേരള സാ[illegible]
അക്കാദ[illegible]

ഭാഷാപരിഷ്കരണക്കമ്മിററി വക

# പുസ്തകങ്ങൾ.

| | | | | | |
|---|---|---|---|---|---|
| 1. | കിൎമ്മീരവധം ആട്ടക്കഥ | (സവ്യാഖ്യാനം) | 0 | 5 | 0 |
| 2. | ഉത്തരാസ്വയംവരം ആട്ടക്കഥ | ,, | 0 | 4 | 0 |
| 3. | ഭാഗവതം ഇരുപത്തിനാലുവൃത്തം | ,, | 0 | 10 | 4 |
| 4. | ഗൌരീചരിതം ഭാഷാചമ്പു | ,, | 0 | 8 | 0 |
| 5. | കാലകേയവധം തുള്ളൽ | ,, | 0 | 6 | 0 |
| 6. | തോരണയുദ്ധം പാന | ,, | 0 | 10 | 0 |
| 7. | രാമായണം 24 വൃത്തം | (സവ്യാഖ്യാനം) | 0 | 6 | 0 |
| 8. | വിഷവൈദ്യം പാട്ട് | | 0 | 2 | 0 |
| 9. | ജ്യോത്സ്നിക (വിഷവൈദ്യം) | | 0 | 8 | 0 |
| 10. | പാൎവ്വതീപരിണയം കിളിപ്പാട്ട് | | 0 | 8 | 0 |
| 11. | മനുഷ്യാലയചന്ദ്രിക തച്ചുശാസ്ത്രം | (സവ്യാഖ്യാനം) | 0 | 12 | 0 |
| 12. | രാവണോത്ഭവം ഭാഷാചമ്പു | (സവ്യാഖ്യാനം) | 0 | 8 | 0 |
| 13. | വിച്ഛിന്നാഭിഷേകം ഭാഷാചമ്പു | ,, | 0 | 8 | 0 |
| 14. | സുഗ്രീവസഖ്യം ഭാഷാചമ്പു | ,, | 0 | 8 | 0 |
| 15. | അംഗുലീയാങ്കം ഭാഷാചമ്പു | ,, | 0 | 8 | 0 |
| 16. | ഉദ്യാനപ്രവേശം ഭാഷാചമ്പു | ,, | 0 | 8 | 0 |
| 17. | മണിമേഖല (സുപ്രസിദ്ധമായ തമിഴ് ഗ്രന്ഥത്തിന്റെ തൎജ്ജമ) | | 1 | 0 | 0 |
| 18. | ചിലപ്പതികാരം | ,, | 1 | 8 | 0 |
| 19. | ശ്രീരാമാശ്വമേധം കിളിപ്പാട്ട് | | 2 | 8 | 0 |
| 20. | സഹകരണപ്രസ്ഥാനം (കെ. എം.) | | 1 | 0 | 0 |
| 21. | സാഹിത്യദൎപ്പണം (ആദ്യത്തെ 5 പരിച്ഛേദം) | | 1 | 8 | 0 |
| 22. | സമസ്തകേരളസാഹിത്യപരിഷത്തിന്റെ ദ്വിതീയസമ്മേളനറിപ്പോർട്ട് | | 2 | 8 | 0 |
| 23. | ആദ്യദ്രാവിഡഭാഷകളുടെ പരസ്പരബന്ധം (ഡോക്ടർ എൽ. എ. രവിവൎമ്മ) | | 1 | 12 | 0 |

സിക്രട്ടറി, ഭാഷാപരിഷ്കരണക്കമ്മിററി,

ചെമ്പൂക്കാവ്, തൃശ്ശിവപേരൂർ.